Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 17 / PAGES 32
23
ഒക്ടോബർ 2024
ബുധനാഴ്ച
1200 തുലാം 7

www.vachakam.com
news@vachakam.com

01 America | 13 Canada | 14 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## ഇതുവരെ രേഖപ്പെടുത്തിയത് 25 ദശലക്ഷം വോട്ടുകൾ




# യുഎസിൽ ഇഞ്ചോടിഞ്ച് പോരാട്ടം

ഫിലാഡൽഫിയ: പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ അന്തിമപോരാട്ട ചൂടിലാണ് അമേരിക്ക. ഇന്ത്യൻ വംശജയും ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയുമായ കമലാ ഹാരിസും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ പ്രസിഡന്റുമായ ഡൊണാൾഡ് ട്രംപും തമ്മിലുള്ള നേർക്കുനേർ പോരാട്ടമാണ് നടക്കുന്നത്. വിജയിച്ചാൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുമെന്ന വാഗ്ദാനങ്ങൾ ഇരുകൂട്ടരും നൽകിക്കഴിഞ്ഞു. ഇനി അത് വോട്ടർമാരുടെ മനസിൽ എത്രമാത്രം ആഴത്തിൽ പതിച്ചു എന്ന് തിരിച്ചറിയുന്ന ദിനങ്ങളാണ്. ഈ അവസാന നിമിഷം എത്തുമ്പോഴും ഇഞ്ചോടിഞ്ച് പോരാട്ടമാണ് പ്രവചിക്കപ്പെടുന്നത്. ദശലക്ഷക്കണക്കിന് യുഎസ് വോട്ടർമാർ ഇതിനകം തന്നെ തെരഞ്ഞെടുപ്പിലേക്ക് നീങ്ങിക്കഴിഞ്ഞു. ഫ്ളോറിഡ യൂണിവേഴ്സിറ്റിയിലെ ഇലക്ഷൻ ലാബിൽ നിന്നുള്ള ട്രാക്കിംഗ് ഡാറ്റ അനുസരിച്ച്, ഏകദേശം 25 ദശലക്ഷം വോട്ടർമാർ നേരത്തെയുള്ള വോട്ടിംഗിലൂടെയോ മെയിൽ-ഇൻ ബാലറ്റിലൂടെയോ തങ്ങളുടെ സമ്മതിദാനാവകാശം രേഖപ്പെടുത്തിക്കഴിഞ്ഞു. നോർത്ത് കരോലിനയും ജോർജിയയും ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങൾ കഴിഞ്ഞയാഴ്ച നേരത്തെയുള്ള വോട്ടിംഗിന്റെ ആദ്യ ദിനത്തിൽ റെക്കോർഡുകൾ സ്ഥാപിച്ചിരുന്നു.ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥി കമല ഹാരിസ് ബുധനാഴ്ച പെൻസിൽവാനിയയിലെ ടെലിവിഷൻ ടൗൺ ഹാളിൽ നിഷ്പക്ഷ വോട്ടർമാരുടെ പിന്തുണ തേടും. അതേസമയം റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപ് ജോർജിയയിൽ തന്റെ പ്രചരണം നടത്തും.'ജോർജിയയിലെ വോട്ടുകൾ റെക്കോർഡ് തലത്തിലാണ്. ബാലറ്റുകളും വിശ്വാസികളും തമ്മിലുള്ള പോരാട്ടം' ജോർജിയയിലെ സെബുലോണിൽ നടന്ന ഒരു മതപരമായ പരിപാടിയിൽ ട്രംപ് പറഞ്ഞു. എല്ലാ സംസ്ഥാനങ്ങളിലെയും വോട്ടുകൾ റെക്കോർഡ് തലത്തിലാണ്. തങ്ങൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. തങ്ങളുടെ രാജ്യത്തെ മികച്ചതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ട്രംപ കൂട്ടിച്ചേർത്തു.നവംബർ 5 ന് നടക്കുന്ന തിരഞ്ഞെടുപ്പിന് രണ്ടാഴ്ചയിൽ താഴെ മാത്രം ശേഷിക്കെ, ഏറ്റവും മത്സരമുള്ള

ശേഷം പേജ് 8ൽ

## പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻ ചൈന ശ്രമിക്കുന്നു: മൈക്രോസോഫ്റ്റ്

വാഷിംഗ്ടൺ : യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻ ചൈന ശ്രമിക്കുന്നതായി മൈക്രോസോഫ്റ്റ്. ചൈനീസ് നിയന്ത്രിത സോഷ്യൽ മീഡിയ ബോട്ടുകൾ ഫ്ലോറിഡയിലെ സെനറ്റർ മാർക്കോ റൂബിയോയെ അപകീർത്തിപ്പെടുത്തിക്കൊണ്ട് അലബാമ, ടെക്സസ്, ടെന്നസി എന്നിവിടങ്ങളിലെ വോട്ടർമാരെ സ്വാധീനിക്കാൻ ശ്രമിക്കുന്നതായി മൈക്രോസോഫ്റ്റ് ബുധനാഴ്ച പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. വ്യാജ അക്കൗണ്ടുകൾ സൃഷ്ടിച്ച് അലബാമയിലെ ജനപ്രതിനിധി ബാരി മൂർ, ടെക്സസിലെ പ്രതിനിധി മൈക്കൽ മക്കോൾ, ടെന്നസിയിലെ സെനറ്റർ മാർഷ ബ്ലാക്ക്ബേൺ, റൂബിയോ എന്നിവരെ അപകീർത്തിപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതായി മൈക്രോസോഫ്റ്റ് പറഞ്ഞു.ചൈനീസ് നിയന്ത്രിത അക്കൗണ്ടുകൾ ഇസ്രായേലിനുള്ള മൂറിന്റെ പിന്തുണയെ വിമർശിക്കുകയും യഹൂദവിരുദ്ധ ഭാഷ ഉപയോഗിക്കുകയും ചെയ്തു. അതേ സമയം റൂബിയോ ഒരു സാമ്പത്തിക അഴിമതി പദ്ധതിയുടെ ഭാഗമാണെന്നും അക്കൗണ്ടുകൾ അവകാശപ്പെടുന്നു. മൂർ, മക്കോൾ, ബ്ലാക്ക്ബേൺ എന്നിവരെല്ലാം അടുത്ത മാസം നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നുണ്ട്.അതേസമയം ഈ അക്കൗണ്ടുകളുടെ സ്വാധീനശ്രമം വലിയ അളവിൽ വിജയിച്ചിട്ടില്ലെന്ന് മൈക്രോസോഫ്റ്റ് ഗവേഷകർ കണ്ടെത്തി. സോഷ്യൽ മീഡിയ പോസ്റ്റുകൾ എത്ര അമേരിക്കക്കാർ കണ്ടു എന്നതിന്റെ കണക്കുകൾ ഒന്നും റിപ്പോർട്ട് നൽകിയിട്ടില്ല.

**ദിവ്യശാസനയിൽ ഒരു ആത്മഹത്യ**
(ഡോ. സെബാസ്റ്റ്യൻ പോൾ എഴുതുന്നു) — പേജ് 5

**ഇന്ത്യ-കാനഡ നയതന്ത്ര തർക്കത്തിന്റെ നാൾവഴികൾ** — പേജ് 11

**രാഷ്ട്രീയ കൊലപാതകം 'പ്രോട്ടോകോൾ' നിഴലിൽ** — പേജ് 15

**മണ്ണിടിഞ്ഞ് എല്ലാം നഷ്ടപ്പെട്ടവർക്കു മേൽ ഭരിക്കുന്നവരുടെ 'സർജിക്കൽ സ്ട്രൈക്ക്'** — പേജ് 22

**ഇരു സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പാർട്ടികൾക്കെല്ലാം അങ്കലാപ്പ്** — പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ഉക്രെയ്നിന് 50 ബില്യൺ ഡോളർ വായ്പാ പാക്കേജുമായി യുഎസും പാശ്ചാത്യ സഖ്യകക്ഷികളും




വാഷിങ്ടൺ: ഉക്രെയ്നിന് 50 ബില്യൺ ഡോളറിന്റെ വായ്പാ പാക്കേജുമായി മന്നോട്ട് പോകുമെന്ന് ഉറപ്പിച്ച് യുഎസും പാശ്ചാത്യ സഖ്യകക്ഷികളും. മരവിപ്പിച്ച റഷ്യൻ ആസ്തികളുടെ ലാഭത്തിന്റെ പിന്തുണയോട് കൂടെയായിരിക്കുമിത്. അതിൽ യുഎസ് സംഭാവന 20 ബില്യൺ ഡോളർ ഉൾപ്പെടുമെന്ന് വൈറ്റ് ഹൗസ് പ്രഖ്യാപിച്ചു.

ജി 7 പാക്കേജിന്റെ ഭാഗമായി, ഉക്രെയ്നിന് ഞങ്ങൾ 20 ബില്യൺ ഡോളർ വായ്പ നൽകും. അത് കണ്ടുകെട്ടിയ റഷ്യൻ പരമാധികാര ആസ്തികളിൽ നിന്നുമുള്ള പലിശയും ചേർത്താണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നികുതിദായകർക്ക് ഭാരം ചുമത്താതെ ഉക്രെയ്നിന് ഇപ്പോൾ ആവശ്യമായ സഹായം ലഭിക്കുമെന്നും യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഔദ്യോഗികമായി പ്രഖ്യാപിച്ച പ്രസ്താവനയിൽ പറഞ്ഞു.

ഈ ഡിസംബറോടെ അമേരിക്കയുടെ 20 ബില്യൺ ഡോളർ വായ്പയുടെ പകുതിയെങ്കിലും വിതരണം ചെയ്യാനാകും. വായ്പയുടെ പകുതി സാമ്പത്തിക സഹായത്തിനും രണ്ടാം പകുതി കീവിനുള്ള അധിക സൈനിക സഹായത്തിനും ഉപയോഗിക്കാനാണ് ഭരണകൂടം പദ്ധതിയിടുന്നത്.

'ഞങ്ങൾ ഒന്നുകിൽ 20 ബില്യൺ ഡോളർ നൽകാൻ പോകുന്നു. എന്നാൽ വിദേശ സൈനിക ധനസഹായം, ലോൺ ഗ്യാരണ്ടി അതോറിറ്റികൾ എന്നിവയിലൂടെ ഞങ്ങളുടെ സഹായത്തിന്റെ പകുതി സൈനിക പിന്തുണയിലൂടെ നൽകാൻ മതിയായ അധികാരം ലഭിക്കമോ എന്ന് വിലയിരുത്താൻ കോൺഗ്രസുമായി ആലോചിക്കേണ്ടതുണ്ടെന്ന് വൈറ്റ് ഹൗസ് ഡെപ്യൂട്ടി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ദലീപ് സിംഗ് പറഞ്ഞു.

മറ്റ് 30 ബില്യൺ ഡോളർ സഹായം യൂറോപ്യൻ യൂണിയനിൽ നിന്നും യു.കെ, കാനഡ, ജപ്പാൻ എന്നിവയുൾപ്പെടെയുള്ള ജി 7 പങ്കാളികളിൽ നിന്നുമാണ് ലഭിക്കുക.

## American Diary — 50 Years Ago

### *Air Force Fires ICBM Successfully From Plane*



The U.S. Air Force successfully fired a Minuteman I intercontinental ballistic missile (ICBM) that had been dropped from a C5A military transport aircraft at an altitude of 20,000 feet (6,100 m) off the coast of southern California. The missile was the largest object ever dropped from an airplane.

The Air Force, in a step toward development of a strategic missile with mobility in the air and on land, has successfully testfired for the first time an Intercontinental ballistic missile dropped from an airplane, the Defense Department announced today.

A Minuteman 1 missile, normally launched from an underground silo, was fired after being dropped from a C5A transport flying at 20,000 feet over the Pacific Ocean off the Southern California coast.

October 24, 1974

# 'ട്രംപ് ജയിച്ചാൽ യുഎസിന്റെ സ്ഥിതി എന്താകുമെന്ന് ആഗോള നേതാക്കൾക്ക് ഭയമുണ്ട്'; ബൈഡൻ

കോൺകോർഡ്: യുഎസ് തിരഞ്ഞെടുപ്പിൽ ട്രംപ് ജയിച്ചാൽ രാജ്യത്തിന്റെ സ്ഥിതി എന്താകുമെന്നതിൽ ആഗോള നേതാക്കൾക്ക് ഭയമുണ്ടെന്ന് പ്രസിഡന്റ് ജോ ബൈഡൻ. ഞാൻ പങ്കെടുക്കുന്ന എല്ലാ അന്താരാഷ്ട്ര മീറ്റിംഗുകളിലും ഈ ആശങ്ക നേതാക്കൾ ഉന്നയിക്കുന്നുണ്ട്. കഴിഞ്ഞയാഴ്ച ജർമ്മനിയിലേക്കുള്ള തന്റെ യാത്രയെ പ്രത്യേകമായി പരാമർശിച്ചുകൊണ്ട് ബൈഡൻ പറഞ്ഞു.



ട്രംപിനും അദ്ദേഹത്തിന്റെ 'മേക്ക് അമേരിക്ക ഗ്രേറ്റ് എഗെയ്ൻ' എന്ന പ്രസ്ഥാനത്തെ പിന്തുണയ്ക്കുന്നവർക്കും ഭരണഘടനയുടെ പ്രവർത്തനരീതിയോട് ജനാധിപത്യ വിരുദ്ധ മനോഭാവമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഡൊണാൾഡ് ട്രംപ് ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചാൽ എന്ത് സംഭവിക്കുമെന്ന് ജനങ്ങൾ ചിന്തിക്കണമെന്നും ബൈഡൻ പറഞ്ഞു.

ന്യൂ ഹാംഷെയറിൽ ആരോഗ്യ പരിപാലനത്തെക്കുറിച്ചുള്ള പരിപാടിയിൽ പങ്കെടുക്കുമ്പോഴായിരുന്നു ബൈഡന്റെ പ്രതികരണം. പരിപാടിക്ക് ശേഷം ന്യൂ ഹാംഷെയർ ഡെമോക്രാറ്റിക് സ്ഥാനാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി ബൈഡൻ പ്രചാരണ ഓഫീസിലേക്ക് പോയി.

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy

**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

# യു.എസ് തിരഞ്ഞെടുപ്പിൽ ലേബർ പാർട്ടിയുടെ ഇടപെടൽ; തിരഞ്ഞെടുപ്പ് കമ്മിഷന് പരാതിയുമായി ട്രംപ്



ന്യൂയോർക്ക്: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ യുകെയിലെ ലേബർ പാർട്ടി ഇടപെടുന്നുവെന്ന് ആരോപിച്ച് മുൻ പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ഡോണൾഡ് ട്രംപ്.

വൈസ് പ്രസിഡന്റും ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയുമായ കമല ഹാരിസിനുവേണ്ടി ലേബർ പാർട്ടി അംഗങ്ങൾ അമേരിക്കയിൽ പ്രചാരണം നടത്തുന്നുവെന്നാണ് ട്രംപിന്റെ അസാധാരണ പരാതിയിൽ വ്യക്തമാക്കുന്നത്.

സംഭവത്തിൽ അന്വേഷണമാവശ്യപ്പെട്ട് ട്രംപിന്റെ പ്രചാരണ സംഘം തിരഞ്ഞെടുപ്പ് കമ്മിഷന് കത്ത് നൽകി.

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന നിർണായക സംസ്ഥാനങ്ങളിൽ കമലാ ഹാരിസിനുവേണ്ടി അംഗങ്ങളെ യുകെ ലേബർ പാർട്ടി റിക്രൂട്ട് ചെയ്യുന്നുവെന്നാണ് ട്രംപിന്റെ പരാതി.

അമേരിക്കൻ തിരഞ്ഞെടുപ്പിൽ ഇടപെടൽ നടത്താനുള്ള ലേബർ പാർട്ടിയുടെ നീക്കമായാണ് ഇതിനെ ട്രംപ് കാണുന്നത്.

# മസ്കിന്റെ 1 മില്യൺ ഡോളർ പ്രഖ്യാപനം നിയമവിരുദ്ധം; കത്തയച്ച് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്



വാഷിങ്ടൺ: യു.എസിൽ ഓരോ വോട്ടർമാർക്കും ദിവസേന ഒരു മില്യൺ ഡോളർ വീതം നൽകുമെന്ന ഇലോൺ മസ്കിന്റെ പ്രഖ്യാപനം ഫെഡറൽ നിയമത്തിന്റെ ലംഘനമാണെന്ന് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്. ഇത് ചൂണ്ടിക്കാട്ടി എലോൺ മസ്കിന്റെ അമേരിക്ക പിഎസിക്ക് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് കത്ത് അയച്ചു.

ഭരണഘടനാവകാശങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പെറ്റീഷൻ ഒപ്പിടുന്നവർക്കാണ് മസ്ക് പാരതോഷികം പ്രഖ്യാപിച്ചത്. അഭിപ്രായസ്വാതന്ത്ര്യവും ആയുധം കൈവശംവെക്കാനുള്ള അവകാശവും നൽകുന്ന, ഭരണഘടനയുടെ ഒന്നും രണ്ടും ഭേദഗതികളെ പിന്തുണയ്ക്കുന്നു എന്ന പെറ്റീഷനിൽ ഒപ്പിടുന്ന വോട്ടർമാരിൽ ഒരാൾക്കാണ് ഈ തുക നൽകുക.

പദ്ധതിയുടെ തുടക്കമെന്ന നിലയിൽ ശനിയാഴ്ച പെൻസിൽവേനിയയിലെ പരിപാടിയിൽ ജോൺ ഡ്രിഹെർ എന്നയാൾക്ക് തുകയുടെ ചെക്ക് മസ്ക് കൈമാറിയിരുന്നു . ഈ സമ്മാനം നിയമവിരുദ്ധമായി നീതിന്യായ വകുപ്പ് നിർണ്ണയിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. മസ്കിന്റെയും അദ്ദേഹത്തിന്റെ അമേരിക്ക പിഎസിയുടെയും പ്രതിനിധികൾ അഭിപ്രായത്തിനുള്ള അഭ്യർത്ഥനയോട് പ്രതികരിച്ചിട്ടില്ല.



# കൈരളിടിവി ഷോർട്ഫിലിം മത്സരത്തിലെ അവാർഡുകൾ വിതരണം ചെയ്തു

ന്യൂയോർക്കിലെ കേരള സെന്റർ ഓഡിറ്റോറിയത്തിൽ നടന്ന കൈരളിടിവി ഒരുക്കിയ ഷോർട്ട് ഫിലിം മത്സര വിജയികൾക്ക് മോമെന്റോയും ക്യാഷ് അവർഡും നൽകി. മികച്ച ഷോർട് ഫിലിം ഒയാസിസ് സംവിധായികയും രചനയും നിർവ്വഹിച്ച ശ്രീലേഖ ഹരിദാസിന് (സാന്റിയാഗോ കാലിഫോർണിയ) കൈരളി ടെലികാസ്റ്റ് ചെയ്ത അക്കരകാഴ്ചയിലെ അപ്പച്ചൻ റോൾ മനോഹരമാക്കിയ നടൻ പൗലോസ് പാലാട്ടി മോമെന്റോയും ക്യാഷ്അവാർഡും നൽകി.

മികച്ച നടിയായ (ഒയാസിസ്) ദീപ മേനോന് കേരള സെന്റർ വൈസ് പ്രസിഡന്റ് ഡെയ്സി സ്റ്റീഫൻ അവാർഡ് നൽകി. ഏറ്റവും മികച്ച നടനായി ജോസ്കുട്ടി വലിയകല്ലുങ്കൽ (മിക്സഡ് ജ്യൂസ്, പോസിറ്റീവ്) കൈരളി യുഎസ്എ റെപ്രസ്റ്റേറ്റിവ് ജോസ് കാടാപുറം മോമെന്റോയും ക്യാഷ് അവാർഡും നൽകി. പരിപാടിയുടെ എം.സി. സാറ സ്റ്റീഫൻ ആയിരുന്നു. അവാർഡ് ദാനചടങ്ങിന്റെ വീഡിയോ ഫോട്ടോ കൈരളി പ്രൊഡക്ഷൻ ഹെഡ് ജേക്കബ് മാനുവൽ പകർത്തി.

വടക്കേ അമേരിക്കയിലെ ചലച്ചിത്ര പ്രതിഭകളെ കണ്ടെത്താനുള്ള കൈരളി ടിവി യു.എസ്.എ ആരംഭിച്ച ഷോർട് ഫിലിം മത്സരത്തിൽ വിവിധ സ്റ്റേറ്റുകളിൽ നിന്ന് 40 ചിത്രങ്ങൾ പങ്കെടുത്തു. അമേരിക്കൻ മലയാളികളുടെ ജീവിത പരിസരങ്ങളെ അധികരിച്ച ലഘു ചിത്രങ്ങളാണ് മത്സസരത്തിൽ ഉണ്ടായിരുന്നത്. അമേരിക്കൻ പ്രവാസികൾക്കിടയിൽ വളർന്നു വരുന്ന ചലച്ചിത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പിന്തുണക്കുന്നതിനും വേണ്ടിയാണ് കൈരളി ടിവി ടീം ഈ ഷോർട് ഫിലിം മത്സരം സംഘടിപ്പിച്ചത്.

അധ്യാപികയും എഴുത്തുകാരിയും ആയ ദീപ നിശാന്ത് (അസിസ്റ്റന്റ് പ്രൊഫസർ, ശ്രീ വിവേകാനന്ദ കോളേജ്), കവിയും ന്യൂസ് ഡയറക്ടറുമായ ഡോ. എൻ.പി ചന്ദ്രശേഖരൻ എന്നിവർ ജൂറിമാരായ കമ്മിറ്റി ഫൈനൽ റൗണ്ടിലേക്ക് 11 ചലച്ചിത്രങ്ങൾ തെരഞ്ഞെടുത്തു. പ്രേക്ഷകരുടെ അഭിപ്രായം കൂടി തേടി മികച്ച ഹൃസ്വ ചലച്ചിത്രം തെരഞ്ഞെടുത്ത വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

മികച്ച ഹൃസ്വ ചിത്രം സാൻ ഡിയാഗോയിൽ നിന്നുള്ള ശ്രീലേഖ ഹരിദാസ് സംവിധാനം നിർവ്വഹിച്ച 'ഒയാസിസ് 'തെരഞ്ഞെടുക്കപ്പെട്ടു. തൃശൂർ സ്വദേശിയായ ശ്രീലേഖ സാൻ ഡിയാഗോയിൽ അറ്റോർണിയാണ്.

മികച്ച നടനായി മിക്സഡ് ജ്യൂസ്, പോസിറ്റീവ് എന്നീ ചിത്രങ്ങളിൽ അഭിനയിച്ച ജോസ്കുട്ടി വലിയകല്ലുങ്കൽ തെരഞ്ഞെടുക്കപ്പെട്ടു. അക്കരകാഴ്ചയിലെ നായകനായ ജോസ് ലോകത്തുള്ള മലയാളി പ്രവാസികൾക്ക് സുപരിചിതനാണ്. അക്കരകാഴ്ചയിലെ അഭിനയ മികവിന് ശേഷം മലയാള സിനിമയിലും, നാടകങ്ങളിലും പല വേഷങ്ങളിൽ അഭിനയിച്ചു. ജോലിക്കുപുറമെ കലാപ്രവർത്തനവും നടത്തുന്ന ജോസ്കുട്ടി ന്യൂജേഴ്സിയിൽ താമസിക്കുന്ന കോട്ടയം ജില്ലയിയിലെ വെളിയന്നൂർ സ്വദേശിയാണ്.

മികച്ച നടി ദീപ മേനോൻ (ചിത്രം ഒയാസിസ്) സാൻ ഡിയാഗോയിൽ ഐ.ടി രംഗത്ത് ജോലിചെയ്യുന്ന പാലക്കാട് പട്ടാമ്പി സ്വദേശിയാണ്. ആദ്യമായിട്ട് അഭിനയിച്ച ഷോർട് ഫിലിമിൽ തന്നെ അവാർഡ് ലഭിച്ചു.

11 ഷോർട്ഫിലിമുകളാണ് അവസാന റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. മത്സരത്തിൽ പങ്കെടുത്ത എല്ലാ ചിത്രങ്ങളും ഒന്നിന് ഒന്ന് മെച്ചമായിരുന്നു. അവസാന റൗണ്ടിൽ എത്തിയവരിൽ നിന്ന് മികച്ച ഷോർട്ഫിലിം, മികച്ച അഭിനേതാക്കൾ എന്നിവർക്കാണ് സമ്മാനങ്ങൾ നൽകുന്നത്. ഡോ. ജോൺ ബ്രിട്ടാസിന്റെ നേതൃത്വത്തിൽ വടക്കേ അമേരിക്കയിലെ കൈരളിടിവിയുടെ പ്രധിനിധികളായ ജോസ് കാടാപുറം, ജോസഫ് പ്ലാക്കാട്ട്, പ്രൊഡക്ഷൻ ഹെഡ് ജേക്കബ് മാനുവൽ എന്നിവർ നേതൃത്വം നൽകുന്നു.

# ഇല്ലിനോയി മലയാളി അസോസിയേഷൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം: വരണാധികാരികൾ

ഷിക്കാഗോയിലെ പ്രമുഖ മലയാളി സംഘടനയായ ഇല്ലിനോയി മലയാളി സോസിയേഷൻ അതിന്റെ 2025-26ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള പ്രാഥമിക നടപടി ക്രമങ്ങൾ ആരംഭിച്ചു. മുൻ പ്രസിഡന്റുമാരായ സാം ജോർജ്, ജോർജ് പണിക്കർ, സിബു മാത്യു കുളങ്ങര എന്നിവരെ തെരഞ്ഞെടുപ്പ് കമ്മീഷണർമാരായി ചുമതല നൽകി.

ഭാരവാഹികളായി മത്സരിക്കാൻ താല്പര്യമുള്ളവർ തങ്ങളുടെ നാമനിർദ്ദേശ പത്രിക ഒക്ടോബർ 30ാം തിയതിക്ക് മുമ്പായി സമർപ്പിച്ചിരിക്കണം. പിൻവലിക്കാനുള്ള തിയതി നവംബർ 11 ആണ്. സൂക്ഷ്മ പരിശോധനകൾ നവം. 9-ാം തിയതി വരെയാണ്.

കുടിശിഖകളുള്ള സ്ഥാനാർത്ഥികൾ തങ്ങളുടെ കുടിശിഖകൾ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന് മുമ്പായി കൊടുത്ത് തീർക്കേണ്ടതാണ്. നവം. 22ന് ചേരുന്ന വാർഷിക പൊതുയോഗത്തിൽ വച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

മത്സരാർത്ഥികൾ തങ്ങളുടെ നാമനിർദ്ദേശ പത്രികകൾ തപാലിലോ ഈമെയിൽ മുഖേനയോ മുഖ്യതെരഞ്ഞെടുപ്പ് ചുമതലയുള്ള സിബു മാത്യുവിന് നൽകിയിരിക്കണം.

ഇമെയിൽ: sibumk@hotmail.com എന്നതാണ്.

നാമനിർദ്ദേശ പത്രികകളും മറ്റു അനുബന്ധ വിവരങ്ങളും ഐ.എം.എ വാട്സാപ്പ് ഗ്രൂപ്പിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും മറ്റു നിർദ്ദേശങ്ങൾക്കും താഴെകാണുന്ന ഫോൺനമ്പറിൽ ബന്ധപ്പെടാവുന്നതാണ്.


സിബു മാത്യു കുളങ്ങര 224-425-3625








# ബെൻസൻവില്ലിൽ യൂദാശ്ലീഹായുടെ നൊവേനത്തിരുനാളും ജപമാലസമർപ്പണവും



ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ഫൊറോനാ പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ നൊവേന തിരുനാളിനും ജപമാല സമർപ്പണത്തിനും ഒക്ടോബർ 22 ചൊവ്വാഴ്ച ആരംഭിച്ചു.

അന്നേദിവസം മുതൽ എല്ലാ ദിവസവും രാവിലെ 8നും വൈകിട്ട് 6.30നും ജപമാലയും വി.കുർബ്ബാനയും, നൊവേനയും ഭക്തിസാന്ദ്രമായി ഉണ്ടായിരിക്കുന്നതാണ്.

വിവിധ ഭക്തസംഘടനകളുടേയും, സൺഡേ സ്കൂളിന്റേയും കൂടാരയോഗങ്ങളുടെയും നേതൃത്വത്തിലാണ് ജപമാല ചൊല്ലുക. സമാപന ദിവസമായ ഒക്ടോബർ 31 വ്യാഴം വൈകിട്ട് 6.30ന് ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാനയും, പ്രദക്ഷിണവും, വി.കുർബ്ബാനയുടെ ആശീർവാദവും ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കും.

പത്തു ദിവസം നീണ്ടുനിൽക്കുന്ന അനുഗ്രഹദായകമായ ഈ തിരുനാളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി ഇടവക വികാരി ഫാ. തോമസ് മുളവനാൽ അറിയിച്ചു.

# മലയാളിയുടെ മികവിനു അംഗീകാരം: കേരള സെന്റർ അവാർഡ് അഭിമാനമായി



ന്യൂയോർക്ക്: കേരളസെന്ററിന്റെമുപ്പത്തിമൂന്നാമത് അവാർഡ് ദാന ചടങ്ങ് ഹൃദയഹാരിയായി. സ്വന്തമായി വലിയ നേട്ടങ്ങൾ കൈവരിക്കുകയും സമൂഹത്തിന് ഏറെ നന്മകൾ ചെയ്യുകയും ചെയ്ത എട്ടു പേരെ കണ്ടെത്തി അവാർഡുകൾ നൽകി ആദരിച്ചത് മലയാളി സമൂഹത്തിന് മാതൃകയും പ്രചോദനവുമായി.

അവാർഡ് കമ്മിറ്റി ചെയർ ഡോ. തോമസ് ഏബ്രഹാമിന്റെ ആമുഖത്തോടെ ചടങ്ങുകൾ ആരംഭിച്ചു. എം.സി ഡെയ്സി സ്റ്റീഫനെ അദ്ദേഹം ക്ഷണിച്ചു. 1999 ലും, 2020ൽ കോവിഡ് കാലത്തും മാത്രമാണ് അവാർഡ് മുടങ്ങിയതെന്ന് ഡയ്സി സ്റ്റീഫൻ പറഞ്ഞു. ഇതിനകം 185 പേർക്ക് അവാർഡുകൾ നൽകിയതായി ഡോ. തോമസ് ഏബ്രഹാം പറഞ്ഞു. ശശി തരൂർ, കോൺഗ്രസ് അംഗം പ്രമീള ജയ്പാൽ എന്നിവരൊക്കെ അതിൽപ്പെടും. അവാർഡ് ജേതാക്കൾ പിന്നീട് കൂടുതൽ ഉയർച്ചയിലെത്തുന്നതും നമ്മൾ കണ്ടു.

റിയ അലക്സാണ്ടർ ദേശീയ ഗാനങ്ങൾ ആലപിച്ചു. കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാന്റെ സ്വാഗതത്തിനു ശേഷം നൂപുരയുടെ പൂജാ ഡാൻസ് അരങ്ങേറി. സുവനീർ കമ്മിറ്റി ചെയർ പി.റ്റി. പൗലോസ്, മേരി ഫിലിപ്പ്, ജി. മത്തായി, ഏബ്രഹാം തോമസ്, രാജു തോമസ് എന്നിവർ സുവനീറിന്റെ കോപ്പി ജമിനി തോമസിന് നൽകി പ്രകാശനം ചെയ്തു. അവാർഡ് നിർണയ രീതിയെപ്പറ്റി ഡോ. തോമസ് ഏബ്രഹാം നൽകിയ വിവരണത്തിനുശേഷം പബ്ലിക് സർവീസിനുള്ള അവാർഡ് ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, ന്യൂജേഴ്സി ഗവൺമെന്റ് ഇന്ത്യാ കമ്മീഷൻ ചെയർമാനും വിവിധ ബോർഡുകളിൽ അംഗവുമായ വെസ്ലി മാത്യൂസിന് സമ്മാനിച്ചു. വലിയ ഭാവിയുള്ള യുവാവാണ് വെസ്ലിയെന്ന് സെനറ്റർ ചൂണ്ടിക്കാട്ടി.

ഒരു സ്റ്റേറ്റ് മഹത്തരമാകുന്നത് (ഗ്രേറ്റ്) അവിടെയുള്ള ജനങ്ങൾ എത്ര മഹത്തുക്കൾ ആണെന്നതിനെ ആശ്രയിച്ചിരിക്കുന്നു. വെസ്ലി മാത്യൂസിന് സെനറ്റർ കെവിൻ നൽകിയ ബഹുമതി പത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു. മറുപടി പ്രസംഗത്തിൽ മറ്റുള്ളവരെ സഹായിക്കാത്ത ജീവിതം വ്യർത്ഥമാണെന്ന അടിക്കുറിപ്പോടെ മദർ തെരേസായുടെ ഒരു ചിത്രം തന്റെ ഡാളസിലെ വീട്ടിലുള്ളത് വെസ്ലി മാത്യൂസ് ചൂണ്ടിക്കാട്ടി. ചെറുപ്പത്തിൽ തന്റേയും സഹോദരിയുടേയും മനസിൽ അത് മായാത്ത ഓർമയായി. നമ്മുടെ മുൻ തലമുറയുടെ ത്യാഗത്തിലാണ് നമ്മുടെ ജീവിതം കെട്ടിപ്പെടുത്തിരിക്കുന്നത്. അവസരങ്ങൾ തേടി വന്നതിനാൽ അവർ അത്രയൊന്നും സിവിക് മൈൻഡഡ് ആയിരുന്നില്ല.

ഡാളസിൽ ജനിച്ചുവളർന്ന താൻ ചെറുപ്പത്തിൽ റേസിസം അനുഭവിച്ചിട്ടുണ്ട്. സ്കൂൾ സിസ്റ്റത്തിൽ തന്നെപ്പോലുള്ളവർ നാലു പേരെ അന്നുണ്ടായിരുന്നുള്ളൂ. അന്ന് എന്റെ പൈതൃകത്തെപ്പറ്റി അഭിമാനം തോന്നിയില്ല. എന്നാൽ പിതാവിന്റെ കൈയ്യിൽ നിന്ന് ഇന്ത്യയെപ്പറ്റിയും കേരളത്തെപ്പറ്റിയും പുസ്തകങ്ങൾ വാങ്ങി വായിച്ചതോടെ ആ ചിന്താഗതി മാറി. ഇന്ത്യൻ പതാക വാങ്ങി അമേരിക്കൻ പതാകയ്ക്കൊപ്പം ബെഡ്റൂമിൽ പ്രതിഷ്ഠിച്ചു. ഇന്നും അത് അവിടെയുണ്ട്. ഇന്ത്യൻ അമേരിക്കൻ ആണ് നാം. അതിൽ അഭിമാനം കൊള്ളുന്നവർ.

താൻ ഇലക്ടഡ് അല്ല. സർക്കാർ ഉദ്യോഗസ്ഥനാണ്. സെനറ്റർ കെവിനും അസംബ്ലി വുമൺ മിക്കേൽ സൊളാജസും ഇലക്ടഡ് ആണ്. രണ്ടു വിഭാഗത്തിന്റെയും ലക്ഷ്യം സേവനം തന്നെ. തന്റെ സമപ്രായക്കാരനായ സെനറ്റർ കെവിനും വലിയ ഭാവിയുണ്ടെന്ന് വെസ്ലി പറഞ്ഞു. ജീവകാരുണ്യ പ്രവർത്തനത്തിനുള്ള അവാർഡ് ഏറ്റുവാങ്ങിയ ജോൺസൺ സാമുവേലിന്റെ പ്രസംഗം ഏവരുടേയും ഹൃദയങ്ങളെ സ്പർശിക്കുന്നതായി. യൂത്ത് ഫോറം അംഗം ആനി അലസ്കാണ്ടർ അദ്ദേഹത്തെ പരിചയപ്പെടുത്തി. ജി. മത്തായി അവാർഡ് സമ്മാനിച്ചു. ജോണി സഖറിയ, വർഗീസ് ഏബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു.

പതിനേഴ് വയസിൽ അമേരിക്കയിലെത്തിയ താൻ 2011ൽ കേരളത്തിലെത്തിയപ്പോൾ കാലില്ലാത്ത ഒരാളെ കണ്ടത് ജോൺസൺ സാമുവേൽ അനുസ്മരിച്ചു. അയാളുടെ സ്ഥാനത്ത് താനായിരുന്നെങ്കിൽ എന്ന് ആലോചിച്ചു. അമേരിക്കയിലെ കാലില്ലാത്തവർ കൃത്രിമ കാലിൽ നടക്കുന്നു. എന്തുകൊണ്ട് ഇന്ത്യയിൽ അത് പറ്റുന്നില്ല. അങ്ങനെ ഞങ്ങൾ അഞ്ച് കുടുംബാംഗങ്ങൾ ഓരോ വർഷവും പത്ത് കാലുകൾ നൽകാൻ തീരുമാനിച്ചു. 2014ൽ അത് തുടങ്ങി ആരെയും അറിയിച്ചില്ല. മൂന്നുവർഷം കഴിഞ്ഞപ്പോൾ പലരും അറിഞ്ഞു. അവരും സഹായിക്കാനെത്തി. ഇതുവരെ 204 പേർക്ക് കാൽ നൽകി. ഈവർഷം 100 പേർക്ക് കാൽ നൽകും.

ജർമ്മൻ കമ്പനിയിൽ നിന്നു വാങ്ങുന്ന ഏറ്റവും മികച്ചതാണ് നൽകുന്നത്. അതിന് 2000 ഡോളർ വില വരും. കാലുകൾ നഷ്ടപ്പെടുന്നത് കൂടുതലും വാഹനാപകടത്തിലാണ്. അതോടെ അവർ ഡിപ്രഷനിലാകുന്നു. പിന്നെ ചിന്തിക്കുന്നത് ആത്മഹത്യയെപ്പറ്റിയാണ്. അതിനാൽ കാൽ നൽകുമ്പോൾ ജീവിതം ആണ് നൽകുന്നത്. കാലില്ലാത്തവരെ ആർക്കെങ്കിലും അറിയാമെങ്കിൽ അറിയിക്കണം. അവർക്ക് നാം കാൽ നൽകും. ഇത് തന്റെ സംഘടനയൊന്നുമല്ല. അതിനാൽ ആർക്കും സഹായിക്കാം. അലക്സ് എസ്തപ്പാൻ അപ്പോൾ തന്നെ 1000 ഡോളർ നൽകി. കേരള സെന്ററിന്റെ സഹായവും വാഗ്ദാനം ചെയ്തു.

ബാങ്കിംഗിലോ ഷൂ നിർമ്മാണത്തിലോ തനിക്ക് ഒരു പരിചയവുമില്ലായിരുന്നുവെന്ന് ബിസിനസ് ലീഡർഷിപ്പ് അവാർഡ് നേടിയ വർക്കി ഏബ്രഹാം പറഞ്ഞു. തന്റെ നേട്ടങ്ങളെല്ലാം ദൈവത്തിന്റെ അനുഗ്രഹം മാത്രമാണ്. ധാരാളം വിഷമതകൾ നേരിട്ടു. 2007-8 കാലത്ത് ഹാനോവർ ബാങ്ക് പ്രതിസന്ധിയിലായി. തുടർന്ന് സഹായത്തിനായി മുത്തൂറ്റ് ഫിനാൻസ്, ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ഗീവർഗീസ് മത്തായി, മറ്റ് ചില സുഹൃത്തുക്കൾ എന്നിവരെ കൂടെ കൂട്ടി. അതോടെ സ്ഥിതി മാറി. ഇന്നിപ്പോൾ ബാങ്കിന്റെ ആസ്തി 3 ബില്യൻ ഡോളറാണ്. മൈനോരിറ്റി ഉടമയായ ചുരുക്കം ചില ബാങ്കുകളിലൊന്നാണ്. പത്ത് ഡോളറിന്റെ ഷെയർ ഇപ്പോൾ 18 ഡോളറിനാണ് വിൽക്കുന്നത്. അതുപോലെ സ്മോൾ ബിസിനസ് ലോൺ (എസ്.ബി.എ) നൽകാനുള്ള അനുമതിയും ലഭിച്ചു.

ലതർ ബിസിനസിലെ പ്രമുഖ കമ്പനിയാണ് തന്റെ ഉടമസ്ഥതയിലുള്ള വി.എ സ്മിത്ത്. ഏറ്റവും നല്ല ലതർ കിട്ടുന്നത് ദക്ഷിണേന്ത്യയിലാണെന്നത് രഹസ്യമാണ്. അത് കൂടുതലും ഇറ്റലിയിലേക്ക് കയറ്റി പോകുന്നു. ഇന്നിപ്പോൾ തന്റെ സ്ഥാപനങ്ങൾക്ക് ശക്തമായ പിൻബലമുണ്ട്. എല്ലാം ദൈവാനുഗ്രഹം കൊണ്ട് മാത്രം. എല്ലാ നേട്ടങ്ങളും 104 വയസുള്ള അമ്മയ്ക്കും ഭാര്യ സൂസിക്കും സമർപ്പിക്കുന്നു. അതുപോലെ ബന്ധുമിത്രാദികൾക്കും ജീവനക്കാർക്കും. ജീവിതം ഒരു യാത്രയാണ്. അതിനാൽ സുഖകരമായ ഷൂ ധരിക്കണം കൂട്ടച്ചിരിക്കിടയിൽ അദ്ദേഹം പറഞ്ഞു.

യൂത്ത് ഫോറം സെക്രട്ടറി സാമുവേൽ ജോസഫ് വർക്കി ഏബ്രഹാമിനെ പരിചയപ്പെടുത്തി. സെനറ്റർ കെവിൻ തോമസും അസംബ്ലി വുമൺ മിഷേൽ സൊലാജസും ചേർന്ന് അവാർഡ് സമ്മാനിച്ചു. ലിറ്ററി അവാർഡ് നേടിയ സാംസി കൊടുമണ്ണിനെ മനോഹർ തോമസ് പരിചയപ്പെടുത്തി. അമേരിക്കയിലെ അടിമ വ്യവസ്ഥിതിയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ നോവൽ ഇപ്പോൾ ഇമലയാളി ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കുന്നു. പി.റ്റി. പൗലോസ്, ഡോ. തെരേസ ആന്റണി, ഫിലിപ്പ് മഠത്തിൽ എന്നിവരുടെ സാന്നിധ്യത്തിൽ ഏബ്രഹാം ഫിലിപ്പ് അവാർഡ് സമ്മാനിച്ചു.

തനിക്ക് മുന്നേ 31 എഴുത്തുകാർക്ക് ഈ അവാർഡ് ലഭിച്ചെന്ന് മറുപടി പ്രസംഗത്തിൽ സാംസി ചൂണ്ടിക്കാട്ടി. ഇനിയും ധാരാളം പേർ വരാനുണ്ട്. അവർക്കായി വേദിയൊരുക്കുന്നത് മഹത്തായ കാര്യമാണ്. മലയാളി മറ്റൊരാളെ അംഗീകരിക്കാത്ത കാലത്ത് അവരെ അംഗീകരിക്കാനുള്ള കേരള സെന്ററിന്റെ നടപടി അഭിനന്ദനമർഹിക്കുന്നു. ഇതിലൂടെ നിങ്ങളും ആദരിക്കപ്പെടുന്നു. ഭഗവാൻ കൃഷ്ണൻ പറഞ്ഞത് നിഷ്കാമ കർമം ചെയ്യാനാണ്. എപ്പോഴെങ്കിലും അംഗീകാരം വരും. 40 വർഷം മുമ്പ് താൻ എഴുതാൻ തുടങ്ങിയതാണ്. അംഗീകാരമൊന്നും പ്രതീക്ഷിച്ചല്ല അത്. മൂന്നാം തലമുറയിലെത്തി നിൽക്കുന്ന പ്രവാസി മലയാളി സമൂഹത്തെ സ്വയം വിലയിരുത്തേണ്ട കാലമായെന്നും സാംസി ചൂണ്ടിക്കാട്ടി.

പെർഫോമിംഗ് ആർട്സ് രംഗത്തുള്ള സംഭാവനയ്ക്ക് അവാർഡ് ലഭിച്ച ഡോ. സുനന്ദ നായരെ ഡോ. ബൻജി തോമസ് പരിചയപ്പെടുത്തി. ഡോ. ഉണ്ണി മൂപ്പനും, ആഷാ രമേഷും ചേർന്ന് അവാർഡ് സമ്മാനിച്ചു. ഡൽഹിയിൽ നിന്ന് താൻ രാവിലെ വന്നതേയുള്ളുവെന്ന് ഡോ. സുനന്ദ നായർ പറഞ്ഞു. അവിടെ സർക്കാർ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര ഫെസ്റ്റിവലിൽ പങ്കെടുക്കാൻ പോയതാണ്. അമേരിക്കയിൽ നിന്നു ക്ഷണിച്ച രണ്ടുപേരിൽ ഒരാളായിരുന്നു താൻ.

2005ൽ അമേരിക്കയിലേക്ക് വരുമ്പോൾ മുംബൈയിൽ ലക്ചററായിരുന്നു. ഇന്ത്യൻ കലകൾക്ക്, പ്രത്യേകിച്ച് മോഹിനിയാട്ടത്തിനു, അമേരിക്കയിൽ പ്രസക്തിയോ ആരാധകരോ ഇല്ലെന്നായിരുന്നു ധാരണ. അതിനാൽ വരാൻ മടിയായിരുന്നു. എന്നാൽ താൻ താമസമുറപ്പിച്ച ന്യൂ ഓർലിയൻസിൽ നൃത്തം അവതരിപ്പിക്കാനും കുട്ടികളെ പഠിപ്പിക്കാനും അവസരം കിട്ടിയപ്പോൾ സന്ദേഹമൊക്കെ മാറി. കത്രീന മൂലം ന്യൂ ഓർലിയൻസിൽ നിന്നു ഹൂസ്റ്റണിലേക്ക് മാറി. അവിടെ പഠിക്കുന്ന കുട്ടികളുടെ മികവും അർപ്പണബോധവും പ്രതീക്ഷയ്ക്കപ്പുറമായിരുന്നു. നാട്ടിലുള്ളവർക്കൊപ്പമോ അതിലും മികച്ചവരോ ആണവർ. തന്റെ കലാപ്രവർത്തനത്തിന് കേരള സെന്റർ നൽകിയ ആദരവിനും അവർ നന്ദി പറഞ്ഞു.

ലീഗൽ സർവീസിന് അവാർഡ് നേടിയ ഹാഷിം മൂപ്പനെ സാമന്ത ജോസഫ് പരിചയപ്പെടുത്തി. അറ്റോർണി അപ്പൻ മേനോൻ അവാർഡ് സമ്മാനിച്ച്. ഭാവിയിൽ ഒരു സുപ്രീംകോടതി ജഡ്ജിയാവാൻ അർഹനാണ് ഹാഷിം എന്ന് അദ്ദേഹം പറഞ്ഞു.

ആദരവിന് നന്ദി പറഞ്ഞ ഹാഷിം മൂപ്പൻ, മാതാപിതാക്കൾ നൽകിയ പ്രചോദനവും ആത്മവിശ്വാസവും എടുത്തു പറഞ്ഞു. വീട്ടുകാരേയും നാട്ടുകാരേയും പിരിഞ്ഞ് അര നൂറ്റാണ്ട് മുമ്പ് തന്റെ മാതാപിതാക്കൾ ഇവിടെ വന്നതിനാലാണ് തനിക്ക് ഈ ഭാഗ്യങ്ങൾ ഉണ്ടായത്. അവാർഡിന് പ്രത്യേക നന്ദിയുണ്ട്. അറ്റോർണിമാരെ ആരും ആദരിക്കില്ല എന്നാണ് അമ്മ പറഞ്ഞത്. അമേരിക്കയെ എന്തുകൊണ്ടാണ് റിപ്പബ്ലിക് എന്നു പറയുന്നതെന്നും, ഡമോക്രസി എന്നു പറയാത്തതെന്നും വിശദീകരിക്കണമെന്ന് അമ്മ പറഞ്ഞു. എന്തായാലും അതിന് ഞാൻ മുതിരുന്നില്ല. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി.

നഴ്സിംഗ് ലീഡർഷിപ്പിന് അവാർഡ് നേടിയ സുജ തോമസിനെ ഡോ. അന്ന ജോർജ് പരിചയപ്പെടുത്തി. മേരി ഫിലിപ്പിന്റെ സാന്നിധ്യത്തിൽ അസംബ്ലി വുമൺ സൊലാജസും ഡോ. ഉണ്ണി മൂപ്പനും ചേർന്ന് അവാർഡ് സമ്മാനിച്ചു. കേരള സെന്ററിന് നന്ദി പറഞ്ഞ സുജ തോമസ് നഴ്സിംഗ് എന്നാൽ ഒരു ജോലി മാത്രമല്ല ഒരു സമർപ്പണം കൂടിയാണെന്ന് ചൂണ്ടിക്കാട്ടി. ഈ ജോലിയോടുള്ള താത്പര്യവും അർപ്പണബോധവും ആണ് നഴ്സുമാരെ വ്യത്യസ്തരാക്കുന്നത്. വലിയ ഉത്തരവാദിത്വവും ഏറെ അഭിമാനം പകരുന്നതുമാണ് ഈ ജോലി. 'നൈന'യുടെ പ്രസിഡന്റ് എന്ന നിലയിലും തികച്ചും അഭിമാനത്തോടെയാണ് താനിവിടെ നിൽക്കുന്നത്. തനിക്ക് വ്യക്തിപരമായി ലഭിച്ച ഒരു അവാർഡ് എന്നതിലുപരി ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള ഒരു അംഗീകാരമായി ഇതിനെ താൻ കാണുന്നു. ഓരോ രോഗികൾക്കും മികച്ച സേവനം നൽകാനുള്ള ഉത്തരവാദിത്വമാണ് ഓരോ നഴ്സുമാർക്കുമുള്ളത് സുജ തോമസ് ചൂണ്ടിക്കാട്ടി.

ഈ മേഖലയിൽ സേവിക്കാൻ കഴിഞ്ഞത് ഒരു പദവിയാണ്. നാഷണൽ അസോസിയേഷന്റെ പ്രസിഡന്റ് എന്ന നിലയിൽ സംഘടനയെ പ്രതിനിധീകരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ആൽബനിയിൽ അടുത്തിടെ വിജയകരമായ ദ്വിവത്സര സമ്മേളനം സംഘടന നടത്തി. ടീമിന്റെ പരിശ്രമവും സംഭാവനയും ഇല്ലാതെ ഇത് സാധ്യമാകുമായിരുന്നില്ല. അതിനാൽ ഇത് വ്യക്തിഗത പ്രയത്നത്തിന്റെ പ്രതിഫലനമല്ല, മറിച്ച് നഴ്സിംഗ് തൊഴിൽ നവീകരിക്കാൻ ശ്രമിക്കുന്ന നിരവധി വ്യക്തികളുടെയും സംഘടനകളുടെയും കൂട്ടായ കഠിനാധ്വാനവും അഭിനിവേശവുമാണ്. കാര്യക്ഷമമായ പ്രൊഫഷണലുകൾ നൽകേണ്ട ഏറ്റവും ഉയർന്ന പരിചരണം ഓരോ രോഗിക്കും ആവശ്യമാണെന്ന് ഉറപ്പാക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ഇത് അടയാളപ്പെടുത്തുന്നു.

ആരോഗ്യ സംരക്ഷണത്തിന്റെ വെല്ലുവിളികളെ നേരിടാൻ നമുക്ക് ഐക്യത്തോടെ നിലകൊള്ളാം. ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള നമ്മുടെ വിദ്യാഭ്യാസവും അവബോധവും പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യപരിപാലന നയങ്ങൾ മെച്ചപ്പെടുത്താൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം. നമ്മുടെ എല്ലാവരുടെയും ആരോഗ്യകരമായ ഭാവി രൂപപ്പെടുത്തുന്നതിൽ ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ പ്രവർത്തനം പ്രധാനമാണ്.

കമ്യൂണിറ്റി സർവീസ് അവാർഡ് നേടിയ സിബു നായരെ ജോയൽ തോമസ് പരിചയപ്പെടുത്തി. സെനറ്റർ കെവിൻ തോമസും അസംബ്ലിവുമൻ മൈക്കേൽ സോളജാസും ചേർന്ന് അദ്ദേഹത്തിന് അവാർഡ് സമ്മാനിച്ചു. കോശി തോമസ്, തോമസ് ജോയി എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.


കേരള സെന്ററിന്റെ മൂന്ന് പതിറ്റാണ്ടത്തെ സേവനം എടുത്തു പറഞ്ഞ സിബു നായർ നമ്മുടെ സമൂഹത്തിനു അതുവഴി ഉണ്ടായ നേട്ടങ്ങളും ചൂണ്ടിക്കാട്ടി. ഗവർണറുടെ ഓഫീസിൽ തന്റെ പ്രവർത്തനങ്ങൾ ഏഷ്യൻ സമ്മോഹത്തെ ലക്ഷ്യമിട്ടാണ്. ആരോഗ്യം, വിദ്യാഭ്യാസം, ചെറുകിട ബിസിനസ് തുടങ്ങിയ രംഗങ്ങളിലൊക്കെ ഏഷ്യൻ സമൂഹം മുന്നേറുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൂടുതലായും ശ്രദ്ധിക്കുന്നത് അദ്ദേഹം പറഞ്ഞു.

സെനറ്റർ കെവിൻ തോമസ്, അസംബ്ലിവുമൻ സോളജസ്, മുൻ സെനറ്റർ അന്നാ കപ്ലാൻ എന്നിവരെ കേരള സെനറ്റർ പ്രത്യേക അവാർഡ് നൽകി ആദരിച്ചു. കേരള സെന്റർ ഡയറക്റ്റർ ബോർഡ് ചെയർ ഡോ. മധു ഭാസ്കർ അവരുടെ സേവനങ്ങൾ വിവരിച്ചു. ഇന്ത്യൻ സമൂഹത്തിന്റെ നന്ദി അറിയിക്കുന്നതിനാണ് ഈ ആദരം. ഡോ. തോമസ് എബ്രഹാം, അലക്സ് എസ്തപ്പാൻ എന്നിവർ അവാർഡുകൾ സമ്മാനിച്ചു. ബിജു ചാക്കോ, അജിത് കൊച്ചൂസ് എന്നിവർ സന്നിഹിതരായിരുന്നു. നൂപുര ഡാൻസ് അക്കാദമിയുടെ നൃത്തത്തിന് ശേഷം കേരള സെന്റർ സെക്രട്ടറി രാജു തോമസ് നന്ദി പറഞ്ഞു. ഡിന്നറോടു കൂടി ചടങ്ങുകൾ സമാപിച്ചു.

ജോസ് കാടാപുറം

പലരും പലതും 6

# ദിവ്യശാസനയിൽ ഒരു ആത്മഹത്യ



ഡോ. സെബാസ്റ്റ്യൻ പോൾ

എ.ഡി.എമ്മിനെതിരെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ നടത്തിയ ശകാരം അനുചിതവും അസ്ഥാനത്തുള്ളതുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഉദ്യോഗസ്ഥനെ ശാസിക്കുമ്പോൾ ജനപ്രതിനിധി കാണിക്കേണ്ടതായ അന്തസും ഔചിത്യവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാണിച്ചില്ല. പെട്രോൾ പമ്പിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് എ.ഡി.എം നവീൻ ബാബുവുമായി ഇടഞ്ഞുനിൽക്കുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ദേഹത്തിന്റെ യാത്രയയപ്പ് യോഗത്തിൽ ക്ഷണിക്കാത്ത അതിഥിയായി ചെന്ന് മൈക്ക് വാങ്ങി അദ്ദേഹത്തെക്കുറിച്ച് മോശമായി സംസാരിച്ചത് ശരിയായില്ല.

എ.ഡി.എമ്മിന് നൽകിയ യാത്രയയപ്പ് എല്ലാവർക്കും പങ്കെടുക്കാവുന്ന പൊതുസമ്മേളനമായിരുന്നില്ല. സ്വന്തം നാട്ടിൽ നിയമനം ലഭിച്ച എ.ഡി.എം അങ്ങോട്ടു പോകാതെ അന്നു രാത്രി തൂങ്ങി മരിച്ചു. അനൗചിത്യം ക്രിമിനൽ കുറ്റമല്ലാത്തതിനാലും ആത്മഹത്യയ്ക്ക് പ്രേരകമായ വാക്കുകൾ പറഞ്ഞിട്ടില്ലാത്തതിനാലും ദിവ്യയ്ക്കെതിരെ എടുത്തുവെന്ന് പറയുന്ന ക്രിമിനൽ കേസ് നിലനിൽക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് അനൗചിത്യം മാപ്പാക്കപ്പെടുന്നുമില്ല. പ്രശ്നത്തിന് കാരണമായ പമ്പിൽ ദിവ്യയ്ക്ക് വ്യക്തിപരമായ താത്പര്യമുണ്ടെന്നു കേൾക്കുമ്പോൾ സംയമനത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു.

സംസാരം നന്നാകണമെന്ന് തമിഴ്നാട്ടിൽ പറഞ്ഞാൽ തെറ്റിധരിക്കപ്പെടുമെങ്കിലും നമുക്ക് അതു മനസിലാകും. അത് പാലിക്കപ്പെടുന്നില്ല എന്നതാണ് ദുരവസ്ഥ. പകലന്തിയിൽ ചാനൽ ചർച്ച കേൾക്കുകയും സീരിയൽ കാണുകയും ചെയ്യുന്ന മലയാളി അന്തസ്സോടെപെരുമാറുന്നതിനുംഅന്തസ്സോടെ സംസാരിക്കുന്നതിനും കഴിയാത്ത പ്രാകൃതമനുഷ്യരായി മാറിക്കൊണ്ടിരിക്കുന്നു. സിനിമയും വ്യത്യസ്തമായ സാംസ്കാരിക അനുഭവമാകുന്നില്ല. ഇതിനർത്ഥം നവീൻ ബാബുവിന്റെ ആത്മഹത്യയെ ന്യായീകരിച്ചുകൊണ്ട് ഞാൻ ആ ഉദ്യോഗസ്ഥനുമായി ഐക്യപ്പെടുന്നു എന്നല്ല. ഏതു സാഹചര്യത്തിലും ആത്മഹത്യ കൊലപാതകം പോലെതന്നെ ഗർഹണീയമാണ്.

അഴിമതിയില്ലാത്ത ജനപ്രിയനായ ഉദ്യോഗസ്ഥനാണ് നവീൻ ബാബുവെന്ന് എല്ലാവരും പറയുന്നു. ദിവ്യയെ ഇകഴ്ത്തുന്നതിന് അല്പം അതിശയോക്തി ത്രാസിലെ ഒരു തട്ടിൽ കൂട്ടിയിടുന്നതാകാം. നല്ല ഒതുക്കത്തിൽ ദിവ്യ നൽകിയ അഴിമതിക്കാരൻ എന്ന വിശേഷണം അഴിമതിരഹിതരിൽ മുൻനിരയിൽ നിൽക്കുന്നുവെന്ന് മരണാനന്തരം എല്ലാവരും പറയുന്ന നവീൻ ബാബുവിനെ മാനസികമായി തളർത്തിയിട്ടുണ്ടാകാം. നവീൻ ബാബുവിന്റെ മരണം യാഥാർത്ഥ്യമാണെങ്കിൽ അതിന്റെ കാരണം നമുക്ക് അനായാസം കണ്ടെത്താനാവില്ല. ആത്മഹത്യ എന്നു കരുതുന്നത് കൊലപാതകമായേക്കാം.




പൊതുജനവുമായി ഇടപഴകുന്ന ഉദ്യോഗസ്ഥൻ വിമർശവും ആക്ഷേപവും കേൾക്കാൻ സന്നദ്ധനായിരിക്കണം. തൊട്ടാവാടിയെന്ന് സ്ത്രീകളെ വിളിക്കാറുണ്ട്. വിപുലമായ അധികാരം കൈയാളുകയും ഉത്തരവാദിത്വം നിറവേറ്റുകയും ചെയ്യുന്ന അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് തൊട്ടാവാടിയാകാൻ പാടില്ല. ദിവ്യയുടെ അത്ര ദിവ്യമല്ലാത്ത ശകാരത്തിനും ആക്ഷേപത്തിനും വിധേയനായി വ്രണിതനായ ഒരു സാധു മരണത്തിൽ ആശ്വാസം കണ്ടെത്തിയെന്ന പൊതുനിലപാടിനോട് എനിക്ക് യോജിപ്പില്ല. പരീക്ഷയിൽ തോൽക്കുമ്പോഴും വീട്ടുകാർ ശാസിക്കുമ്പോഴും കൗമാരപ്രായക്കാർ ആത്മഹത്യ ചെയ്യാറുണ്ട്. മൊബൈൽ ഫോൺ വിലക്കുന്നതുപോലും ആത്മഹത്യയ്ക്ക് കാരണമാകുന്ന കാലമാണ്. ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ മാനസികമായ അനാരോഗ്യവും ദൗർബല്യവും പ്രകടിപ്പിക്കരുത്.

കേൾക്കുന്നവൻ ആത്മഹത്യ ചെയ്താൽ സംസാരിക്കുന്നവൻ കുഴപ്പത്തിലാകുമെന്ന അവസ്ഥയിൽ സംസാരം നിയന്ത്രിതമാകും. ഭവിഷ്യത്തിനെ ഭയന്നുള്ള സംസാരം സംസാരസ്വാതന്ത്ര്യത്തെ പരിമിതമാക്കും. അത് ജനാധിപത്യത്തിനുതന്നെ ദോഷകരമാണ്. കയർക്കാതെയും ഉദ്യോഗസ്ഥന്മാരോട് തട്ടിക്കയറാതെയും എപ്രകാരമാണ് പൊതുപ്രവർത്തകർ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നത്? ഇപ്പോൾ അനാശാസ്യമെന്നു തോന്നുന്ന പ്രതികരണങ്ങൾ എംപി ആയിരുന്നപ്പോൾ എന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. കൊച്ചിയിലെ പുല്ലേപ്പടി മേൽപ്പാലത്തിന്റെ പണി നടക്കാതായപ്പോൾ തിരുവനന്തപുരത്ത് റയിൽവേ കൺസ്ട്രക്ഷൻ ചീഫ് എൻജിനീയറോട് കയർത്ത് സംസാരിക്കുകയും ഓഫീസിൽ കുത്തിയിരിപ്പു സമരം നടത്തുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹം നവീൻ ബാബുവിനെപ്പോലെ സാഹസത്തിനൊന്നും മുതിരാതിരുന്നത് എന്റെ ഭാഗ്യം. മാധവൻ മീശ പിരിച്ചാൽ എന്നതുപോലെ എംപി മുണ്ട് മടക്കിക്കുത്തിയാൽ എന്ന ഒരു പറച്ചിൽ എറണാകുളം ഭാഗത്ത് അന്നുണ്ടായിരുന്നു. ആത്മഹത്യയെ പരോക്ഷമായല്ല പ്രത്യക്ഷത്തിൽത്തന്നെ ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് ഇത്തരം പ്രതികരണങ്ങളുടെ ദോഷഫലം. ആത്മഹത്യയല്ല പ്രതിവിധി എന്ന സന്ദേശം നൽകേണ്ട മാധ്യമങ്ങൾ ബാലിശമായ പ്രവർത്തനമാണ് നടത്തുന്നത്. മാധ്യമങ്ങളുടെ കുറ്റപ്പെടുത്തലും അപകീർത്തികരമായ ആരോപണങ്ങളും കേട്ട് മനം നൊന്ത് ഒരാൾ ആത്മഹത്യ ചെയ്താൽ എന്തായിരിക്കും പ്രതികരണം? ഇതൊരു സാങ്കല്പികമായ ചോദ്യമല്ല. വർഷങ്ങൾക്കുമുമ്പ് കോട്ടയത്തെ ഒരു ലോഡ്ജിൽനിന്ന് ഒരു തഹസിൽദാരെ അനാശാസ്യവൃത്തിക്ക് പൊലീസ് പിടികൂടിയതായി പത്രത്തിൽ വാർത്ത വന്നു.

വാർത്തയിൽ തഹസിൽദാറുടെ പേര് ഉൾപ്പെടുത്തിയിരുന്നു. അപമാനിതനായ തഹസിൽദാർ നാട്ടിലേക്ക് മടങ്ങാതെ ലോഡ്ജിൽ ആത്മഹത്യ ചെയ്തു. വാർത്ത നൽകിയ പത്രത്തിന് അന്നോ അതിനുശേഷമോ മനസ്താപമുണ്ടായതായി അനുഭവമില്ല. മിടൂ കാലത്ത് ബ്ളാക്മെയിലിങ്ങിന്റെ ഭാഗമായിപ്പോലും ഏതു പുരുഷനും കുറ്റാരോപിതനാകാൻ സാധ്യതയുള്ളതിനാൽ ആത്മഹത്യയ്ക്കും സാധ്യതയുണ്ട്. പരാതിയുള്ളവർ ഈ സാധ്യത കണക്കിലെടുത്ത് നിശ്ശബ്ദരായിരിക്കണമെന്നു പറയാൻ കഴിയുമോ? നവീൻബാബുവിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും എന്നാൽ ആത്മഹത്യയ്ക്ക് മൈനസ് മാർക്ക് നൽകുകയും ചെയ്യുന്ന സമീപനമാണ് മാധ്യമങ്ങളും മന്ത്രിമാർ ഉൾപ്പെടെയുള്ള പൊതുസമൂഹവും സ്വീകരിക്കേണ്ടിയിരുന്നത്. എല്ലാ ആത്മഹത്യയും ഒരുപോലെ പ്രതികരണം ഉണ്ടാക്കുന്നില്ല. കഥയ്ക്കും കഥാപാത്രങ്ങൾക്കും അനുസൃതമാണ് പ്രതികരണം.

ടുണീഷ്യയിലെ ഒരു ചെറുപട്ടണത്തിൽ മുഹമ്മദ് ബുഅസീസി എന്ന തെരുവ് വ്യാപാരിയുടെ ആത്മഹത്യയാണ് പ്രസിദ്ധമായ മുല്ലപ്പൂ വിപ്ളവത്തിന് കാരണമായത്. പൊലീസും നഗരസഭയും ചേർന്നാണ് ആ കച്ചവടക്കാരന്റെ ആത്മഹത്യയ്ക്ക് കാരണമായ അവസ്ഥ സൃഷ്ടിച്ചത്. അയാൾ തീ കൊളുത്തി മരിച്ച ഇടത്ത് അയാളുടെ അമ്മ വന്ന് നിശ്ശബ്ദയായി നിന്നപ്പോൾ ചുറ്റും കൂടിയ ആളുകളാണ് മണിക്കൂറുകൾക്കുള്ളിൽ വമ്പിച്ച ജനാവലിയായി മാറിയത്. ആ ദൃശ്യം അൽ ജസീറയിലൂടെ ലോകം കണ്ടപ്പോൾ അറബ് ലോകത്താകെ പടർന്നു കയറിയ വിപ്ളവത്തിന്റെ മുല്ലപ്പൂക്കൾ വിടർന്നു. ബുഅസീസിയെ അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്ത പൊലീസുകാരല്ല അറബ് നാടുകളിലെ ഏകാധിപതികളാണ് വിപ്ളവത്തിന്റെ ഗന്ധം ശ്വസിച്ച് നിലംപതിക്കുകയോ പലായനം ചെയ്യുകയോ ചെയ്തത്.

റിട്ടയർമെന്റിന് മാസങ്ങൾ മാത്രം അവശേഷിക്കേ സ്വന്തം ജില്ലയായ പത്തനംതിട്ടയിലേക്ക് സ്ഥലംമാറ്റം കിട്ടിയ എ.ഡി.എം തഹസിൽദാറായ ഭാര്യയും മക്കളും റെയിൽവേ സ്റ്റേഷനിൽ കാത്തുനിൽക്കേ മുറിയിൽ കയറി ആത്മഹത്യ ചെയ്തു എന്നു കേൾക്കുന്നതിൽ അസ്വാഭാവികതയുണ്ട്. അന്വേഷണം കഴിയുമ്പോൾ വ്യക്തത ഉണ്ടാകുമായിരിക്കും. അതിനുമുമ്പ് ദിവ്യയെ ക്രൂശിക്കണമെന്ന ആൾക്കൂട്ടത്തിന്റെ ആരവത്തിലും അത് ഏറ്റുപിടിക്കുന്ന മാധ്യമങ്ങളുടെ കോറസിലും അപകടമുണ്ട്. മരണവാർത്തയിൽ ആത്മഹത്യ എന്ന വാക്ക് സ്കാൻഡിനേവിയൻ പത്രങ്ങൾ ഉപേക്ഷിച്ചപ്പോൾ ആ രാജ്യങ്ങളിലെ ആത്മഹത്യാനിരക്കിൽ ഗണ്യമായ കുറവ് വന്നതായ പഠന റിപ്പോർട്ട് നമ്മുടെ മുന്നിലുണ്ട്.

മരിക്കുന്നതിനല്ല? ജീവിക്കുന്നതിനുള്ള പ്രേരണയും പ്രോത്സാഹനവുമാണ് മാധ്യമങ്ങളും പൊതുസമൂഹവും നൽകേണ്ടത്.






# തിരുബാലസഖ്യം പ്രവർത്തനവർഷം ഉദ്ഘാടനം ബെൻസൻവിൽ ഇടവകയിൽ നടത്തപ്പെട്ടു

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ഇടവക ദൈവാലയത്തിൽ കൊച്ചുകുട്ടികൾക്കായുള്ള ഹോളി ചൈൽസ്ഹുഡ് മിനിസ്ട്രിയുടെ പ്രവർത്തന വർഷ ഉദ്ഘാടനം നടത്തപ്പെട്ടു. അന്നേ ദിവസം കുട്ടികളുടെ പ്രത്യേക സംഗമവും ഹോളി ചൈൽഡ് ഹുഡ് മിനിസ്ട്രി പ്രദക്ഷിണവും നടത്തപ്പെട്ടു. തുടർന്ന് പ്രത്യേക ആശീർവ്വാദവും വി.കുർബ്ബാനയും നടത്തപ്പെട്ടു.

തിരുഹൃദയ ഇടവക അസി.വികാരിയും ക്നാനായ റീജിയൻ ഹോളി ചൈൽഡ് ഹുഡ് മിനിസ്ട്രി ഡയറക്ടറുമായ ഫാ. ബിൻസ് ചേത്തലിൽ പ്രവർത്തനവർഷ ഉദ്ഘാടനം നിർവ്വഹിച്ചു. തിരുബാലസഖ്യം കുട്ടികൾക്കായി വിവിധ കർമ്മ പദ്ധതികൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ചു.

# 'നിങ്ങൾക്ക് മക്ഡൊണാൾഡിലേക്ക് വരാം, സുരക്ഷ ഞങ്ങൾ ഉറപ്പ് തരുന്നു'; പ്രസിഡന്റ് ജോ എർലിംഗർ

വാഷിംഗ്ടൺ: പ്രമുഖ ഫുഡ് ബ്രാൻഡായ മക്ഡൊണാൾഡ് ക്വാർട്ടർ പൗണ്ടർ ബർഗർ കഴിച്ചതിനെ തുടർന്ന് അമേരിക്കയിൽ ഒരാൾ മരിച്ചതിന് പിന്നാലെ പ്രതികരണവുമായി മക്ഡൊണാൾഡ് യുഎസ്എ പ്രസിഡന്റ്.

'നിങ്ങൾക്ക് മക്ഡൊണാൾഡിൽ പോയി ഞങ്ങളുടെ ക്ലാസിക്കുകൾ ആസ്വദിക്കാനാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഞങ്ങളുടെ മെനുവിൽ നിന്ന് ക്വാർട്ടർ പൗണ്ടർ നീക്കം ചെയ്യാൻ വേഗത്തിലുള്ള നടപടി സ്വീകരിച്ചു. ഇത് ഞങ്ങളുടെ വേഗമേറിയതും നിർണായകവുമായ നടപടിയായിരുന്നു,' മക്ഡൊണാൾഡ് യുഎസ്എയുടെ പ്രസിഡന്റ് ജോ എർലിംഗർ എൻബിസിയുടെ ടുഡേ ഷോയിൽ പറഞ്ഞു.

കമ്പനി സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷനുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ 24 മണിക്കൂറിൽ ഞങ്ങൾക്ക് ലഭിച്ച വാർത്തകൾ ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ഒരു ഉപഭോക്താവ് മക്ഡൊണാൾഡിലേക്ക് വരാൻ ഭയപ്പെടേണ്ടതില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം ബർഗറിലെ ഇ-കോളി ബാക്ടീരിയയാണ് ഭക്ഷ്യ വിഷബാധയ്ക്ക് കാരണമെന്നാണ് റിപ്പോർട്ട്. കൊളറാഡോ, അയോവ, കൻസാസ്, മിസോറി, മൊണ്ടാന, നെബ്രാസ്ക, ഒറിഗോൺ, യൂട്ടാ, വിസ്കോൺസിൻ, വ്യോമിങ് എന്നിവിടങ്ങളിലാണ് സെപ്തംബർ 27 നും ഒക്ടോബർ 11 നും ഇടയിൽ അണുബാധ റിപ്പോർട്ട് ചെയ്യപ്പെട്ടത്.

കൊളറാഡോയിൽ പ്രായമായ ഒരാളുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്. ഒരു കുട്ടിയെ വൃക്ക സംബന്ധമായ ഗുരുതര പ്രശ്നങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായും യുഎസ് സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ(സിഡിസി) റിപ്പോർട്ട് ചെയ്തു.

ഭക്ഷ്യവിഷബാധ ഏറ്റ എല്ലാവരും മക്ഡൊണാൾഡ്സിൽ നിന്ന് ഭക്ഷണം കഴിച്ചതായും പറഞ്ഞതായാണ് റിപ്പോർട്ടുകൾ. ക്വാർട്ടർ പൗണ്ടർ ഹാംബർഗറുകൾ കഴിച്ചതായാണ് കൂടുതൽ പേരും പ്രതികരിച്ചിരിക്കുന്നതെന്നും സിഡിസി പറഞ്ഞു. വിഷയത്തിൽ യുഎസ് അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്, ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ, സംസ്ഥാന ആരോഗ്യ ഉദ്യോഗസ്ഥർ എന്നിവരും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# 'ട്രംപ് വന്നാൽ തിരിച്ചടിയാകും'; കമല ഹാരിസിന് പിന്തുണ പ്രഖ്യാപിച്ച് ബിൽ ഗേറ്റ്സ്



വാഷിംഗ്ടൺ: യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമല ഹാരിസിന്റെ പ്രവർത്തനങ്ങള പിന്തുണയ്ക്കുന്ന സംഘടനയ്ക്ക് സംഭാവന നൽകി മൈക്രോസോഫ്റ്റ് സഹസ്ഥാപകൻ ബിൽ ഗേറ്റ്സ്. 50 മില്ല്യൺ ഡോളറാണ് സംഭാവനയായി നൽകിയത്. ഇതുവരേയും കമലയ്ക്ക് ബിൽഗേറ്റ്സ് പരസ്യ പിന്തുണ നൽകിയിട്ടില്ല. എന്നാൽ റിപബ്ലിക്കൻ സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപിനോടുള്ള എതിർപ്പ് പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമലയ്ക്കുള്ള സംഭാവന ചർച്ചയായി മാറി കഴിഞ്ഞു.

ട്രംപ് വീണ്ടും അധികാരത്തിലേറിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചുള്ള ആശങ്ക ബിൽഗേറ്റ്സ് നേരത്തേ അടുത്ത സുഹൃത്തുക്കളോട് പങ്കുവെച്ചതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ടിൽ പറയുന്നു. ട്രംപ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടാൽ ബിൽ ആന്റ് മെലിന്റ ഗേറ്റ്സ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയാകുമെന്നാണ് ബിൽഗേറ്റ്സ് ആശങ്ക പ്രകടിപ്പിച്ചത്. കുടുംബാസൂത്രണം, ആരോഗ്യ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളാണ് സംഘടന നടത്തുന്നത്. ഇതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിച്ചേക്കില്ലെന്നാണ് പ്രധാനമായും ബിൽഗേറ്റിസിന്റെ ആശങ്ക.

അതേസമയം ഇരു സ്ഥാനാർത്ഥികളുമായി പ്രവർത്തിക്കാൻ താൻ തയ്യാറാണെന്നായിരുന്നു ന്യൂയോർക്ക് ടൈംസിനോടുള്ള ബിൽഗേറ്റ്സിന്റെ പ്രതികരണം. അതോടൊപ്പം തന്നെ ഈ തിരഞ്ഞെടുപ്പ് ഏറെ വ്യത്യസ്തമാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. ആരോഗ്യമേഖലയുടെ ഉന്നമനത്തിന് പ്രവർത്തിക്കുന്ന ദാരിദ്ര്യം തുടച്ച് നീക്കാൻ പരിശ്രമിക്കുന്ന, കാലവസ്ഥാ വ്യതിയാനം സംബന്ധിച്ച് കൃത്യമായ നിലപാട് കൈക്കൊള്ളുന്ന സ്ഥാനാർത്ഥിയെ താൻ പിന്തുണക്കുന്നുവെന്ന് ബിൽഗേറ്റ്സ് വ്യക്തമാക്കി.

നിരവധി രാഷ്ട്രീയ നേതൃത്വവുമായി പ്രവർത്തിച്ച പാരമ്പര്യം തനിക്കുണ്ട്. എന്നാൽ ഈ തിരഞ്ഞെടുപ്പ് ഏറെ വ്യത്യസ്തമാണെന്ന് താൻ വിശ്വസിക്കുന്നു. അമേരിക്കക്കാരെ സംബന്ധിച്ചും ലോകത്തുള്ള മറ്റ് ജനങ്ങളെ സംബന്ധിച്ചും ഈ തിരഞ്ഞെടുപ്പ് അതീവ പ്രധാനമാണെന്ന് ട്രംപ് പറഞ്ഞു. നേരത്തെ തന്റെ പിൻഗാമിയായി കമല ഹാരിസിനെ ജോ ബൈഡൻ പ്രഖ്യാപിച്ച നടപടിയെ ബിൽഗേറ്റ്സ് സ്വാഗതം ചെയ്തിരുന്നു.

എഐ പോലെ കാര്യങ്ങളെ കാണാൻ സാധിക്കുന്ന ചെറുപ്പക്കാർ അധികാരത്തിലേക്ക് വരട്ടെയെന്നായിരുന്നു അന്ന് അദ്ദേഹം പറഞ്ഞത്. 60 വയസുകാരിയാണ് കമല ഹാരിസ്. ഡൊണാൾഡ് ട്രംപിന് 78 ആണ് വയസ്. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കൂടിയ പ്രസിഡന്റ് സ്ഥാനാർത്ഥി കൂടിയാണ് ട്രംപ്. അതേസമയം യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കമലയ്ക്കുള്ള പിന്തുണ ഏറി വരികയാണെന്നാണ് അഭിപ്രായ സർവേകൾ ചൂണ്ടിക്കാട്ടുന്നത്.

റോയിട്ടേഴ്സും ഇപ്സോസും ചേർന്ന് നടത്തിയ ഏറ്റവും പുതിയ സർവേയിൽ 48 ശതമാനം പേരുടെ പിന്തുണയാണ് കമലക്ക് ലഭിച്ചത്. ട്രംപിന് 43 ശതമാനം പേരുടെ പിന്തുണ മാത്രമേ നേടാൻ സാധിച്ചുള്ളൂ.

MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT:
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


# ഹൂസ്റ്റണിൽ 'ആത്മസംഗീതം' സംഗീത പരിപാടി ശ്രുതി മധുരമായി



ഹൂസ്റ്റൺ: പ്രശസ്ത ക്രിസ്തീയ ഭക്തി ഗായകരായകെസ്റ്ററുംശ്രീയജയദീപും, നയിച്ച 'ആത്മസംഗീതം' ക്രിസ്ത്യൻ ലൈവ് സംഗീത സന്ധ്യ ശ്രുതി മധുരമായ നിരവധി ഗാനങ്ങളുടെ ആലാപനം കൊണ്ട് ശ്രദ്ധേയമായി.

ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമിനിക്കൽ കമ്മ്യൂണിറ്റിയുടെ (ഐസിഇസിഎച്ച്) ആഭിമുഖ്യത്തിൽ അംഗത്വമുള്ള 20 ഇടവകകളുടെ സഹകരണത്തിൽ ഹൂസ്റ്റൻ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഹാളിൽ വെച്ചു ഒക്ടോബർ 12ന് വൈകിട്ടു 6 മണിക്ക് നടത്തിയ ആത്മസംഗീതം സംഗീത പരിപാടി തികച്ചും ആസ്വാദ്യകരമായി.

കെസ്റ്ററും, ശ്രേയ ജയ്ദീപും ആലപിച്ച ക്രിസ്ത്യൻ ഭക്തി ഗാനങ്ങൾ സദസ്സിനെ ഹർഷ ഭരിതരാക്കി. ഐ.സി.ഇ.സി.എച്ച് പ്രസിഡന്റ് റവ. ഫാ. ഡോ.ഐസക് ബി. പ്രകാശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബിഷപ്പ് അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നേഷ്യസ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജോണികുട്ടി പുലിശ്ശേരി പ്രാരംഭ പ്രാത്ഥന നടത്തി.

റവ. ഫാ. മാമ്മൻ മാത്യു കോർ എപ്പിസ്കോപ്പ, റവ.ഫാ ജോൺസൻ പുഞ്ചക്കോണം, റവ.എബ്രഹാം സക്കറിയ, റവ.ഫാ.ബിന്നി ഫിലിപ്പ്, റവ.ഫാ. ക്രിസ്റ്റോഫർ മാത്യു, റവ. ഫാ പൗലോസ് പീറ്റർ, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ട്രഷറർ രാജൻ അങ്ങാടിയിൽ, പ്രോഗ്രാം കോർഡിനേറ്റർ മിസിസ് സിമി തോമസ്, ജോൺസൻ വറുഗീസ്, റെജി കോട്ടയം, ബിജു ചാലക്കൽ, ഐ.സി.ഇ.സി.എച്ച്. പി.ആർ.ഒ ജോൺസൻ ഉമ്മൻ നൈനാൻ വീട്ടിനാൽ എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

ഈ സംഗീത പരിപാടിയുടെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും സെക്രട്ടറി റെജി ജോർജ് നന്ദി പ്രകാശിപ്പിച്ചു.

◗ ജീമോൻ റാന്നി

# ഭാരത് ബോട്ട് ക്ലബ്ബിന്റെ ഫാമിലി നൈറ്റ് വർണാഭമായി




ന്യൂയോർക്ക്: ഭാരത് ബോട്ട് ക്ലബ്ബിന്റെ ഫാമിലി നൈറ്റ് ഓറഞ്ച്ബർഗിലുള്ള സിത്താർ പാലസ് റസ്റ്റോറന്റിൽ വെച്ച് ഒക്ടോബർ 19 ശനിയാഴ്ച വൈകിട്ട് 5.30 മുതൽ വിപുലമായ പരിപാടികളോടെ നടക്കുകയുണ്ടായി. സെക്രട്ടറി വിശ്വനാഥൻ കുഞ്ഞുപിള്ള സ്വാഗതം ആശംസിക്കുകയും കോഓർഡിനേറ്റർമാരായ രാധാകൃഷ്ണൻ കുഞ്ഞുപിള്ള, ചെറിയാൻ വി. കോശി, അജീഷ് നായർ, വിശാൽ വിജയൻ എന്നിവരെ പരിചയപ്പെടുത്തുകയും ചെയ്തു.

രോഹിത് രാധാകൃഷ്ണൻ അമേരിക്കൻ ദേശീയഗാനവും ജിയാ രജേഷ് വന്ദേമാതരവും ആലപിച്ചുകൊണ്ട് പരിപാടികൾക്ക് പ്രാരംഭം കുറിച്ചു. പ്രസിഡന്റ് ചെറിയാൻ വി. കോശി ബോട്ട് ക്ലബ്ബിന്റെ പ്രവർത്തനത്തെ വിലയിരുത്തുകയും ക്വീൻസിൽ ഓണത്തിനോടനുബന്ധിച്ചു നടന്ന മത്സര വള്ളം കളിയിൽ വിജയം വരിച്ച ഭാരത് ബോട്ട് ക്ലബ്ബിന്റെ തുഴച്ചിൽക്കാരെ അഭിനന്ദിക്കുകയും ചെയ്തു.

ട്രസ്റ്റീബോർഡ്ചെയർമാൻസജുഎബ്രഹാം ടീമംഗങ്ങളെ അനുമോദിക്കുകയും കൂടുതൽ യുവാക്കളെ ടീമിലേക്ക് കൊണ്ടുവരണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്നു പ്രസിഡന്റ് ചെറിയാൻ വി. കോശി, ട്രസ്റ്റി ബോർഡ് ചെയർമാൻ സജു എബ്രഹാം, മുഖ്യാതിഥിലെജിസ്ലേറ്റർഡോ.ആനിപോൾ, സെക്രട്ടറി വിശ്വനാഥൻ കുഞ്ഞുപിള്ള, ട്രഷറർ വിശാൽ വിജയൻ, ടീം മനേജർ സാബു വർഗീസ്, ടീം ക്യാപ്റ്റൻ രാധാകൃഷ്ണൻ കുഞ്ഞുപിള്ള എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു.

മുഖ്യാതിഥി ഡോ. ആനി പോൾ തന്റെ പ്രസംഗത്തിൽ ഭാരത് ബോട്ട് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വളരെ അഭിനന്ദനാർഹവും സമൂഹത്തിലെ എല്ലാ ആളുകളിലും ഐക്യം ഉണ്ടാകുവാൻ ഒരു കാരണമായിത്തീരുമെന്നും പറഞ്ഞു. റോക്ക്ലാൻഡിൽ ഒരു വള്ളം കളി മത്സരം ഭാരത് ബോട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചാൽ അതിനു വേണ്ട എല്ലാ സഹായവും ചെയ്തു തരാമെന്ന് അവർ ഉറപ്പ് നൽകി.

ജിയ രജേഷ്, ജയകുമാർ, രജനി ജയകുമാർ എന്നിവർ മനോഹരങ്ങളായ ഗാനങ്ങൾ ആലപിച്ചപ്പോൾ ജയപ്രകാശ് നായർ ഒരു കവിതയുമായി രംഗത്തു വന്നു. ന്യൂജേഴ്സിയിൽ നിന്നുള്ള പ്രഭ ഹരിയും ടീമും, ഗീതാഞ്ജലി വിശാൽ, ശിൽപ്പ രാധാകൃഷ്ണൻ, ഇവാനിയ, അമേലിയ എന്നിവരുടെ നൃത്തനൃത്യങ്ങളും സദസ്സിന്റെ മനം കവർന്നു.

നടൻ, മിമിക്രി കലാകാരൻ, നാടൻ പാട്ടുകാരൻ എന്നീ നിലകളിൽ സുപ്രസിദ്ധനായ വിപിൻ കുമാർ കാഴ്ച്ച വെച്ച പരിപാടികളെല്ലാം തന്നെ ഒന്നിനൊന്ന് മികച്ചതായിരുന്നു. അദ്ദേഹവും രാധാകൃഷ്ണൻ കുഞ്ഞുപിള്ളയും ചേർന്ന് കലാഭവൻ മണിയെ അനുസ്മരിച്ചുകൊണ്ട് പാടിയ നാടൻ പാട്ടുകൾ വളരെ ഹൃദ്യമായിരുന്നു. രോഹിത് രാധാകൃഷ്ണൻ,നവനീത്കൃഷ്ണരാജ്,ദേവ് ജയകുമാർ, ധീരജ് ജയകുമാർ എന്നിവർ ചേർന്ന് നടത്തിയ മ്യൂസിക്കൽ ബാന്റ് വളരെ മികച്ചതായിരുന്നു.

നാട്ടിലും അമേരിക്കയിലും മത്സര വള്ളം കളികളിൽ പങ്കെടുത്തിട്ടുള്ള ഫ്രാൻസിസ് എബ്രഹാമിനെ വിശാൽ വിജയൻസദസിനുപരിചയപ്പെടുത്തുകയും, ട്രസ്റ്റീ ബോർഡ് ചെയർമാൻ സജു എബ്രഹാം അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

ധനശേഖരണാർത്ഥം സംഘടിപ്പിച്ച റാഫിൾ നറുക്കെടുപ്പിൽ ജോൺ കുസുമാലയം, സുരേഷ് നായർ, സ്പോൺസർ കൂടിയായ ഗ്ലോബൽ കൊളിഷനിലെ ചക്കോ, ഹരികൃഷ്ണൻ സി. നായർ, കാശിനാഥൻ നായർ എന്നിവർ യഥാക്രമം ഒന്നു മുതൽ അഞ്ചു വരെയുള്ള സ്ഥാനങ്ങൾക്കുള്ള സമ്മാനങ്ങൾ നേടി. മലയാളികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കേങ്കേഴ്സിലുള്ള ഗ്ലോബൽ കൊളീഷൻ ആൻഡ് ബോഡി വർക്സ് ആയിരുന്നു പ്രധാന സ്പോൺസർ.

ക്യാപ്റ്റൻ രാധാകൃഷ്ണൻ കുഞ്ഞുപിള്ളയുടെ നേതൃത്വത്തിൽ ഭാരത് ബോട്ട് ക്ലബ്ബിന്റെ ടീമിന്റെ വഞ്ചിപ്പാട്ട് പരിപാടികൾക്ക് മാറ്റുകൂട്ടി. ജോയിന്റ് സെക്രട്ടറി ചെറിയാൻ ചക്കാലപ്പടിക്കലിന്റെ കൃതജ്ഞതാ പ്രസംഗത്തിനുശേഷം എല്ലാവരും ചേർന്നുള്ള ഭാരതത്തിന്റെ ദേശീയ ഗാനാലാപനത്തോടെ ചടങ്ങുകൾ പര്യവസാനിച്ചു. രാധാകൃഷ്ണൻ കുഞ്ഞുപിള്ളയും ഗീതാഞ്ജലി വിശാലും എംസിമാരായി പ്രവർത്തിച്ചു.

◗ ജയപ്രകാശ് നായർ







# ഇതുവരെ രേഖപ്പെടുത്തിയത് 25 ദശലക്ഷം വോട്ടുകൾ

(ഒന്നാം പേജ് തുടർച്ച)

ഏഴ് സംസ്ഥാനങ്ങളിൽ വൈസ് പ്രസിഡന്റ് ഹാരിസും മുൻ പ്രസിഡന്റ് ട്രംപും ഇഞ്ചോടിഞ്ച് പോരാട്ടം തുടരുന്നതായാണ് ശക്തമായ പോളിംഗ് ശതമാനം കാണിക്കുന്നത്. പെൻസിൽവാനിയയും ജോർജിയയും ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലെ വോട്ടർമാരുടെ തീരുമാനം വളരെ നിർണായകമാണ്. അത് ആരാണ് പ്രസിഡന്റ് സ്ഥാനം എന്ന് തീരുമാനിക്കുന്നത് ഏറ്റവും പ്രധാനപ്പെട്ട തീരുമാനത്തിലേയ്ക്ക് നയിക്കാൻ പ്രാപ്തമാണ്. അതുകൊണ്ടു തന്നെ രണ്ട് സ്ഥാനാർത്ഥികളും അവരുടെ പ്രചാരണത്തിന്റെ ബാക്കി ഭാഗങ്ങളിൽ കൂടുതലും അവരെ സന്ദർശിക്കാനാണ് സാധ്യത.

2015 മുതൽ പ്രചാരണ റാലികൾ തന്റെ രാഷ്ട്രീയ ജീവിതത്തിന്റെ പ്രധാന ഘടകമാക്കിയ ട്രംപ്, ഒരു രാഷ്ട്രീയ സ്ഥാനാർത്ഥി എന്ന നിലയിൽ തന്റെ സമയം അവസാനിക്കുന്നത് പല തരത്തിലും സങ്കടകരമാണ് എന്ന് സെബുലോണിൽ പറഞ്ഞു.

നവംബർ 5 ന് അദ്ദേഹം വിജയിച്ചാൽ, തന്റെ ര്ണ്ടാമത്തെയും അവസാനത്തേയും ടേമിൽ മികച്ച രീതിയിൽ രാജ്യത്തെ സേവിക്കുമെന്ന് ഉറപ്പു നൽകുന്നു. സെബുലോണിന് ശേഷം, മുൻ ഫോക്സ് ന്യൂസ് താരം ടക്കർ കാൾസൺ, മുൻ സ്വതന്ത്ര പ്രസിഡന്റ് സ്ഥാനാർത്ഥി റോബർട്ട് എഫ്. കെന്നഡി ജൂനിയർ എന്നിവർക്കൊപ്പമുള്ള റാലിയിൽ ജോർജിയയിലെ ഡുലുത്തിൽ സംസാരിക്കുകയായിരുന്നു ട്രംപ്. കൂടാതെ കൺട്രി മ്യൂസിക് താരം ജെയ്സൺ ആൽഡീനും സന്നിഹിതനായിരുന്നു.




പെൻസിൽവാനിയയിലെ ചെസ്റ്റർ ടൗൺഷിപ്പിലെ സിഎൻഎൻ ടൗൺ ഹാളിൽ ഹാരിസ് പ്രചരണ പരിപാടിയിൽ പങ്കെടുക്കാൻ ഒരുങ്ങുകയാണ്. നിഷ്പക്ഷ വോട്ടർമാരുടെ പിന്തുണ ലഭിക്കുന്നതിനുള്ള കഠിന ശ്രമത്തിലാണ് ഹാരിസ്. കാരണം ചെറിയ ശതമാനം വോട്ടുകൾ പോലും നിർണായകമായേക്കാവുന്ന ശക്തമായ വിഭജന മത്സരത്തിൽ വേലിയേറ്റം മാറ്റുന്നതിനുമുള്ള ശ്രമമാണ് ഹാരിസ് നടത്തുന്നത്.

ബുധനാഴ്ച, ട്രംപിന്റെ മുൻ വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫ് ജോൺ കെല്ലിയുടെ അഭിപ്രായങ്ങൾക്കെതിരെ അവർ പ്രതികരിച്ചിരുന്നു. മുൻ പ്രസിഡന്റ് ഫാസിസ്റ്റിന്റെ പൊതുവായ നിർവചനം പാലിക്കുകയും സ്വേച്ഛാധിപതികളെ ആരാധിക്കുകയും ചെയ്യുന്നുവെന്ന് ന്യൂയോർക്ക് ടൈംസിനോട് അവർ പറഞ്ഞു. ട്രംപ് യുഎസ് ജനാധിപത്യത്തിന് ഭീഷണിയാണെന്ന് വാദിച്ച ഹാരിസ്, കെല്ലി ഉദ്ധരിച്ച ട്രംപിന്റെ പരാമർശങ്ങളെ ആഴത്തിൽ വിഷമിപ്പിക്കുന്നതും അവിശ്വസനീയമാം വിധം അപകടകരവുമാണെന്ന് വിശേഷിപ്പിച്ചു.

സെപ്തംബറിൽ എബിസി ന്യൂസിൽ നടന്ന രണ്ട് സ്ഥാനാർത്ഥികൾ തമ്മിലുള്ള ആദ്യത്തെ പ്രസിഡൻഷ്യൽ ഡിബേറ്റിൽ വിജയിച്ചതായി കണക്കാക്കിയതിന് ശേഷം സിഎൻഎന്നിലെ രണ്ടാമത്തെ പ്രസിഡൻഷ്യൽ ഡിബേറ്റിലേക്ക് ട്രംപിനെ ക്ഷണിച്ചെങ്കിലും വൈസ് പ്രസിഡന്റിന്റെ ശ്രമം പരാജയപ്പെട്ടു.

# ട്രംപ് ഫാസിസ്റ്റാണെന്ന് തുറന്നടിച്ച് ഹാരിസ്



ന്യൂയോർക്ക്: മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഫാസിസ്റ്റാണെന്ന് താൻ വിശ്വസിക്കുന്നുവെന്ന് വൈസ് പ്രസിഡന്റ് കമലാ ഹാരിസ്. ട്രംപിന്റെ മുൻ ചീഫ് ഓഫ് സ്റ്റാഫ് ട്രംപ് അഡോൾഫ് ഹിറ്റ്ലറെ പ്രശംസിച്ചുവെന്നും ഭരണഘടനയ്ക്ക് മുകളിൽ അദ്ദേഹത്തോട് വിശ്വസ്തത പുലർത്തുന്ന ഒരു സൈന്യത്തെ ആഗ്രഹിക്കുന്നുവെന്നും തുറന്നടിച്ച ഹാരിസ് ട്രംപിനെതിരെ ശക്തമായ വിമർശനങ്ങൾ ഉന്നയിച്ചു.

ട്രംപ് ഫാസിസ്റ്റാണെന്ന് വിശ്വസിക്കുന്നുണ്ടോ എന്ന് സിഎൻഎൻ മോഡറേറ്റർ ആൻഡേഴ്സൺ കൂപ്പർ ചോദിച്ചപ്പോൾ, വൈറ്റ് ഹൗസ് മുൻ ചീഫ് ഓഫ് സ്റ്റാഫ് ജോൺ കെല്ലിയുടെ ഒരു ഫാസിസ്റ്റ് നിർവചനത്തിന് ട്രംപ് അനുകൂലിച്ചെന്ന ആരോപണത്തെ പരാമർശിച്ചുകൊണ്ടാണ് ഹാരിസ് മറുപടി നൽകിയത്. ചൊവ്വാഴ്ച പ്രസിദ്ധീകരിച്ച ന്യൂയോർക്ക് ടൈംസുമായുള്ള അഭിമുഖത്തിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

റിപ്പോർട്ട് ചെയ്ത അഭിപ്രായങ്ങളിൽ ട്രംപിനെ വിമർശിച്ചുകൊണ്ട് പ്രശ്നകരവും അവിശ്വസനീയമാം വിധം അപകടകരവുമാണെന്നാണ് അവർ സംബോധന ചെയ്തത്. ടൗൺ ഹാളിൽ നടന്ന പ്രസംഗത്തിൽ തന്റെ വിമർശനങ്ങൾ അവർ ശക്തമാക്കി. ട്രംപ് കൂടുതൽ അസ്ഥിരനാണ്, സേവനത്തിന് യോഗ്യനല്ല എന്ന തന്റെ ആരോപണങ്ങൾ ആവർത്തിച്ചുകൊണ്ടിരുന്നു.

അതേസമയം കെല്ലി ഉൾപ്പെടെയുള്ള പ്രസിഡന്റിനെതിരെ തിരിഞ്ഞ വിവിധ മുൻ ട്രംപ് അഡ്മിനിസ്ട്രേഷൻ ഉദ്യോഗസ്ഥരെയും പരാമർശിച്ചു. ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിൽ തിരിച്ചെത്തിയാൽ എന്ത് സംഭവിക്കുമെന്ന് മനസിലാക്കാൻ അമേരിക്കൻ ജനതയോട് 911ൽ വിളിക്കാനും ഹാരിസ് പറഞ്ഞു.

മരിച്ചവരും പരിക്കേറ്റവരുമായ സൈനികരെ ട്രംപ് പരാജിതരും സക്കറുകളും എന്ന് വിശേഷിപ്പിച്ചതായി കെല്ലി കഴിഞ്ഞ വർഷവും ടൈംസ് അഭിമുഖത്തിൽ ഉന്നയിച്ച ആരോപണങ്ങൾ പരാമർശിച്ചുകൊണ്ട് ടൗൺ ഹാളിൽ ഹാരിസ് ആവർത്തിച്ചു. നമ്മുടെ രാജ്യത്തിന് വേണ്ടി ജീവൻ ത്യജിക്കുമെന്ന് പ്രതിജ്ഞയെടുത്ത ആളുകളെയാണ് ട്രംപ് അപമാനിക്കുന്നതെന്ന് അവർ കൂട്ടിച്ചേർത്തു.



# എന്തുകൊണ്ടാവാം ലാഹോറിൽ കൃത്രിമ മഴ പെയ്യിക്കുന്നത്?

വായു മലിനീകരണം അപകടകരമായ നിലയിലേക്ക് ഉയർന്നതോടെ പാകിസ്ഥാനിലെ ലാഹോറിൽ കൃത്രിമ മഴ പെയ്യിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണെന്ന് പഞ്ചാബ് പ്രവിശ്യയിലെ അധികൃതർ. ലഹോറിലെ വായു മലിനീകരണം ഉയർന്ന നിലയിലെത്തുകയും വായു ഗുണമേന്മാ സൂചിക 394 ആയി ഉയർന്ന സാഹചര്യത്തിലുമാണ് ഇത്തരമൊരു തീരുമാനത്തിലേയ്ക്ക് രാജ്യം എത്തിയത്.

ലോകത്ത് വായു മലിനീകരണം ഏറ്റവും കൂടുതലുള്ള നഗരങ്ങളുടെ പട്ടികയിൽ ലാഹോർ ഒന്നാമത് എത്തിയിരുന്നു. പാകിസ്ഥാന്റെ സാംസ്കാരിക തലസ്ഥാനമായാണ് ലാഹോർ അറിയപ്പെടുന്നത്. ലോകത്ത് വായു മലിനീകരണം ഏറ്റവും കൂടുതലുള്ള നഗരങ്ങളുടെ പട്ടികയിൽ ഇത് രണ്ടാം തവണയാണ് ലാഹോർ മുന്നിലെത്തുന്നത്. കൃത്രിമ മഴ പെയ്യിക്കുന്നതിന് ക്ലൗഡ് സീഡിംഗ് നടത്തുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

2023 ഡിസംബറിൽ അപകടകരമായ തോതിലുള്ള വായു മലിനീകരണവും പുകമഞ്ഞും ചെറുക്കുന്നതിന് ക്ലൗഡ് സീഡിംഗ് നടത്തിയിരുന്നു. 35 കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്. എക്യുഐ എന്നത് വായുവിലെ വിവിധ മലിനീകരണ വസ്തുക്കളുടെ സാന്ദ്രത അളക്കുന്നതിനുള്ള സംവിധാനമാണ്. എഐക്യു 100 ന് മുകളിലാണെങ്കിൽ അത് അനാരോഗ്യകരമാണ്. 150 മുകളിലാണെങ്കിൽ ശരീരത്തിന് വളരെ അനാരോഗ്യകരമായാണ് കണക്കാക്കുന്നത്.

ലോകത്തിലെ ഏറ്റവും മലിനമായ നഗരമായി ലാഹോറിനെ പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രശ്നം പരിഹരിക്കുന്നതിനായി തങ്ങൾ നിരവധി പരിഹാര മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നഗരത്തിൽ കൃത്രിമ മഴ പെയ്യിക്കാനുള്ള പദ്ധതി തയ്യാറാക്കുകയാണെന്ന് പഞ്ചാബ് ഇൻഫൊർമേഷൻ വകുപ്പ് മന്ത്രി അസ്മ ബൊഖാരി പത്രസമ്മേളനത്തിൽ അറിയിച്ചു. എന്നാൽ കൃത്രിമ മഴ പെയ്യിക്കുന്നത് എന്നാണെന്ന വിവരങ്ങളൊന്നും അവർ പങ്കുവെച്ചിട്ടില്ല. പുകമഞ്ഞ് ഉള്ള ഇടങ്ങൾ സന്ദർശിക്കുന്നതിനായി 'ആന്റി സ്മോഗ് സ്ക്വാഡി'ന് പഞ്ചാബിലെ മറിയം നവാസ് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്.

മലിനമായ പുക മഞ്ഞ് ശ്വസിക്കുന്നത് നഗരവാസികൾക്കിടയിൽ ചുമ, ശ്വാസതടസ്സം, കണ്ണിനുള്ളിൽ അസ്വസ്ഥത, ചർമത്തിൽ അണുബാധ എന്നിവയ്ക്ക് കാരണമാകുന്നുണ്ട്. പുകയുടെയും മൂടൽമഞ്ഞിന്റെയും സംയുക്തമാണ് സ്മോഗ്(പുകമഞ്ഞ്) എന്ന് അറിയപ്പെടുന്നത്. വായു മലിനീകരണത്തിന് കാരണമായ ചില സൂക്ഷ്മ കണങ്ങൾ തണുത്തതും ഈർപ്പമുള്ളതുമായ വായുവുമായി കൂടിച്ചേർന്ന് ഭൂമിയുടെ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുമ്പോഴാണ് സ്മോഗ് ഉണ്ടാകുന്നത്. ഇത് കാഴ്ചാ പരിധി കുറയ്ക്കുകയും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

കൃഷി സ്ഥലങ്ങളിൽ വിളകളുടെ അവശിഷ്ടങ്ങൾ കത്തിക്കുന്നതിന്റെ അപകടങ്ങൾ സംബന്ധിച്ച് സ്ക്വാഡ് കർഷകരെ ബോധവത്കരിക്കും. അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ബദൽ മാർഗങ്ങൾ അവരെ പരിചയപ്പെടുത്തുകയും ചെയ്യും. പുകമഞ്ഞിനെ നേരിടാൻ സ്വീകരിച്ച നടപടികളുടെ ഫലം പത്ത് വർഷത്തിനുള്ളിൽ കാണാൻ കഴിയും. പഞ്ചാബ് പ്രവിശ്യയിലെ പാഠ്യപദ്ധതിയിൽ പരിസ്ഥിതി സംരക്ഷണം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പരിസ്ഥിതി മന്ത്രാലയത്തിന്റെ ചുമതലയുള്ള പഞ്ചാബിലെ മുതിർന്ന മന്ത്രി മറിയം ഔറംഗസേബ് വ്യക്തമാക്കി.






## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#101624

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#101624

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#10164

## BABYSITTER WANTED

**ഷിക്കാഗോയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് ഒന്നര വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**പോൾ വടകര (708-307-1122)**

#101624

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224-382-3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#101624






## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**Firm Believer**
**Downers Grove**

#102324

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**

#102324

Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM
ബന്ധപ്പെടുക:
773-888-2242,
773-842-9149
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

## വാഷിംഗ്ടണിൽ വീട്ടിൽ നടന്ന വെടിവെപ്പിൽ അഞ്ച് പേർ കൊല്ലപ്പെട്ടു; 15കാരൻ കസ്റ്റഡിയിൽ

തിങ്കളാഴ്ച രാവിലെ വാഷിംഗ്ടണിലെ സിയാറ്റിലിനടുത്തുള്ള ഒരു വീട്ടിൽ നടന്ന വെടിവെപ്പിൽ അഞ്ച് പേർ കൊല്ലപ്പെട്ടു. സംഭവത്തിൽ 15 വയസ്സുള്ള ഒരു ആൺകുട്ടിയെ കസ്റ്റഡിയിലെടുത്തതായി അധികൃതർ അറിയിച്ചു.

സിയാറ്റിലിന് കിഴക്കുള്ള ഫാൾ സിറ്റിയിലെ ഒരു വീട്ടിൽ വെടിയേറ്റ് രണ്ട് മുതിർന്നവരും മൂന്ന് കൗമാരക്കാരും കൊല്ലപ്പെട്ടതായി കിംഗ് കൗണ്ടി ഷെരീഫ് ഓഫീസിലെ ഡെപ്യൂട്ടി മൈക്ക് മെല്ലിസ് ഈ ആഴ്ച ഒരു വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. മാധ്യമങ്ങൾക്ക് പേര് വെളിപ്പെടുത്താൻ അനുവാദമില്ലാത്ത 15 വയസ്സുള്ള പ്രതിക്ക് സംഭവത്തിൽ രക്ഷപ്പെട്ട ഇരയായ കൗമാരക്കാരനുമായി ബന്ധപ്പെടാൻ കഴിയില്ലെന്ന് ചൊവ്വാഴ്ച ജഡ്ജി വ്യക്തമാക്കി.

അതേസമയം വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ പേര് ഷെരീഫിന്റെ ഓഫീസ് ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. മാതാപിതാക്കളായ മാർക്കും സാറാ ഹ്യൂമിസ്റ്റണും അവരുടെ മൂന്ന് കുട്ടികളും ആണ് കൊല്ലപ്പെട്ടതെന്ന് നിരവധി യുഎസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആക്രമണത്തിൽ പരിക്കേറ്റ 11 വയസ്സുള്ള പെൺകുട്ടി ചൊവ്വാഴ്ച സിയാറ്റിലിലെ ഹാർബർവ്യൂ മെഡിക്കൽ സെന്ററിൽ തൃപ്തികരമായ നിലയിലാണെന്ന് ആശുപത്രി വക്താവ് അസോസിയേറ്റഡ് പ്രസ്സിനോട് പറഞ്ഞു. 15 വയസുകാരന് ക്രിമിനൽ ചരിത്രമില്ലെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകർ ചൊവ്വാഴ്ച കോടതിയിൽ പറഞ്ഞു. കൗമാരക്കാരനെതിരെ കുറ്റം ചുമത്താൻ ഉദ്യോഗസ്ഥർക്ക് വ്യാഴാഴ്ച വരെ സമയമുണ്ട്.

## കീൻ 16-ാമത് കുടുംബ സംഗമം നവംബർ 9ന് ന്യൂജേഴ്സിയിൽ

ന്യൂയോർക്ക്: കേരളാ എൻജിനിയറിങ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (KEAN) 16-ാമത് കുടുംബ സംഗമം 2024 നവംബർ 9-ാം തീയതി വൈകിട്ട് 5 മണിക്ക് ന്യൂജേഴ്സിയിലെ കാർട്ടറേറ്റിലുള്ള യുക്രൈനിയൻ കമ്മ്യൂണിറ്റി സെന്ററിൽ (691 Roosevelt Ave, Carteret, NJ 07008) വച്ച് വിവിധ കലാപരിപാടികളോടെ ആഘോഷിക്കുന്നതാണ്.

സിറ്റി ബാങ്ക് ഗ്രൂപ്പിന്റെ കൺട്രോൾസ് ടെക്നോളജിയുടെ ഗ്ലോബൽ ഹെഡ് ശ്യാം ശശിധരൻ മുഖ്യ അതിഥി ആയിരിക്കും. കീനിന്റെ ഈ കുടുംബസംഗമം വിവിധ പരിപാടികളോടും, പരിജ്ഞാ സമ്മേളനങ്ങൾ കൊണ്ടും സമ്പുഷ്ടമായിരിക്കും. ഇതിൽ പങ്കെടുക്കുന്നവർക്ക് മറ്റു എഞ്ചിനീയറിംഗ് മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി നെറ്റ്വർക്കിനുള്ള അവസരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ലോക്ഹെഡ് മാർട്ടിനിൽ എഞ്ചിനീയർ ആയ ജസ്റ്റിൻ ജോസഫ്, റോബോട്ടിക്സിന്റെ സാധ്യതകളെപ്പറ്റിയുള്ള ഒരു അവലോകനവും നടത്തുന്നതാണ്.

കുടുംബസംഗമത്തിനോട് അനുബന്ധിച്ചു നടത്തുന്ന സമ്മേളനത്തിൽ വച്ച് എഞ്ചിനീയറിംഗ് രംഗത്ത് മികവ് തെളിയിച്ചവർക്കുള്ള 'എഞ്ചിനീയർ ഓഫ് ദി ഇയർ' അവാർഡ്, എൻജിനീയറിങ്ങിൽപുതുതായി അഡ്മിഷൻ നേടിയിട്ടുള്ള എൻജിനീയറിങ് വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്, എഞ്ചിനീയറിംഗ് പഠനത്തിൽ നൈപുണ്യം കാണിച്ചിട്ടുള്ള അർഹരായ കേരളത്തിലെ എൻജിനീയറിങ് കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്, കീൻഅംഗങ്ങളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ് എന്നിവയും വിതരണം ചെയ്യുന്നതാണ്.




തഹ്സീൻ മുഹമ്മദ്, ജേക്കബ് ജോസഫ് എന്നിവരുടെ പാട്ടുകളും ട്രൈസ്റ്റേറ്റ് ഡാൻസ് കമ്പനി, സൗപർണിക സ്കൂൾ ഓഫ് ഡാൻസ് എന്നിവരുടെ പ്രോഗ്രാം പരിപാടികൾക്ക് ആവേശം പകരും.

കഴിഞ്ഞ 16 വർഷമായി കീൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ അസൂയാവഹമാണ്. 125ൽ പ്പരം കുട്ടികൾക്ക് ഇതിനോടകം തന്നെ സഹായം നൽകി അവരുടെ എൻജിനീയറിങ് പഠനം പൂർത്തിയാക്കാൻ സഹായിച്ചത് തന്നെ കീനിന്റെ വലിയ നേട്ടമാണ്.

കൂടാതെ പ്രൊഫഷണൽ സർവീസ് ആവശ്യമുള്ള മേഖലകളിലെല്ലാം തന്നെ കീനിന്റെ എൻജിനീയേഴ്സ് സഹായ ഹസ്തങ്ങൾ എത്തിക്കുന്നു. 501 സി(3) സ്റ്റാറ്റസ് ഉള്ള ഈ സംഘടന വിശ്വസനീയവും, കഴിവുള്ളതും, ഒഴിച്ചുകൂടാനാവാത്തതുമായ പ്രതികരണ ശേഷിയുള്ള ഒരു സംഘടനയായി വളർത്തിയതിന്റെ പിറകിൽ കഴിഞ്ഞ 16 കൊല്ലമായി ഇതിന് നേതൃത്വം കൊടുത്തവരുടെ ആത്മാർഥമായ പരിശ്രമം ഒന്ന് മാത്രമാണ്.

ട്രൈസ്റ്റേറ്റ് ഏരിയയിലുള്ള എല്ലാ എഞ്ചിനീയറിംഗ് സുഹൃത്തുക്കളെയും ഈ കുടുംബ സംഗമത്തിലേക്ക് ഹാർദവമായി സ്വാഗതം ചെയ്യുന്നു. കീൻ മെമ്പർഷിപ് എടുക്കുന്നതിനും കുടുംബ സംഗമത്തിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾ അറിയുന്നതിന് താഴെപ്പറയുന്നവരുമായി ബന്ധപ്പെടുക:

സോജിമോൻ ജെയിംസ് (പ്രസിഡന്റ്) 732-939-0909, ജേക്കബ് ജോസഫ് (സെക്രട്ടറി) 973-747-9591, ലിന്റോ മാത്യു (ട്രഷറർ) 516-286-4633, ലിസ്സി ഫിലിപ്പ് (BOT ചെയർ) 845-642-2060.


◗ *ഫിലിപ്പോസ് ഫിലിപ്പ്, പി. ആർ. ഒ*

# നോവലിസ്റ്റായ യഹിയ സിൻവാർ

മധ്യേഷ്യയുടെചെറുത്തുനിൽപ്പിന്റെയും പ്രതിരോധത്തിന്റെയും കടന്നാക്രമണങ്ങളുടെയുമെല്ലാം വീരേതിഹാസങ്ങൾ എഴുതിച്ചേർത്ത പോരാളിയാണ് ഹമാസിന് യഹിയ സിൻവാർ. ഇസ്രയേലിനും അമേരിക്കയ്ക്കും പക്ഷെ മധ്യേഷ്യയിലെ രാക്ഷസീയതയുടെ എഴുത്താണിയായിരുന്നു സിൻവാർ. ഇതിനു രണ്ടിനും ഇടയിൽ ഒരു യഹിയ സിൻവാർ ഉണ്ടായിരുന്നു. ആരും ചെവിയോർക്കാത്ത ആരോടും വിശദീകരിക്കപ്പെടാത്ത ചെകുത്താനും ദൈവത്തിനും ഇടയിൽ നിൽക്കുന്ന പച്ചയായ മനുഷ്യൻ.

ഒരുപക്ഷം പ്രകീർത്തിക്കുമ്പോൾ മറുപക്ഷം ശാപവചനങ്ങൾ കൊണ്ട് മൂടുമ്പോൾ ആരായിരുന്നു യഹിയ സിൻവാർ എന്നത് പലപ്പോഴും വ്യക്തിനിഷ്ഠമായ ഒരു തിരഞ്ഞെടുപ്പായി മാറുന്നു. അധികം വായിക്കപ്പെടാതെ പോയ ഒരു യഹിയ സിൻവാറുണ്ട്. അക്ഷരങ്ങളെ സ്നേഹിച്ച, അതിൽ ഉപരി അക്ഷരങ്ങളിൽ പോരാട്ടത്തിന്റെ അഗ്നിനിറച്ച ഒരു പച്ചയായ എഴുത്തുകാരൻ.

ആയുധങ്ങളുടെയും പോരാട്ടങ്ങളുടെയും ചോരപുരണ്ട ചിത്രങ്ങളിലൊന്നും പെടാത്ത ഇരുണ്ട കാലത്ത് അക്ഷരങ്ങളെ ആയുധമാക്കിയ സിൻവാർ. അക്ഷരങ്ങളെ സ്നേഹിച്ച സിൻവാറിനെയല്ല, മറിച്ച് ലോകം അറിഞ്ഞത് ഭീകരനായ സിൻവാറിനെയാണ്. ചിലപ്പോൾ സിൻവാർ തന്നെ സ്വയം താനൊരു എഴുത്തുകാരനാണെന്നും അക്ഷരങ്ങളുടെ മാന്ത്രിക ലോകം കൂടി തനിക്ക് സ്വന്തമായി ഉണ്ടായിരുന്നെന്നും മറന്നു പോയിട്ടുണ്ടാവും.



2004 ൽ തന്നെ ആദ്യത്തെ നോവൽ പ്രസിദ്ധീകരിക്കപ്പെടുമ്പോൾ സിൻവാർ ഇസ്രായേലിൽ തടവിലായിരുന്നു. പിന്നീട് 2010 ൽ സിൻവാറിന്റെ അടുത്ത നോവലും പ്രകാശിപ്പെട്ടു. രണ്ട് നോവലുകൾ പുറത്തിറങ്ങുമ്പോഴും ഇസ്രയേലി ജയിലിൽ നാല് ജീവപര്യന്ത ശിക്ഷകൾ ഒരുമിച്ച്അനുഭവിക്കുകയായിരുന്നുസിൻവാർ. ഒരുപക്ഷെ പുറംലോകം കാണില്ലെന്ന് ഉറപ്പിച്ച നീണ്ട 22വർഷത്തെ ജയിൽ ജീവിതത്തിനിടയിൽ സ്വയം അടയാളപ്പെടുത്തുക എന്ന ചിന്തയായിരിക്കണം നോവൽ എഴുതാമെന്ന തീരുമാനത്തിലേയ്ക്ക് സിൻവാറിനെ എത്തിച്ചത്.

എഴുതിയത് നോവലായിരുന്നെങ്കിലും സ്വന്തം ജീവചരിത്രത്തെ സിൻവാർ ഫിക്ഷന്റെഒരുമൂടുപടംകൊണ്ട്പൊതിയുകയായിരുന്നുവെന്നാണ് ആ നോവൽ പിന്നീട് വിശകലനം ചെയ്യപ്പെട്ടത്. പലസ്തീനിലെ സായുധ പോരാട്ടങ്ങളെ തീവ്രമായി ഉൾക്കൊണ്ടിരുന്ന അതിസാഹസികനായിരുന്നു സിൻവാർ. അക്രമങ്ങളുടേയും പോരാട്ടങ്ങളുടെയും നടുവിൽ നിന്നും ഒറ്റപ്പെടലിന്റെ ഇരുളിൽ ബന്ധിതനായപ്പോൾ സ്വയം പ്രചോദിപ്പിക്കാനുള്ളശ്രമമായിരുന്നിരിക്കാം എഴുത്തിലൂടെ സിൻവാർ നടത്തിയിട്ടുണ്ടാകുക. ഇസ്രയേലി ജയിലിലെ ഏകാന്ത തടവിൽ തന്റെ ഉള്ളിലെ തീകെടാതിരിക്കാൻ അക്ഷരങ്ങളിൽ സിൻവാർ അഭയം തേടിയെന്നും വേണമെങ്കിൽ വായിക്കാം. അപ്പോഴും സിൻവാർ എഴുതിയത്രയും തീവ്ര അക്രമങ്ങളെക്കുറിച്ചുള്ള ഓർമ്മകളായിരുന്നു. ഗാസയുടെ സംഘർഷങ്ങളുടെ ചരിത്ര ഗതിയെ വരച്ചിടുന്ന നോവലുകൾ എന്ന് തന്നെയാണ് അവ വിലയിരുത്തപ്പെട്ടത്.

2004ൽ പ്രസിദ്ധീകരിച്ച 'ദി തോൺ ആൻഡ് ദി കാർനേഷൻ' പ്രസിദ്ധീകരിക്കപ്പെട്ടതിനും സാഹസികതയുടെ ഒരു തലമുണ്ട്. ഇസ്രായേലി ജയിലിൽ വെച്ച് എഴുതി പൂർത്തീകരിച്ച ഈ നോവലിന്റെ കയ്യെഴുത്ത് പ്രതികൾ അതിസാഹസികമായാണ് പുറത്തെത്തിച്ചത്. ഇസ്രയേലിജയിലുകളിലെ കർശനമായ നിരീക്ഷണ സംവിധാനങ്ങളുടെ കണ്ണുവെട്ടിച്ച് ജയിലിലെ പലസ്തീൻ തടവുകാരുടെ സഹായത്തോടെയാണ് ഒരു 'രഹസ്യദൗത്യം' പോലെ 'ദി തോൺ ആൻഡ് ദി കാർനേഷന്റെ' കയ്യെഴുത്ത് പ്രതികൾ പുറത്തെത്തിയത്.

ഗാസയിലെ ഹമാസിന്റെ മേൽ ഉണ്ടായിരുന്ന അതേ സ്വാധീനം ഇസ്രയേലി ജയിലുകളിൽ കഴിഞ്ഞിരുന്ന പലസ്തീൻ തടവുകാരുടെ മേലും സിൻവാറിനുണ്ടായിരുന്നുവെന്ന് ഈ സംഭവം ചൂണ്ടിക്കാണിച്ച് വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

ഗാസയിലെ ഖാൻ യൂനിസിലെ അഭയാർത്ഥി ക്യാമ്പിലായിരുന്നു സിൻവാറിന്റെ ജനനം. ഗാസയുടെ മണ്ണ് അതിജീവനത്തിന്റെ കനത്ത പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ച കാലത്തായിരുന്നു സിൻവാറിന്റെ ബാല്യവും കൗമാരവും. ഗാസയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥി കാലമാണ് സിൻവാർ എന്ന അതിസാഹസികനെ രൂപപ്പെടുത്തിയത്. വിദ്യാർത്ഥിയായിരിക്കെ പ്രക്ഷോഭകാരിയായി മാറിയ സിൻവാർ പക്ഷെ പോരാട്ടത്തിന്റെ വഴി തിരഞ്ഞെടുക്കുന്നത് മജ്ദിന്റെ രൂപീകരണത്തോടെയാണ്. ഇതിനിടയിൽ രണ്ട് വട്ടം ജയിൽവാസം അനുഭവിക്കേണ്ടി വന്നത് സിൻവാറിന്റെ പലസ്തീൻ വിമോചന ആശയത്തെ കൂടുതൽ തീവ്രമാക്കിയിരുന്നു.

ഇസ്രയേലിന് വേണ്ടി ചാരപ്പണിയെടുക്കുന്ന പലസ്തീനികളെ കണ്ടെത്തി ശിക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് സിൻവാർ മജ്ദ് രൂപീകരിച്ചത്. പിന്നീട് ഹമാസ് രൂപീകരണത്തോടെ സിൻവാർ ഹമാസിന്റെ ഭാഗമായി മാറി. സിൻവാർ രൂപീകരിച്ച് മജ്ദ് ഹമാസിന്റെ ന്യൂക്ലിയസായി മാറിയതും ചരിത്രം. പിന്നീട് 1989ലാണ് സിൻവാർ ഇസ്രായേൽ സൈന്യത്തിന്റെ പിടിയിലാകുന്നത്. ഇസ്രയേലി ചാരന്മായി പ്രവർത്തിച്ചുവെന്ന് ആരോപിച്ച് നാല് പലസ്തീനികളെ കൊലപ്പെടുത്തിയതിന്റെ പേരിൽ സിൻവാർ നാല് ജീവപര്യന്തം തടവ് ശിക്ഷക്ക് വിധിക്കപ്പെട്ടു. അന്ന് സിൻവാറിന്റെ പ്രായം 27 വയസ്സായിരുന്നു.

പിന്നീട് 2011ലാണ് സിൻവാർ ജയിൽ മോചിതനായത്. 2006 ൽ സിൻവാറിന്റെ സഹോദരൻ മുഹമ്മദിന്റെ നേതൃത്വത്തിലുള്ള ഹമാസ് പോരാളികൾ ഇസ്രയേലി സൈനികൻ ഗിലാദ് ഷാലിത്തിനെ തട്ടിക്കൊണ്ടു പോയിരുന്നു. ഷാലിത്തിന്റെ മോചനത്തിനായി തയ്യാറാക്കിയ ബന്ദികൈമാറ്റ കരാറിൽ ആയിരത്തോളം വരുന്ന പലസ്തീൻ തടവുകാർക്കൊപ്പമാണ് 2011 ൽ സിൻവാർ ജയിൽ മോചിതനാകുന്നത്. അന്ന് സിൻവാറിന്റെ പ്രായം 49 വയസായിരുന്നു. അപ്പോഴേയ്ക്കും സിൻവാറിന്റെ രണ്ട് നോവലുകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. സിൻവാർ ജയിൽ മോചിതനാകുന്നതിന് ഒരു വർഷം മുമ്പാണ് രണ്ടാമത്തെ നോവലായ ഗ്ലോറി പ്രസിദ്ധീകരിക്കപ്പെട്ടത്.












# ഇന്ത്യ–കാനഡ നയതന്ത്ര തർക്കത്തിന്റെ നാൾവഴികൾ

ഖലിസ്ഥാൻ ഭീകരൻ ഹർദീപ് സിംഗ് നിജ്ജറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിന് പിന്നാലെ ഇന്ത്യ-കാനഡ നയതന്ത്ര തർക്കം ശക്തമാകുകയാണ്. നിജ്ജറുടെ കൊലപാതകത്തിന് പിന്നിൽ ഇന്ത്യൻ ഏജന്റുകളാണെന്ന കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ ആരോപണവും ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം വഷളാക്കി. തർക്കത്തിന് പിന്നാലെ ഇന്ത്യൻ ഹൈക്കമീഷണർ അടക്കം ആറ് നയതന്ത്ര ഉദ്യോഗസ്ഥരെ കാനഡ ഒക്ടോബർ ആദ്യം പുറത്താക്കിയിരുന്നു. പിന്നാലെ ആക്ടിംഗ് ഹൈക്കമീഷണർ അടക്കം ആറ് കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യയും പുറത്താക്കിയിരുന്നു.



**തർക്കം ഇതുവരെ**

1. ഖലിസ്ഥാൻ ഭീകരനായ ഹർദീപ് സിംഗ് നിജ്ജറിന്റെ കൊലപാതകത്തിന് പിന്നിൽ ഇന്ത്യൻ ഏജന്റുമാരാണെന്ന് വ്യക്തമാക്കുന്ന തെളിവുകൾ തങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ആരോപിച്ച് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ രംഗത്തെത്തി. 2023 സെപ്തംബറിലാണ് ട്രൂഡോ ഈ ആരോപണമുന്നയിച്ചത്.

2. 2020ൽ ഇന്ത്യാ ഗവൺമെന്റ് ഭീകരനായി മുദ്രകുത്തിയ നിജ്ജർ 2023 ജൂൺ 18നാണ് കൊല്ലപ്പെട്ടത്. സറേയിലെ സിഖ് ക്ഷേത്രത്തിന് പുറത്ത് വെച്ചാണ് ഹർദീപിനെ അജ്ഞാതർ കൊലപ്പെടുത്തിയത്.

3. ട്രൂഡോയും റോയൽ കനേഡിയൻ മൗണ്ടഡ് പോലീസും ഇന്ത്യൻ നയതന്ത്രർക്കെതിരെ ആരോപണവുമായി രംഗത്തെത്തി. കാനഡയിലെ സിഖ് വംശജരായ വിഘടനവാദികളെ പ്പറ്റിയുള്ള വിവരങ്ങൾ ഇന്ത്യൻ നയതന്ത്രജ്ഞർ ചില ക്രൈം ഗ്രൂപ്പുകൾക്ക് കൈമാറുകയാണെന്ന് ട്രൂഡോ ആരോപിച്ചു.

4. നരേന്ദ്രമോദി സർക്കാരിന്റെ വിമർശകരായ കാനഡയിലെ പൗരൻമാരുടെ വിവരങ്ങൾ ഇന്ത്യൻ നയതന്ത്രജ്ഞർ ശേഖരിച്ച് ഇന്ത്യാ ഗവൺമെന്റിനും അധോലോക ഗുണ്ടാസംഘങ്ങൾക്കും കൈമാറുകയാണെന്ന് ട്രൂഡോ പരസ്യപ്രസ്താവനയും നടത്തി.

5. എന്നാൽ കാനഡയുടെ ആരോപണങ്ങളെ തള്ളി ഇന്ത്യ രംഗത്തെത്തി. ട്രൂഡോയുടെ രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണ് ഇത്തരം ആരോപണങ്ങൾ എന്ന് ഇന്ത്യ പറഞ്ഞു. കാനഡയിലെ ഖലിസ്ഥാൻ ഭീകരരെ പിന്തുണയ്ക്കുന്ന ട്രൂഡോ സർക്കാരിന്റെ നയത്തെയും ഇന്ത്യ വിമർശിച്ചു.

6. പിന്നാലെ ആറ് കനേഡിയൻ നയതന്ത്രജ്ഞരെ ഇന്ത്യ പുറത്താക്കി. ഇതിന് മറുപടിയായി ആറ് ഇന്ത്യൻ നയതന്ത്രജ്ഞരോട് രാജ്യം വിടാൻ കാനഡയും ഉത്തരവിട്ടു.

7. കനേഡിയൻ ബോർഡർ സർവീസ് ഏജൻസി (സിബിഎസ്എ) ഉദ്യോഗസ്ഥനായ സന്ദീപ് സിംഗ് സിദ്ധുവിനെ ഇന്ത്യ ഭീകരരുടെ പട്ടികയിലുൾപ്പെടുത്തി അന്വേഷണത്തിന് തുടക്കം കുറിച്ചു. ഇയാൾ പഞ്ചാബിൽ ഭീകര പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നുവെന്നും പാകിസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഖലിസ്ഥാൻ ഭീകരൻ ലഖ്ബീർ സിംഗ് റോഡുമായി ഇയാൾക്ക് ബന്ധമുണ്ടെന്നും ഇന്ത്യ ആരോപിച്ചു.

8. കാനഡയിൽ ശേഷിക്കുന്ന ഇന്ത്യൻ നയതന്ത്രജ്ഞരെയും നിരീക്ഷിച്ച് വരികയാണെന്ന സൂചന നൽകി കനേഡിയൻ വിദേശകാര്യമന്ത്രി മെലാനി ജോളി രംഗത്തെത്തി. നിജ്ജറുടെ കൊലപാതകവുമായി ബന്ധപ്പെട്ട് കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സഞ്ജയ് കുമാർ വർമ, മറ്റ് ചില നയതന്ത്ര ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയും ട്രൂഡോ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചിരുന്നു.

9. ഇന്ത്യ കാനഡ നയതന്ത്രം ബന്ധം വഷളാകുന്നത് വിസ നയങ്ങളെ നേരിട്ട് ബാധിക്കാൻ ഇടയാകില്ലെന്ന് വിദഗ്ധർ പറയുന്നു. എന്നാൽ നയതന്ത്ര ബന്ധം പഴയപടി ആകുന്നത് വരെ ഇക്കാര്യങ്ങളിൽ കാലതാമസം നേരിടാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടുണ്ട്.

10. കാനഡ ഉയർത്തിയ ആരോപണങ്ങൾ ഇന്ത്യ ഗൗരവമായി പരിഗണിക്കണമെന്ന് അമേരിക്ക ആവശ്യപ്പെട്ടു.

അതേസമയം നിജ്ജറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട വിഷയത്തിൽ ട്രൂഡോ ഫൈവ് ഐസിന്റെ സഹായം തേടിയിരുന്നു. യുഎസ്എ, യുകെ, കാനഡ, ഓസ്ട്രേലിയ, ന്യൂസീലാൻഡ് എന്നീ രാജ്യങ്ങളുടെ സഖ്യമാണ് ഫൈവ് ഐസ്. നിജ്ജറിന്റെ കൊലപാതകത്തിൽ ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന ആരോപണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കാനഡ ഫൈവ് ഐസ് പങ്കാളികളുമായി പങ്കുവെച്ചുവെന്നാണ് ട്രൂഡോ വെളിപ്പെടുത്തിയത്.

അതേസമയം നിജ്ജറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ യുഎസ് കാനഡയുമായി പങ്കുവെച്ചെന്ന് ന്യൂയോർക്ക് ടൈംസ് 2023 ൽ റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ കുറച്ച് മാസങ്ങളായി തങ്ങൾ ഫൈവ് ഐസ് പങ്കാളികളുമായി അടുത്ത് പ്രവർത്തിച്ചുവരുന്നു. പ്രത്യേകിച്ച് യുഎസുമായി. നിയമവാഴ്ചയ്ക്കായി തങ്ങൾ സഖ്യകക്ഷികളോടൊപ്പം ചേർന്ന് പ്രവർത്തിക്കുമെന്നും ട്രൂഡോ കഴിഞ്ഞ തിങ്കളാഴ്ച നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞിരുന്നു.

## വോട്ടെടുപ്പിൽ പാർട്ടിയുടെ മോശം പ്രകടനം

# ജസ്റ്റിൻ ട്രൂഡോയോട് അതൃപ്തി പ്രകടിപ്പിച്ചു നിയമസഭാംഗങ്ങൾ

വോട്ടെടുപ്പിൽ പാർട്ടിയുടെ മോശം പ്രകടനത്തെത്തുടർന്ന് കാനഡയിലെ ഭരണകക്ഷിയായ ലിബറലുകളിൽ നിന്നുള്ള നിയമസഭാംഗങ്ങൾ അസന്തുഷ്ടരാണെന്ന് റിപ്പോർട്ട്. ബുധനാഴ്ച നിയമസഭാംഗങ്ങൾ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിരാശ പ്രകടിപ്പിക്കുകയും, പാർട്ടിയുടെ മോശം പ്രകടനത്തിന് കുറ്റപ്പെടുത്തുകയും ചെയ്തതായി റിപ്പോർട്ട്.

ട്രൂഡോയ്ക്ക് ഉടനടി അപകടമൊന്നുമില്ലെങ്കിലും, ഒമ്പത് വർഷത്തെ അധികാരത്തിൽ അദ്ദേഹം നേരിട്ട ഏറ്റവും ഗുരുതരമായ രാഷ്ട്രീയ വെല്ലുവിളികളിൽ ഒന്നാണ് ഇത്. പ്രധാന പാർട്ടികൾ സാധാരണയായി ബുധനാഴ്ചകളിൽ യോഗം ചേരും എങ്കിലും ഇത്തവണ സാഹചര്യങ്ങൾ അസാധാരണമാണ്.

അതേസമയം 2025 ഒക്ടോബർ അവസാനത്തോടെ നടക്കേണ്ട അടുത്ത തെരഞ്ഞെടുപ്പിൽ ലിബറലുകളെ താൻ നയിക്കുമെന്നും പാർട്ടി 'ശക്തവും ഐക്യവുമാണ്' എന്നും ട്രൂഡോ തറപ്പിച്ചുപറയുന്നു. എന്നാൽ പൊതുജനാഭിപ്രായ സർവേകൾ സൂചിപ്പിക്കുന്നത് അദ്ദേഹവും പാർട്ടിയും പരാജയപ്പെടും എന്നാണ്.

ജൂണിലും സെപ്റ്റംബറിലും നടന്ന പ്രത്യേക തിരഞ്ഞെടുപ്പുകളിൽ പാർട്ടിക്ക് സുരക്ഷിതമായ രണ്ട് പാർലമെന്റ് സീറ്റുകൾ നഷ്ടപ്പെട്ടതിന് പിന്നാലെ ട്രൂഡോയോടുള്ള അതൃപ്തി ഉയർന്നു. അടുത്ത തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പിന്റെ മോശം അവസ്ഥയിൽ ചില നിയമസഭാ സാമാജികർക്ക് അതൃപ്തിയുണ്ട്.

അതേസമയം ട്രൂഡോയ്ക്ക് കാര്യങ്ങൾ മാറ്റാൻ ഇനിയും സമയമുണ്ടെന്ന് സഹ ലിബറൽ നഥാനിയൽ എർസ്കിൻ സ്മിത്ത് പറഞ്ഞു.

# കാത്തിരിപ്പ് അവസാനിക്കുന്നു; വരുന്നു പറക്കും ടാക്സികൾ

ഫ്ളൈയിംഗ് എയർ ടാക്സികൾ എങ്ങനെ ഉപയോഗിക്കാമെന്നതിനെ കുറിച്ചുള്ള നിയമങ്ങൾ യുഎസ് ഉദ്യോഗസ്ഥർ പുറപ്പെടുവിച്ചതിന് ശേഷം കാര്യങ്ങൾ ഒരുപടി കൂടി കടക്കുകയാണ്. പറക്കും ടാക്സികൾക്കായി ഇനി അധികം കാത്തിരിക്കേണ്ടി വരില്ല എന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

ഫെഡറൽ റെഗുലേറ്റർമാർ വിമാനം പ്രവർത്തിപ്പിക്കുന്നതിനുള്ള അന്തിമ നിയമവും അവ പറത്താൻ പൈലറ്റുമാരെ എങ്ങനെ പരിശീലിപ്പിക്കും എന്നതുമായി ബന്ധപ്പെട്ട് വൈദ്യുതിയിൽ പ്രവർത്തിക്കുന്ന എയർ ടാക്സികൾക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതേസമയം യാത്രക്കാരെ വിമാനത്താവളങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഒരു മാർഗമായാണ് എയർ ടാക്സികളെ എയർലൈനുകൾ കാണുന്നത്.

2022ൽ ജോബിയിൽ 60 മില്യൺ ഡോളർ ഇതിൽ നിക്ഷേപിക്കുമെന്ന് ഡെൽറ്റ എയർലൈൻസ് പറഞ്ഞു. ടൊയോട്ട 500 മില്യൺ ഡോളർ നിക്ഷേപം പ്രഖ്യാപിച്ചു. യുണൈറ്റഡ് എയർലൈൻസ് കാലിഫോർണിയ ആസ്ഥാനമായുള്ള മറ്റൊരു കമ്പനിയായ ആർച്ചർ ഏവിയേഷനെ 200 വിമാനങ്ങൾക്കുള്ള ഓർഡറുമായി പദ്ധതിയെ പിന്തുണയ്ക്കുന്നു എന്നും റിപ്പോർട്ടുണ്ട്.

എയർ ടാക്സികളെ തികച്ചും പുതിയ തരം വിമാനമായാണ് നിയമം അംഗീകരിക്കുന്നത് എന്നും അത് ഉടൻ തന്നെ ആകാശത്ത് എത്തിച്ചേരും എന്നും ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ മേധാവി മൈക്ക് വിറ്റേക്കർ പറഞ്ഞു.

ഈ വിമാനങ്ങൾ ഹെലികോപ്റ്ററുകൾ പോലെ പറന്നുയരുകയും ലാൻഡ് ചെയ്യുകയും ചെയ്യുന്നു. പല കമ്പനികളും അവ വിപണിയിൽ എത്തിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവയുടെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ അവർ പിന്നോട്ട് പോവുകയായിരുന്നു. അതേസമയം പുതിയ വിമാനം രാജ്യത്തിന്റെ വ്യോമാതിർത്തിയിലേക്ക് മടക്കാൻ എഫ്എഎ പ്രവർത്തിക്കുമ്പോൾ സുരക്ഷയ്ക്ക് ഊന്നൽ നൽകുന്നുണ്ടെന്ന് വിറ്റേക്കർ വ്യക്തമാക്കി.

2026ൽ തന്നെ ആദ്യത്തെ പറക്കുന്ന ടാക്സി യുഎസിലെ ആകാശത്ത് എത്തുമെന്ന് ഈ വർഷം ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. റിപ്പോർട്ടുകൾ പ്രകാരം അടുത്ത ആറ് വർഷത്തിനുള്ളിൽ ഡ്രൈവറില്ലാ പറക്കും ടാക്സികളും യാഥാർത്ഥ്യമാകും.




# ദിവ്യയ്ക്കെതിരെ നടപടി: മുഖ്യമന്ത്രിയുടെ ഉറപ്പിലും അന്വേഷണം പ്രഹസനം

തിരുവനന്തപുരം: കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ മരണത്തിലേക്ക് വഴിവച്ച സംഭവത്തിൽ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് പി.പി. ദിവ്യയ്ക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രിയും സി.പി. എമ്മും ആവർത്തിച്ചു പറഞ്ഞിട്ടും പോലീസ് അന്വേഷണം പ്രഹസനമായി തുടരുന്നതിൽ പ്രതിഷേധം വ്യാപകം. ആത്മഹത്യാ പ്രേരണക്കുറ്റമായിട്ടും ദിവ്യയെ വിളിപ്പിക്കാനോ, ചോദ്യംചെയ്യാനോ കഴിയാത്ത വിധം പോലീസിന് ആഭ്യന്തര വകുപ്പ് വിലങ്ങിട്ടെന്നാണ് വിമർശനം.




ദിവ്യയെ പോലീസ് സംരക്ഷിക്കുകയും പാർട്ടിയും സർക്കാരും നവീൻ ബാബുവിന്റെ കുടുംബത്തിനൊപ്പമാണെന്ന് പറയുകയും ചെയ്യുന്നത് ഇരട്ടത്താപ്പാണെന്ന കടുത്ത വിമർശനം ഇപ്പോൾ നടന്നുവരുന്ന സി.പി.എം ലോക്കൽ സമ്മേളനങ്ങളിലും ഉയരുന്നു. കണ്ണൂരിലെ ഒരു നേതാവിനുവേണ്ടി ഒരു പാർട്ടിക്കുടുംബത്തെ ഒന്നാകെ ബലികൊടുക്കുന്നത് പാർട്ടിയുടെ വിശ്വാസ്യതയെയാണ് ബാധിക്കുന്നത്. ജനങ്ങൾ ഇതെല്ലാം തിരിച്ചറിയുന്നുണ്ടെന്നും ഉപതിരഞ്ഞെടുപ്പിൽ തിരിച്ചടിയാവുമെന്നും സമ്മേളന പ്രതിനിധികൾ മുന്നറിയിപ്പ് നൽകുന്നു.

അതേസമയം, നവീൻ ബാബുവിന്റെ അകാല വിയോഗം അതീവ ദുഃഖകരമെന്നും സത്യസന്ധരായ ഉദ്യോഗസ്ഥരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യാൻ ആരെയും അനുവദിക്കില്ലെന്നും സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി ഉണ്ടാവുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു.

നവീൻബാബുവിന്റെ വേർപാടുണ്ടായി ഒമ്പതുദിവസം പിന്നിടുമ്പോഴാണ് മുഖ്യമന്ത്രി പരസ്യ പ്രതികരണത്തിന് തയ്യാറായത്. സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ വാർഷികമായിരുന്നു വേദി.

ദിവ്യയുടെ മുൻകൂർ ജാമ്യഹർജി ഇന്ന് തലശേരി പ്രൻസിപ്പൽ സെഷൻസ് കോടതി പരിഗണിക്കുന്നുണ്ട്. അതിലെ തീർപ്പിന് കാത്തിരിക്കുകയാണ് പോലീസ്. അപേക്ഷ തള്ളിയാൽ, ഹൈക്കോടതിയെയും വേണ്ടിവന്നാൽ സുപ്രീം കോടതിയെയും സമീപിക്കാൻ ദിവ്യയ്ക്ക് അവസരം ഒരുക്കാനാണ് പോലീസിന്റെ മെല്ലെപ്പോക്ക്. വകുപ്പുതല അന്വേഷണം നടത്തുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണറും ദിവ്യയ്ക്ക് സാവകാശം നൽകിയിരിക്കുകയാണ്.

### ദിവ്യയ്ക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്ന്

അടുത്തിടെ എൽ.ഡി.എഫ് നേതൃയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉറപ്പ് നൽകിയിരുന്നു. അതോടൊപ്പം, പാർട്ടിയിലും സി.പി.ഐയിലും ഉയരുന്ന പരസ്യ വിമർശനങ്ങൾ വിലക്കുകയും ചെയ്തിരുന്നു.

സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ നവീൻ ബാബുവിന്റെ കുടുംബത്തെ സന്ദർശിച്ച് പാർട്ടി അവർക്ക് ഒപ്പമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

### സി.ഐയുടെ അന്വേഷണം കണ്ണിൽ പൊടിയിടാൻ

1. ആത്മഹത്യാ പ്രേരണക്കുറ്റം എസ്.പിയോ, അതിനേക്കാൾ ഉയർന്ന റാങ്കിലെ പോലീസ് ഉദ്യോഗസ്ഥനോ ആണ് നിയമപ്രകാരം അന്വേഷിക്കേണ്ടത്. മരണം നടന്ന് ഒൻപത് ദിവസം കഴിഞ്ഞിട്ടും ടൗൺ സി.ഐയ്ക്കാണ് അന്വേഷണ ചുമതല. ജില്ലാ കളക്ടർപോലും സംശയ നിഴലിലായ കേസിൽ സി.ഐയുടെ അന്വേഷണത്തിനും ചോദ്യം ചെയ്യലിനും പരിമിതിയുണ്ട്.

2. പെട്രോൾ പമ്പിന് എൻ.ഒ.സിക്കായി നവീൻ ബാബു കൈക്കൂലി വാങ്ങിയെന്നാരോപിച്ച് അപേക്ഷകനായ പ്രശാന്തൻ മുഖ്യമന്ത്രിക്ക് അയച്ചതായി പറയുന്ന പരാതി തയ്യാറാക്കിയത് സി.പി.എം സംസ്ഥാന സംഘടനാ സംവിധാനത്തിന്റെ ഭാഗമായ നേതാവാണെന്ന സൂചന പുറത്തുവന്നതും സർക്കാരിനെ പ്രതിക്കൂട്ടിലാക്കി.

ചില ഔദ്യോഗിക ചുമതലകൾ വഹിക്കുന്ന നേതാവ് തിരുവനന്തപുരത്ത് പരാതി തയ്യാറാക്കി പ്രശാന്തന്റെ പേരെഴുതി വ്യാജ ഒപ്പിട്ട് മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതന് കൈമാറിയെന്നാണ് സൂചന.

നവീൻ ബാബുവിന്റെ അകാല വിയോഗം അതീവ ദുഃഖകരമാണ്. ഇത് ആവർത്തിക്കാതിരിക്കാൻ നടപടികൾ ഉണ്ടാവും.

### പ്രശാന്തന്റെ പരാതി: ഉത്തരംമുട്ടി സർക്കാരും പാർട്ടിയും

എ.ഡി.എം നവീൻ ബാബുവിനെതിരെ കൈക്കൂലി ആരോപണമുന്നയിച്ച് മുഖ്യമന്ത്രിക്ക് കൊടുത്തുവെന്നു പറയുന്ന ടി.വി പ്രശാന്തന്റെ പരാതി തയ്യാറാക്കിയത് തിരുവനന്തപുരത്തെ പാർട്ടി കേന്ദ്രത്തിലെന്ന വിവരം പുറത്തുവന്നത് സി.പി.എമ്മിന് മറ്റൊരു പ്രഹരമായി. കണ്ണൂർ സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് അംഗവും ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷയുമായിരുന്ന പി.പി ദിവ്യ എ.ഡി.എമ്മിനെതിരെ ഉന്നയിച്ച ആരോപണങ്ങൾക്ക് കരുത്തു പകരാൻ ചമച്ച വ്യാജപരാതിയാണെന്ന ആക്ഷേപം നേരത്തെ ഉയർന്നിരുന്നു.

തിരുവനന്തപുരത്ത് വച്ചു ഇതു തയ്യാറാക്കിയത് സി.പി.എം സംസ്ഥാന സംഘടനാ സംവിധാനത്തിന്റെ ഭാഗമായ വ്യക്തിയാണെന്ന റിപ്പോർട്ടാണ് പുറത്ത് വന്നത്. പ്രശാന്തന്റെ പേരെഴുതി വ്യാജ ഒപ്പിട്ടതും പരാതി മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതന് കൈമാറിയതും ഇദ്ദേഹമാണെന്നാണ് സൂചന.

പരാതി പരിശോധിക്കാൻ സർക്കാരും വസ്തുതയറിയാൻ പാർട്ടിയും ഏതെങ്കിലും തരത്തിലുള്ള അന്വേഷണം തുടങ്ങിയതായി അറിവില്ല. കൃത്യമായ അന്വേഷണം പൊലീസ് നടത്തിയാൽ സർക്കാരിനും സി.പി.എമ്മിനും തലവേദനയായേക്കുമെന്നും ആശങ്കയുണ്ട്.










# ദിവ്യയുടെ ഒളിവു ജീവിതത്തിന് ഒരാഴ്ച




കണ്ണൂർ: എ.ഡി.എം നവീൻ ബാബുവിന്റെ ആത്മഹത്യാകേസിൽ പ്രതിയായ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യയുടെ ഒളിവു ജീവിതം ഒരാഴ്ച പിന്നിട്ടു. മുൻകൂർ ജാമ്യഹർജിയിൽ ഇന്ന് തലശേരിയിലെ കോടതി എന്തു പറയുമെന്ന ആകാംക്ഷയിലാണ് ദിവ്യയും പാർട്ടിയും പോലീസും.

ആത്മഹത്യ പ്രേരണകുറ്റത്തിന് ദിവ്യ ഒന്നാം പ്രതിയാണ്. എന്നിട്ടും ദിവ്യയെ ഒരാഴ്ച അറസ്റ്റിൽ നിന്ന് സംരക്ഷിക്കാൻ പാർട്ടിക്ക് സാധിച്ചു. അന്വേഷണം നടക്കുന്നുണ്ടെന്നും ഇരിണാവിലെ വീട്ടിൽ ദിവ്യയില്ലെന്നുമാണ് പോലീസ് പറയുന്നത്. മൂന്ന് തവണ അവിടെയെത്തിയെങ്കിലും ദിവ്യയെ കണ്ടെത്താൻ കഴിഞ്ഞില്ല. ദിവ്യ എവിടെയാണെന്ന് അറിയില്ലെന്നാണ് ഭർത്താവ് അജിത്തും പറയുന്നത്. കണ്ണൂരിലെ മലയോര കേന്ദ്രമായ പാലക്കയം റിസോർട്ടിൽ ദിവ്യ ഒളിവിൽ കഴിയുന്നുണ്ടെന്ന് വാർത്തകൾ വന്നിരുന്നു. അന്വേഷണം നടത്തിയെന്നും തെളിവ് ലഭിച്ചില്ലെന്നും പോലീസ് പറയുന്നു.

### പൊലീസിന്റെ കൺമുന്നിലൂടെ ഒളിയിടത്തിലേക്ക്

15ന് രാവിലെയാണ് എ.ഡി.എമ്മിനെ കാർട്ടേഴ്സിൽ മരിച്ച നിലയിൽ കാണുന്നത്. അന്നും തുടർന്നുള്ള രണ്ടു ദിവസങ്ങളിലും ദിവ്യ ഇരിണാവിലെ വീട്ടിലുണ്ടായിരുന്നു. 17ന് വൈകിട്ടാണ് കേസിൽ പ്രതി ചേർത്തത്. തുടർന്ന് ദിവ്യ ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷ സ്ഥാനം രാജിവച്ചു. കേസ് അന്വേഷിക്കുന്ന ടൗൺ സ്റ്റേഷന് നൂറുമീറ്റർ മാത്രം ദൂരെ റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടത്തിന് അരികിൽ രഹസ്യമായി എത്തിയാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് രാജിക്കത്ത് കൈമാറിയത്.

അവിടെ നിന്ന് നേരെ ഒളിവിൽ പോകുകയായിരുന്നുവെന്നാണ് സൂചന. മുൻകൂർ ജാമ്യാപേക്ഷ തള്ളിയാൽ, കീഴടങ്ങാൻ പദ്ധതിയുണ്ടെങ്കിൽ പാർട്ടി കാവലിൽ ദിവ്യയെ രഹസ്യമായി കോടതിയിലെത്തിക്കാനാണ് സാധ്യത. ദിവ്യയുടെ ഇരിണാവിലുള്ള വീട്ടിലേക്ക് നടന്ന പ്രതിപക്ഷ പ്രതിഷേധം നേരിടാൻ പാർട്ടി സംരക്ഷണം ഏർപ്പെടുത്തിയിരുന്നു. ദിവ്യയെ മറ്റൊരിടത്തേക്ക് മാറ്റുന്നതിനും പാർട്ടി തന്നെയാണ് മുൻകൈ എടുത്തത്. മുൻകൂർ ജാമ്യഹർജി തലശേരി കോടതി പരിഗണിക്കുന്നതുവരെ കാത്തിരിക്കാൻ പോലീസിന് ആദ്യമേ കണ്ണൂർപാർട്ടിയുടെ നിർദ്ദേശമുണ്ടായിരുന്നു.

### പോലീസ് റിപ്പോർട്ട് കാത്ത് പാർട്ടി

പാർട്ടി സെക്രട്ടറിയും മുഖ്യമന്ത്രിയും ദിവ്യയ്ക്കെതിരെ കർശനനടപടിയുണ്ടാകുമെന്ന് പ്രഖ്യാപിച്ചതോടെ പോലീസ് തെളിവ് ശേഖരണം ശക്തമാക്കിയിരുന്നു. പ്രേരണക്കുറ്റം തെളിയിക്കാവുന്ന വിവരങ്ങളാണ് പോലീസെടുത്ത മൊഴികളിലുള്ളത്. ഇന്ന് കേസ് പരിഗണിക്കുന്ന സാഹചര്യത്തിൽ കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദിവ്യയ്ക്കെതിരെ പാർട്ടി നടപടിയുമുണ്ടായേക്കും. തെളിവുകൾ ശക്തമെങ്കിൽ, സമ്മേളന കാലമെന്ന പരിഗണനയില്ലാതെ നടപടിയുണ്ടാകാനാണ് സാധ്യത.

### അന്വേഷണ റിപ്പോർട്ട് കൈമാറിയില്ല

കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തിയ ലാന്റ് റവന്യു ജോയിന്റ് കമ്മിഷണർ ഗീത.എ ഇന്നലെയും അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചില്ല. മന്ത്രിസഭായോഗം ഉണ്ടായിരുന്നതിനാൽ ഇന്നലെ റവന്യു മന്ത്രി കെ.രാജൻ തലസ്ഥാനത്തുണ്ടായിരുന്നു.

അന്വേഷണ റിപ്പോർട്ട് റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിനാകും ജോയിന്റ് കമ്മിഷണർ കൈമാറുക. പ്രിൻസിപ്പൽ സെക്രട്ടറിയുടെ കുറിപ്പോടെയാകും മന്ത്രിക്ക് നൽകുക. എ.ഡി.എമ്മിന്റെ മരണവുമായി ബന്ധപ്പെട്ട് റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോ എന്നതാണ് പ്രധാനമായും അന്വേഷിക്കുന്നതെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു. മറ്റ് വിഷയങ്ങൾ പോലീസ് അന്വേഷണത്തിന്റെ ഭാഗമാണെന്നും വ്യക്തമാക്കി.

### പ്രശാന്തനെതിരെ ഇ.ഡിക്ക് പരാതി

ടി.വി.പ്രശാന്തന്റെ സാമ്പത്തിക ഉറവിടത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുപ്രവർത്തകനും അഭിഭാഷകനുമായ കുളത്തൂർ ജയ്സിംഗ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് പരാതി നൽകി. കണ്ണൂർ മെഡിക്കൽ കോളേജിലെ ഇലക്ട്രീഷ്യനായ പ്രശാന്തന് കുറഞ്ഞ വേതനമാണുള്ളത്. ജോലി അപേക്ഷയിൽ വരുമാനം കുറഞ്ഞ കുടുംബമെന്നാണ് പറയുന്നത്. പ്രശാന്തന് പമ്പ് ആരംഭിക്കാനുള്ള തുക എവിടെനിന്ന് ലഭിച്ചെന്ന് അന്വേഷിക്കണം. ഇക്കാര്യത്തിൽ സംസ്ഥാന വിജിലൻസ് അന്വേഷണം പ്രഹസനമാക്കിയതിനാലാണ് ഇ.ഡിയെ സമീപിക്കുന്നതെന്നും പരാതിയിൽ പറയുന്നു.

### ദിവ്യക്കെതിരെ യൂത്ത് കോൺ. ലുക്ക്ഔട്ട് നോട്ടീസ്

ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റായിരുന്ന പി.പി.ദിവ്യയ്ക്കെതിരെ ലുക്ക്ഔട്ട് നോട്ടീസിറക്കി യൂത്ത് കോൺഗ്രസ്. എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കേസെടുത്തിട്ടും ദിവ്യയെ അറസ്റ്റ് ചെയ്യാത്ത പൊലീസ് നടപടിയിൽ പ്രതിഷേധിച്ചാണ് 'പി.പി.ദിവ്യ വാണ്ടഡ്' എന്നെഴുതിയ പോസ്റ്റർ പതിച്ചത്. കണ്ണൂർ പൊലീസ് സ്റ്റേഷന് മുന്നിലും മതിലിലും ജില്ലാപഞ്ചായത്ത് കവാടത്തിലും പതിച്ചു. പോസ്റ്റർ പതിക്കാൻ ശ്രമിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇതിനെതിരെ പ്രവർത്തകർ സ്റ്റേഷന് മുന്നിൽ പ്രതിഷേധിച്ചു. പ്രവർത്തകനെ വിട്ടയച്ചശേഷമാണ് പ്രതിഷേധം അവസാനിപ്പിച്ചത്.






# പ്രിയങ്കാ ഗാന്ധി പത്രിക സമർപ്പിച്ചു



കൽപ്പറ്റ: ആയിരങ്ങൾ അണിനിരന്ന റോഡ്ഷോയ്ക്ക് ശേഷം എ.ഐ.സി.സി.ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി വയനാട് കളക്ടറേറ്റിലെത്തി ഉപ തിരഞ്ഞെടുപ്പിൽ നാമനിർദേശപത്രിക സമർപ്പിച്ചു. അമ്പത്തിരണ്ടാമത്തെ വയസിലെ കന്നിയങ്കമാണിത്. വയനാട് ലോക്സഭാ മണ്ഡലം വരണാധികാരി ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീമുമ്പാകെമൂന്ന്സെറ്റ്പത്രികകളാണ് പ്രിയങ്ക നൽകിയത്.

സോണിയാഗാന്ധി, കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, രാഹുൽഗാന്ധി, പ്രിയങ്കയുടെ ഭർത്താവ് റോബർട്ട് വാദ്ര, മകൻ റൈഹാൻ എന്നിവർ ഒപ്പമുണ്ടായിരുന്നു. ഉച്ചയ്ക്ക് ഒന്നരയോടെയായിരുന്നു പത്രിക സമർപ്പിക്കുന്നതിന് പ്രിയങ്ക എത്തിയത്. കളക്ടറേറ്റിലും പരിസരങ്ങളിലും കനത്ത സുരക്ഷ ഒരുക്കിയിരുന്നു.

വർഷങ്ങൾക്കു മുമ്പുതന്നെ പ്രിയങ്കാഗാന്ധിയോട് ഉത്തരേന്ത്യയിലെ വിവിധ മണ്ഡലങ്ങളിൽ മത്സരിക്കണമെന്ന് കോൺഗ്രസ് നേതൃത്വം ആവശ്യപ്പെട്ടിരുന്നെങ്കിലും അവർ തയ്യാറായിരുന്നില്ല. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ അമേതി, റായ്ബറേലി എന്നീ മണ്ഡലങ്ങളിൽ ഏതെങ്കിലും ഒന്നിൽ മത്സരിക്കണമെന്ന് കോൺഗ്രസ് നേതൃത്വം ആവശ്യപ്പെട്ടിരുന്നു.

എന്നാൽ മത്സരത്തിന് തയ്യാറാകാതെ പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു. ഒടുവിലാണ് രാഹുൽ ഗാന്ധി വയനാട്ടിലും റായ്ബറേലിയിലും തിരഞ്ഞെടുക്കപ്പെട്ടതോടെ വയനാട് മണ്ഡലം ഒഴിയാൻ തീരുമാനിച്ചത്. തുടർന്നാണ് വയനാട്ടിൽ സ്ഥാനാർത്ഥിയായത്.

നാമനിർദ്ദേശ പത്രികയിലെ വിവരങ്ങൾ പ്രകാരം യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധിയുടെ കൈവശമുള്ളത് 52,000 രൂപ. ആകെ 4.24 കോടി രൂപയുടെ നിക്ഷേപമാണുള്ളത്. ആസ്തി 11.98 കോടി രൂപ. ഭർത്താവ് റോബർട്ട് വാദ്രയ്ക്ക് 37.91 കോടി രൂപയുടെ നിക്ഷേപമുണ്ട്. 1.15 കോടി രൂപയുടെ സ്വർണം, 29.55 ലക്ഷം രൂപയുടെ വെള്ളി, ഭൂസ്വത്ത് 2.10 കോടി എന്നിങ്ങനെയാണു മറ്റ് ആസ്തികൾ. റോബർട്ട് വാദ്ര യുടെ പേരിൽ ഭൂമിയില്ല.

2004 മോഡൽ ഹോണ്ട സിആർവി കാർ പ്രിയങ്കയ്ക്കു സ്വന്തമായുണ്ട്. ബാദ്ധ്യത 15.75 ലക്ഷം രൂപ, 3 കേസുകളും പ്രിയങ്കയുടെ പേരിലുണ്ട്. 27.64 കോടി രൂപ മൂല്യമുള്ള വാണിജ്യകെട്ടിടങ്ങൾ റോബർട്ട് വാദ്രയ്ക്കുള്ളതായി സത്യവാങ്മൂലത്തിൽ പറയുന്നു.

പ്രിയങ്കയ്ക്ക് 7.74 കോടി രൂപയുടെയും റോബർട്ട് വാദ്രയ്ക്ക് 27.64 കോടി രൂപയുടെയും ഭവനസമുച്ചയങ്ങളും സ്വന്തമാണ്. വാടക, ബാങ്കിൽ നിന്നുള്ള പലിശ, വിവിധ നിക്ഷേപങ്ങൾ എന്നിവയാണു പ്രിയങ്കയുടെ വരുമാനമാർഗം.

ബുദ്ധിസ്റ്റ് സ്റ്റഡീസിൽ യു.കെയിലെ സർവകലാശാലയിൽനിന്ന് പി.ജി ഡിപ്ലോമയുണ്ട്, ഡൽഹി സർവകലാശാലയിൽനിന്ന് ബി.എ സൈക്കോളജിയിലാണ് പ്രിയങ്കാഗാന്ധിയുടെ ബിരുദം.

# പാലക്കാട്ട് രാഹുലിന് അൻവറിന്റെ പിന്തുണ



പാലക്കാട്: പാലക്കാട് മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന് പി.വി.അൻവർ എം.എൽ.എ നിരുപാധിക പിന്തുണ പ്രഖ്യാപിച്ചു. ഫാസിസം കടന്നു വരാതിരിക്കാനാണ് രാഹുലിനെ പിന്തുണക്കുന്നതെന്നും. പാലക്കാട് നടന്ന ഡി.എം.കെ സ്ഥാനാർഥി മിൻഹാജിന്റെ റോഡ്ഷോയ്ക്കു ശേഷം പൊതുയോഗത്തിൽ അൻവർ പറഞ്ഞു.

രാഹുൽ മാങ്കൂട്ടത്തിലിനെ വിജയിപ്പിക്കാനുള്ള പ്രവർത്തനത്തിന് എല്ലാവിധ പിന്തുണയും നൽകാൻ ഇന്നലെ ചേർന്ന ഡി.എംകെ യോഗത്തിൽ തീരുമാനിച്ചു. അത് നേതാക്കളുടെ വലിപ്പം കണ്ടിട്ടല്ല. ഇവിടെ ഇപ്പോഴും കോൺഗ്രസിനെ വളഞ്ഞ വഴിയിലൂടെ വളർത്താൻ ശ്രമിക്കുന്ന സ്വാർത്ഥ സ്വഭാവം കാണാതിരുന്നിട്ടല്ല. രണ്ട് ദിവസം മുമ്പ് അപമാനിച്ചിട്ടും അതെല്ലാം സഹിക്കുകയാണെന്നും അൻവർ പറഞ്ഞു.

രാഹുൽ മാങ്കൂട്ടത്തിലിനെ സ്വതന്ത്രനായി മത്സരിപ്പിക്കണം. ചേലക്കരയിൽ പിണറായിസത്തിന് എതിരെയാണ് പോരാട്ടം. എ.ഐ.സി.സി അംഗമാണ് അവിടെ മത്സരിക്കുന്നത്. കോൺഗ്രസ് നേതൃത്വത്തിലുള്ള നെക്സസിന്റെ ഭാഗമായാണ് എൻ.കെ സുധീർ തഴയപ്പെട്ടത്. ചേലക്കരയിൽ കോൺഗ്രസ് സുധീറിനെ പിന്തുണയ്ക്കണം. രമ്യാ ഹരിദാസിനെ പിൻവലിക്കണം. അമേരിക്കൻ പ്രസിഡന്റ് വന്നാലും ചേലക്കരയിലെ ഡി.എം.കെ സ്ഥാനാർത്ഥിയെ പിൻവലിക്കില്ല. ഇനി ഈ വിഷയത്തിൽ ചർച്ചയുമില്ലെന്നും അൻവർ നിലപാട് വ്യക്തമാക്കി.

പി.വി. അൻവറിന്റെ പിന്തുണ സ്വാഗതാർഹമെന്ന് യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ. പി.വി അൻവർ മുഖ്യമന്ത്രിക്കും സർക്കാരിനെതിരെ നടത്തിയ വെളിപ്പെടുത്തലുകൾ കോൺഗ്രസും യു.ഡി.എഫും എത്രയോ കാലമായി പറയുന്നതാണ്.

മുഖ്യമന്ത്രിയിലെ ഫാസിസ്റ്റിനെ കൃത്യമായി തുറന്നു കാട്ടിയത് കേരളത്തിലെ പ്രതിപക്ഷമാണ്. പ്രതിപക്ഷം പറഞ്ഞിട്ടുള്ളത് മാത്രമാണ് അൻവർ പറഞ്ഞത്. വർഗീയതയെ പരാജയപ്പെടുത്താൻ യു.ഡി.എഫിന് മാത്രമേ സാധിക്കൂവെന്ന് എല്ലാവരും തിരിച്ചറിയുന്നു. ആ തിരിച്ചറിവാകും അൻവറിനെയും ഇത്തരത്തിൽ ഒരു തീരുമാനത്തിലേക്ക് എത്തിച്ചത്. അതേസമയം, സാധാരണക്കാരുടെ അവകാശങ്ങളും ക്ഷേമ പദ്ധതികളും തകർത്തെറിഞ്ഞ സർക്കാരിനെതിരെ സമരം ചെയ്തതിന്റെ പേരിൽ സർക്കാർ തന്നെ വേട്ടയാടുകയാണെന്നും രാഹുൽ പറഞ്ഞു.










# രാഷ്ട്രീയ കൊലപാതകം 'പ്രോട്ടോകോൾ' നിഴലിൽ







ബാബു കദളിക്കാട്

'ഒരുവൻ തന്നെക്കളഞ്ഞൊരിടം രക്ഷിക്കണം': മഹാകവി ഉള്ളൂരിന്റെ ഈ വരികൾക്ക് പുതിയ അർത്ഥമേകുന്ന ചർച്ചകളിലേക്കു പരിണമിക്കുന്നു എ.ഡി.എം നവീൻ ബാബുവിന്റെ ആത്മഹത്യ. കനകസിംഹാസനമേറിയ രാഷ്ട്രീയ ശുംഭത്വത്തിന്റെ 'പ്രോട്ടോകോൾ' ഉഡായിപ്പിൽ കുരുങ്ങി ശ്വാസം മുട്ടുന്ന ബ്യൂറോക്രസിയുടെയും പോലീസ് സേനയുടെയും ദുരവസ്ഥ ഭാഗികമായെങ്കിലും കണ്ടറിയുന്നു ഇതോടെ പൊതുജനങ്ങൾ.

ഉത്തരം കിട്ടാത്ത നിർണായക ചോദ്യങ്ങൾ ബാക്കിയാക്കിയാണ് എ.ഡി.എം കെ. നവീൻ ബാബു ജീവനൊടുക്കിയത്. നവീൻ ബാബുവിന്റെ മരണത്തിൽ മുഖ്യമായും ആരോപണമുനയിൽ നിൽക്കുന്നു കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ. ക്ഷണിക്കാത്ത സദസിൽ വലിഞ്ഞുകയറിച്ചെല്ലാനും ഉള്ളിലെ ധാർഷ്ട്യം അവിടെ ശർദ്ദിക്കാനും ദിവ്യയ്ക്ക് ധൈര്യം നൽകി അധികാരപ്രമത്തത. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആണെന്ന അഹന്തയാണ് അഡീഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനുനേരെ പോലും കുതിരകയറാൻ പി.പി ദിവ്യയെന്ന സി.പി.എം നേതാവിന് കരുത്തായത്.

എ.ഡി.എമ്മിന് കലക്ടറേറ്റിൽ സഹപ്രവർത്തകർ നൽകിയ യാത്രയയപ്പ് ചടങ്ങിൽ ദിവ്യയെ ക്ഷണിച്ചിരുന്നില്ലെന്നാണ് മാധ്യമപ്രവർത്തകരോട് കലക്ടർ അരുൺ കെ. വിജയൻ പറഞ്ഞത്. വേദിയിലേക്ക് ദിവ്യ അതിക്രമിച്ചുകയറുകയായിരുന്നുവെന്ന് ചടങ്ങ് സംഘടിപ്പിച്ച റവന്യൂ സ്റ്റാഫ് കൗൺസിൽ ഭാരവാഹികളും പറയുന്നു. ആഹ്ളാദഭരിതമാകേണ്ടിയിരുന്ന ചടങ്ങിനെ വിഷംതീണ്ടിയ വാക്കുകളാൽ മലീമസമാക്കിയാണ് പി.പി ദിവ്യ ഇറങ്ങിപ്പോയത്.

ചെറുപ്രായത്തിൽ എൽ.ഡി ക്ലർക്ക് ആയി ഔദ്യോഗികജീവിതം ആരംഭിച്ച നവീൻ ബാബു അഡിഷനൽ ജില്ലാ മജിസ്ട്രേറ്റ് പദവി വരെ എത്തിയത് ആത്മാർഥതയും മിടുക്കും അഴിമതി പുരളാത്ത ട്രാക്ക് റെക്കോർഡുമായാണ്. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ഗുഡ്ബുക്കിൽ അദ്ദേഹം ഇടംപിടിച്ചത്. അങ്ങനെയുള്ള ഒരുദ്യോഗസ്ഥനെ ഭർത്സിക്കാനും ക്രൂരവാക്കിനാൽ ജീവനെടുക്കാനും ഒരു ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനു ലഭിക്കുന്ന 'പ്രോട്ടോകോൾ അധികാരം' ജനാധിപത്യത്തിനു ഭീഷണിയാണെന്ന കാര്യം സി.പി.എം നേതാക്കൾക്ക് മനസിലായതിന്റെ ലക്ഷണങ്ങളല്ല ഇതുവരെയുള്ളത്.

എ.ഡി.എം നവീൻ ബാബു കണ്ണൂർ ചെങ്ങളായിലെ പെട്രോൾ പമ്പിന് എൻഒസി നൽകിയത് നിയമപരമായെന്നാണ് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ അന്വേഷണത്തിൽ കണ്ടെത്തിയത്. ഫയൽ ബോധപൂർവം വൈകിപ്പിച്ചതിനോ കൈക്കൂലി വാങ്ങിയതിനോ തെളിവില്ലെന്ന് വ്യക്തമായി. എൻഒസി ബോധപൂർവ്വം വൈകിപ്പിച്ചു, അനുമതിക്കായി കൈക്കൂലി വാങ്ങി എന്നീ രണ്ട് ആരോപണങ്ങളാണ് നവീൻ ബാബുവിനെതിരെ ഉയർന്നത്. ലാൻഡ് റവന്യു ജോയിന്റ് കമ്മീഷണറുടെ അന്വേഷണത്തിൽ രണ്ടും സാധൂകരിക്കുന്ന ഒരു തെളിവും കിട്ടിയില്ല. ചെങ്ങളായിലെ റോഡിന് വളവുള്ളത് കൊണ്ട് പമ്പിന് അനുമതി നൽകരുതെന്നായിരുന്നു പൊലീസ് റിപ്പോർട്ട്. തുടർന്ന് എ.ഡി.എം ടൗൺ പ്ലാനിംഗ് വകുപ്പിനോട് റിപ്പോർട്ട് തേടി.

ഭാവിയിൽ റോഡിന്റെ വീതി കൂട്ടാൻ തീരുമാനമുണ്ടെന്ന റിപ്പോർട്ടിനെ തുടർന്ന് പ്ലാനിംഗ് വകുപ്പ് അനുമതി നൽകി. അപേക്ഷ താമസിപ്പിച്ചില്ലെന്ന് മാത്രമല്ല പൊലീസ് റിപ്പോർട്ട് എതിരായിട്ടും പ്ലാനിംഗ് വകുപ്പിനോട് റിപ്പോർട്ട് തേടിയതും അപേക്ഷകനെ സഹായിക്കാനാണെന്നാണ് വിലയിരുത്തൽ. കോഴയ്ക്കും തെളിവുകൾ ഇല്ല. അഴിമതി ആക്ഷേപം ഉന്നയിച്ച പി.പി. ദിവ്യക്ക് തെളിവുകൾ ഹാജരാക്കാനുള്ള അവസരമായിരുന്നു റവന്യു അന്വേഷണം. പക്ഷേ, ദിവ്യ മൊഴി നൽകിയില്ല. കൈക്കൂലി കൊടുത്തുവെന്ന് ആരോപണം ഉന്നയിച്ച പ്രശാന്തന്റെ മൊഴികൾ പരസ്പര വിരുദ്ധമായവ ശേഷിക്കുന്നു.

### മൃഗയാവിനോദം

ഇംഗിതത്തിനു വഴങ്ങാത്ത ഉദ്യോഗസ്ഥരെ നിറുത്തിപ്പൊരിക്കലും ട്രാൻസ്ഫർ വാളിനാൽ വെട്ടിമുറിവേൽപ്പിക്കലും കാലങ്ങളായി രാഷ്ട്രീയ നേതാക്കളുടെ മൃഗയാവിനോദമാണ്. മിക്കപ്പോഴും ഇത്തരത്തിൽ രാഷ്ട്രീയക്കാരുടെ വേട്ടമൃഗമാകുന്നത് അഴിമതിക്കാശിൽ കണ്ണുമഞ്ഞളിക്കാത്ത, നേർവഴിക്കുമാത്രം ജോലിചെയ്യുന്ന സർക്കാരുദ്യോഗസ്ഥരാണെന്നതാണ് വസ്തുത. ഈ ദുഷ്പ്രവണതയിലെ ഒടുവിലത്തെ ബലിയാടാണ് നവീൻ ബാബു.

ഇത്തരം രാഷ്ട്രീയ വേട്ടകളിൽ മുറിവേറ്റിട്ടും ആത്മാഹുതിയിൽ അഭയംതേടാതെ നൂറുകണക്കിന് നവീൻ ബാബുമാർ സർക്കാർ ലാവണങ്ങളിൽ നിരന്തരം സ്ഥലംമാറ്റപ്പെട്ടും പ്രൊമോഷനുകൾ തടഞ്ഞുവയ്ക്കപ്പെട്ടും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടും തുടരുന്നുണ്ട്. സത്യസന്ധരായ സർക്കാർ ജീവനക്കാരെ വരച്ചവരയിൽ നിർത്തുന്നതിലും പൊതുമധ്യത്തിൽ വിരട്ടുന്നതിലും കൊടിനിറം പോലും ബാധകമാകാതെ സകല പാർട്ടികളിലുംപെട്ട പ്രാദേശിക നേതാക്കൾ മുതൽ മുകളിലോട്ടുള്ളവർ ഉണ്ടെന്നതും യാഥാർത്ഥ്യം.

സർക്കാർ ഓഫീസുകളൊക്കെ നേരേ ചൊവ്വേ പ്രവർത്തിക്കുന്നുവെന്നോ, ഉദ്യോഗസ്ഥരൊക്കെ അഴിമതിമുക്തരെന്നോ ആർക്കും അഭിപ്രായമുണ്ടാകില്ല. സാധാരണക്കാർ എന്തെങ്കിലും ഒരുകാര്യത്തിന് സർക്കാർ ഓഫീസിൽ പലതവണ പോയിട്ടും നടക്കാതെ വരുമ്പോഴാണ് ഗതികെട്ട് രാഷ്ട്രീയനേതാക്കളുടെ ശുപാർശയ്ക്കു പോകുന്നത്. നേതാക്കൾ വിളിച്ചു പറയുന്ന മാത്രയിൽ ഫയലുകൾക്കു ജീവൻവയ്ക്കുന്നതും കൺമുന്നിലെ സത്യം.

തങ്ങളുടെമേൽ കുതിരകയറാനുള്ള സ്വാതന്ത്ര്യം രാഷ്ട്രീയക്കാർക്കു നൽകുന്നതിൽ സർക്കാർ ഉദ്യോഗസ്ഥരിൽ ചെറിയൊരു വിഭാഗത്തിനെങ്കിലും പങ്കുണ്ട്. അത്തരക്കാരാകട്ടെ ഭരിക്കുന്നവരുടെ വിനീതദാസരായി നിന്ന് അനർഹമായ പലതുംസ്വന്തമാക്കുന്നുമുണ്ട്. ഈ 'ഒക്കച്ചെങ്ങാത്ത' ത്തിനു വഴിപ്പെടാത്തവരെ പാറശാലയിലേക്കോ കാസർകോട്ടേക്കോ ഷട്ടിൽ ട്രാൻസ്ഫറുകളാൽ തെക്കുവടക്ക് പറത്തുന്നതും ഭീഷണിപ്പെടുത്തുന്നതും സാധാരണ സംഭവം.

പൊലിസ്, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് രാഷ്ട്രീയ വേട്ടയുടെ ഇരകളാകുന്നതിലേറെയും. പൊലിസ് സേനയിലെ ഭയാനകമായ ആത്മഹത്യാനിരക്ക് ഇതിന്റെ സൂചികയാണ്. 81 പൊലിസ് ഉദ്യോഗസ്ഥരാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ജീവനൊടുക്കിയത്. ജോലി സമ്മർദമാണ് മിക്ക ആത്മഹത്യകൾക്കും കാരണം പറയുന്നതെങ്കിലും ചിലതെല്ലാം ഇത്തരത്തിൽ രാഷ്ട്രീയ നേതാക്കളുടെ അനിഷ്ടം കൊണ്ടു കൂടിയാണ്.

തന്റെ 'അധികാര പരിധി'യിലെ പൊലിസ് സ്റ്റേഷനിൽ ഒരുദ്യോഗസ്ഥൻ പാർട്ടിക്കോ തനിക്കോ അനഭിമതനായാൽ ലോക്കൽ നേതാവ് ഉന്നതങ്ങളിലേക്ക് നീട്ടിയൊരു വിളിയുണ്ട്. ആ വിളി പിന്നീട് ഡി.ജി.പി വഴി താഴേക്ക് കറങ്ങിത്തിരിഞ്ഞെത്തും. അതോടെ നീതിമാനായ പൊലിസ് ഓഫിസർ നേതാവിനൊപ്പം മേലധികാരിയുടെയും കണ്ണിലെ കരടാകും. ആത്മാഭിമാനം വ്രണപ്പെട്ട് ജോലി ഉപേക്ഷിക്കാൻ പോലും ഗതിയില്ലാതാകുമ്പോൾ അയാൾക്കുമുന്നിൽ മരണവഴിമാത്രം. നവീൻ ബാബുവിന്റെ മരണത്തിൽ രാഷ്ട്രീയഹുങ്കിന്റെ അത്തരം ഇടപെടലാണുണ്ടായത്.

'തിരുവനന്തപുരത്തേക്കുള്ള വിളി'ക്കുപകരം സഹപ്രവർത്തകരുടെ മധ്യത്തിൽ എ.ഡി.എമ്മിനെതിരേ കൊലവിളി നടത്തുകയായിരുന്നു പി.പി ദിവ്യ. അതുകൊണ്ടുതന്നെ നവീൻബാബുവിന്റെ മരണം രാഷ്ട്രീയക്കൊല തന്നെയാണ്. വാളിനേക്കാൾ മൂർച്ച വാക്കിനുണ്ടെന്ന് ദിവ്യയ്ക്കു നല്ല ബോധ്യമുള്ളതിനാലാണ് രംഗബോധമില്ലാത്ത കോമാളിയെപ്പോലെ വിഷംപുരട്ടിയ വാക്കുകൾ മനസിൽ കുറിച്ചിട്ട് ക്ഷണിക്കാത്ത സദസിൽ അവരെത്തിയതും.

അമാന്യമായ ഭാഷ ഹിംസാത്മകവും അതുകൊണ്ടുതന്നെ ജനാധിപത്യവിരുദ്ധവുമാകും. ജനാധിപത്യത്തിന്റെ ആത്യന്തികലക്ഷ്യം ഓരോ മനുഷ്യന്റെയും അന്തസ്സാണ്. ഒരാൾ എന്നത് സഹജീവികൾക്കു മുന്നിൽ അയാളുടെ ഭാഷ തന്നെ. ഇക്കാര്യം ഇനിയെങ്കിലും രാഷ്ട്രീയനേതാക്കൾ മനസിലാക്കണം. തങ്ങൾ പറയുന്നതെന്തും തൊണ്ടതൊടാതെ വിഴുങ്ങുന്ന ഒരു സമൂഹമല്ല മുന്നിലുള്ളതെന്ന ബോധ്യവും നേതാക്കൾക്കുണ്ടാകണം.

# ഹാരിസിന്റെ പദ്ധതി ട്രംപിനേക്കാൾ മികച്ചതെന്ന് നൊബേൽ ജേതാക്കളായ സാമ്പത്തിക വിദഗ്ധർ



ന്യൂയോർക്ക്: കമല ഹാരിസിന്റെ പദ്ധതി ട്രംപിനേക്കാൾ വളരെ മികച്ചതാണെന്ന് നൊബേൽ ജേതാക്കളായ സാമ്പത്തിക വിദഗ്ധർ വ്യക്തമാക്കുന്നു. ഹാരിസിന്റെ നയങ്ങൾ ശക്തമായ സാമ്പത്തിക പ്രകടനത്തിന് കാരണമാകും. സാമ്പത്തിക വളർച്ച കൂടുതൽ കരുത്തുറ്റതും സുസ്ഥിരവും കൂടുതൽ നീതിയുക്തവുമാകുമെന്ന് ബുധനാഴ്ച ഒരു തുറന്ന കത്തിൽ 23 നൊബേൽ സമ്മാന ജേതാക്കൾ എഴുതി.

23 നോബൽ സ്വീകർത്താക്കളുടെ പട്ടിക, അന്താരാഷ്ട്ര പുരസ്കാരത്തിന് അർഹരായ ജീവിച്ചിരിക്കുന്ന യു.എസിലെ പകുതിയിലധികം പേരെ പ്രതിനിധീകരിക്കുന്നു. ഫെഡറൽ റിസർവിന്റെ സമീപകാല പലിശ നിരക്ക് വെട്ടിക്കുറച്ചതും തൊഴിലില്ലായ്മ നിരക്ക് കുറയുന്നതിനനുസരിച്ച് നിയമനം വർധിച്ചതായി കാണിക്കുന്ന സെപ്തംബറിലെ തൊഴിൽ ഡാറ്റയും വിദഗ്ധർ സൂചിപ്പിക്കുന്നത് ശക്തമായ യുഎസ് സമ്പദ്‌വ്യവസ്ഥ ശരിയായ ദിശയിലേക്ക് നീങ്ങുന്നു എന്നാണ്.

മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താരിഫ്, നികുതി നയങ്ങൾ പണപ്പെരുപ്പമാണെന്ന് സാമ്പത്തിക വിദഗ്ധർ പരക്കെ വീക്ഷിക്കുന്നു. ഇത് ഇതിനകം ട്രില്യൺ ഡോളർ ഫെഡറൽ കമ്മി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു തന്നെ ട്രംപിന്റെ നയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഹാരിസ് നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ മികച്ച കാര്യസ്ഥ ആയിരിക്കുമെന്നും അവർ കത്തിൽ ചൂണ്ടിക്കാട്ടുന്നു. ട്രംപ്, സാമ്പത്തിക വിജയത്തിന്റെ നിയമവാഴ്ചയെ ഭീഷണിപ്പെടുത്തുന്നുവെന്ന് അവർ കുറിക്കുന്നു.

ഹാരിസ് തന്റെ പ്രസിഡൻഷ്യൽ കാമ്പെയ്നിന്റെ ഒരു കേന്ദ്ര ബിന്ദുവായി 'ഓപ്പർച്യൂണിറ്റി ഇക്കോണമി'യെ മാറ്റി. മറ്റ് കാര്യങ്ങൾക്കൊപ്പം, ചെറുകിട ബിസിനസ്സുകളെ കുതിച്ചുയരാൻ സഹായിക്കുന്നതിന് ഭാവി സംരംഭകർക്ക് ഏറെ പ്രതീക്ഷ നൽകുന്നു. പണപ്പെരുപ്പം കുറയ്ക്കുക, വിലക്കയറ്റം, ആദ്യമായി വീട് വാങ്ങുന്നവർക്കുള്ള പ്രോത്സാഹനങ്ങളും അതിൽ ഉൾപ്പെടുന്നു.

ട്രംപിന്റെ സാമ്പത്തിക നയങ്ങൾ, നമ്മുടെ സുഹൃത്തുക്കളിൽ നിന്നും സഖ്യകക്ഷികളിൽ നിന്നുമുള്ള ചരക്കുകൾക്ക് പോലും ഉയർന്ന താരിഫുകളും കോർപ്പറേഷനുകൾക്കും വ്യക്തികൾക്കും റിഗ്രസീവ് നികുതി വെട്ടിക്കുറവും ഉൾപ്പെടെ, ഉയർന്ന വിലകൾക്കും വലിയ കമ്മികൾക്കും വലിയ അസമത്വത്തിനും ഇടയാക്കുമെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

2001 ൽ നോബൽ സമ്മാനം നേടിയ കൊളംബിയ യൂണിവേഴ്സിറ്റി പ്രൊഫസറായ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ജോസഫ് സ്റ്റിഗ്ലിറ്റ്സാണ് ഈ കത്തിന് നേതൃത്വം നൽകിയത്. മറ്റ് ജേതാക്കൾക്കൊപ്പം സ്റ്റിഗ്ലിറ്റ്സ് നയിക്കുന്ന രണ്ടാമത്തെ കത്താണിത്. ജൂണിൽ, നോബൽ സമ്മാനം നേടിയ 16 സാമ്പത്തിക വിദഗ്ധരും നവംബർ 5 ന് പ്രസിഡന്റ് സ്ഥാനത്തേക്ക് ട്രംപ് വിജയിച്ചാൽ, അത് പണപ്പെരുപ്പം വീണ്ടും ആളിക്കത്തിക്കുമെന്ന് എഴുതിയിരുന്നു.

ആ സമയത്ത്, ട്രംപ് പ്രചാരകർ വാദം തള്ളി രംഗത്തെത്തിയിരുന്നു. സാമ്പത്തിക വിദഗ്ധരെ വിലയില്ലാത്തവർ എന്നും സമൂഹവുമായി സമ്പർക്കം ഇല്ലാത്തവർ എന്നുമാണ് അവർ വിളിച്ചത്. ഹാരിസിന്റെ സാമ്പത്തിക അജണ്ട നമ്മുടെ രാജ്യത്തിന്റെ ആരോഗ്യം, നിക്ഷേപം, സുസ്ഥിരത, പ്രതിരോധശേഷി, തൊഴിലവസരങ്ങൾ, നീതി എന്നിവ മെച്ചപ്പെടുത്തുമെന്ന് പുതിയ കത്തിൽ പറയുന്നു.

ബുധനാഴ്ചത്തെ 228 പദങ്ങളുള്ള കത്ത് ചെറുതും കൂടുതൽ ചൂണ്ടിക്കാണിക്കുന്നതും മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഏറ്റവും പുതിയ നൊബേൽ ജേതാക്കളായ സൈമൺ ജോൺസണും ഡാരോൺ അസെമോഗ്ലുവും ഉൾപ്പെട്ടിട്ടുള്ളതുമാണ്. സാമ്പത്തിക വിജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിർണ്ണായക ഘടകങ്ങളിൽ നിയമവാഴ്ചയും സാമ്പത്തികവും രാഷ്ട്രീയവുമായ ഉറപ്പുമാണ് വേണ്ടത്. ട്രംപ് ഇവയ്ക്കെല്ലാം ഭീഷണിയാണെന്ന് സാമ്പത്തിക വിദഗ്ധർ കത്തിൽ ആവർത്തിച്ചു വ്യക്തമാക്കുന്നു. പൊതുതിരഞ്ഞെടുപ്പിന് ആഴ്ചകൾ മാത്രം അവശേഷിക്കെ പുതിയ നിരീക്ഷണം ട്രംപിന് തിരിച്ചടിയാകുമോയെന്നാണ് വിലയിരുത്തപ്പെടുന്നത്.

# ബൈജൂസിന് തിരിച്ചടി ബി.സി.സി.ഐ ഒത്തുതീർപ്പു കരാർ സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി: എഡ്ടെക് കമ്പനിയായ ബൈജൂസിനെതിരെയുള്ള പാപ്പരത്വ നടപടികൾ നിറുത്തിവയ്ക്കുകയും ബി.സി.സി.ഐയുമായി ഉണ്ടാക്കിയ 158 കോടിയുടെ ഒത്തുതീർപ്പ് അംഗീകരിക്കുകയും ചെയ്ത ദേശീയ കമ്പനി ലാ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ നടപടി സുപ്രീംകോടതി റദ്ദാക്കി. ബൈജൂസിന് കടം നൽകിയവർ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. ട്രൈബ്യൂണൽ തന്നെ ഇതുസംബന്ധിച്ച് പുതുതായി നടപടികൾ ആരംഭിച്ചു തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചു.

ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ജേഴ്സി സ്പോൺസർ ചെയ്തതുമായി ബന്ധപ്പെട്ട് ബി.സി.സി.ഐയുമായി ഉണ്ടാക്കിയ കരാറാണ് തർക്കത്തിലായതും പിന്നീട് ഒത്തുതീർന്നതും. എന്നാൽ, 158 കോടി ഒത്തുതീർപ്പു തുക പലിശസഹിതം കോടതി രൂപീകരിച്ച കമ്മിറ്റി ഒഫ് ക്രെഡിറ്റേഴ്സിന് മുന്നിൽ ബി.സി.സി.ഐ കെട്ടിവയ്ക്കണമെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി.പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശിച്ചു.

കൃത്യമായി കാര്യങ്ങൾ പരിശോധിക്കാതെയാണ് ട്രൈബ്യൂണൽ പാപ്പരത്വ നടപടികൾ അവസാനിപ്പിച്ചതെന്നും വിലയിരുത്തി. കോർപ്പറേറ്റ് പാപ്പരത്വ പരിഹാര പ്രക്രിയ ആരംഭിച്ചു കഴിഞ്ഞാൽ കടം നൽകിയവരെല്ലാം കക്ഷികളാകും. ട്രൈബ്യൂണൽ എല്ലാ കക്ഷികളെയും കേൾക്കേണ്ടതുണ്ട്. ഓരോരുത്തരുടെയും കേസുകളിലെ വസ്തുതകൾ പ്രത്യേകമായി പരിഗണിക്കണം. എന്നാൽ അതുണ്ടായില്ല. ബൈജൂസും ബി.സി.സി.ഐയുമായുള്ള സെറ്റിൽമെന്റ് സംബന്ധിച്ച് യു.എസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ക്രെഡിറ്റർ സ്ഥാപനം എതിർപ്പുന്നയിച്ചിരുന്നു. സെറ്റിൽമെന്റിനുള്ള ഫണ്ട് എവിടെ നിന്നു വന്നുവെന്ന് സംശയമുന്നയിച്ചു. നിയമവിരുദ്ധമായി, വദേശനക്ഷേപമെന്ന മട്ടിൽ ഫണ്ട് കൊണ്ടുവന്നതാണോ എന്നായിരുന്നു സംശയം. എഡ്ടെക് കമ്പനി സ്ഥാപകൻ ബൈജു രവീന്ദ്രന്റെ സഹോദരൻ റിജു രവീന്ദ്രന് പറയാനുള്ളത് മാത്രം കേട്ട് മറ്റു എതിർപ്പുകൾ ട്രൈബ്യൂണൽ തള്ളിയെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

**ട്രൈബ്യൂണൽ പരിഗണിക്കാത്തത്**

1. യു.എസിലെ ഹെഡ്ജ് ഫണ്ടിൽ 533 മില്യൺ ഡോളറിന്റെ തട്ടിപ്പ് ഇടപാട് നടത്തിയെന്ന ആരോപണം

2. തുക കൈമാറ്റം ചെയ്യരുതെന്ന് യു.എസ് കോടതി ബൈജൂസ് സഹോദരന്മാർക്ക് നൽകിയിരുന്ന നിർദ്ദേശം

3. ഇ.ഡി അന്വേഷണം, കോടതിയലക്ഷ്യനടപടികൾ
















# വി.എം. സുധീരൻ ആദ്യമായി പറഞ്ഞു: കരുണാകരൻ ആഭ്യന്തര വകുപ്പ് ഒഴിയണമെന്ന്






ജോഷി ജോർജ്

എന്നും ഏകപക്ഷീയമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ മടിയില്ലാത്ത നേതാവാണ് വി.എം സുധീരൻ. ഗ്രൂപ്പ് അതിപ്രസരത്തിന്റെ കെടുതികൾ അനുഭവിക്കുന്നതിനും ഒരു പരിധി വേണ്ടേ എന്ന പക്ഷക്കാരനാണ് സുധീരൻ. 1993 മുതൽ സുധീരൻ ആന്റണി ഗ്രൂപ്പിൽ നിന്നുംഅകന്ന്ഏതാണ്ട്ഒരു ഒറ്റയാനെപോലെയാണ് സഞ്ചരിച്ചുകൊണ്ടിരുന്നത്. ഒരു വർഷം മുമ്പ് കരുണാകരനുമായി ഉണ്ടാക്കിയ ഐക്യ കരാർ എല്ലാതരത്തിലും ഒരു കീഴടങ്ങലാണ് എന്നാണ് സുധീരന്റെ അഭിപ്രായം. ആന്റണി ഗ്രൂപ്പിന് പഴയ പോരാട്ടവീര്യവും വിപ്ലവവും ഇല്ലാതായി എന്നാണ് സുധീരന്റെ പക്ഷം.

1994ലെ ഒരു നിയമസഭാ സമ്മേളനം നടക്കുന്ന സന്ദർഭത്തിൽ ആഭ്യന്തരവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ വി.എം. സുധീരൻ പൊടുന്നനെ എഴുന്നേറ്റു നിന്ന് നടത്തിയ പ്രസംഗം ഏവരെയും ഞെട്ടിച്ചു കളഞ്ഞു. തെല്ലും മടിയില്ലാതെ, ദയയില്ലാതെ മുഖ്യമന്ത്രി കരുണാകരൻ ആഭ്യന്തരവകുപ്പ് ഒഴിയണമെന്ന് സുധീരൻആവശ്യപ്പെട്ടു. അത്കേട്ട്എല്ലാവരും ഞെട്ടിയിരുന്നുപോയി. ഒരു മുഖ്യമന്ത്രിക്ക് എതിരെ ഭരണകക്ഷിയിലെ തന്നെ പ്രമുഖ വ്യക്തി ഇങ്ങനെ ഒരു പ്രസംഗം നടത്തിയത് കേരളത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാകാം. ഉടൻതന്നെ ചാടിഎഴുന്നേറ്റ കരുണാകര പക്ഷം ക്ഷോഭത്തോടെ ചീറി അടുത്തു. ഉടൻതന്നെ ഹൈക്കമാന്റിനെ കേരളത്തിൽ നടന്ന സംഭവങ്ങൾ മുഴുവൻ അറിയിച്ചു.

മുഖ്യമന്ത്രി കരുണാകരൻ എല്ലാ ക്ഷോഭവും ഉള്ളിലൊതുക്കി സഭ വിട്ടിറങ്ങി. അന്ന് വൈകുന്നേരം കരുണാകരൻ ഉമ്മൻചാണ്ടിയെ ഫോണിൽ വിളിച്ചു. സുധീറിനെതിരെ ശക്തമായ നടപടി വേണ്ടി വരും എന്ന് അറിയിച്ചു. സത്യത്തിൽ സുധീരൻ ആന്റണി കോൺഗ്രസുമായി അകന്നു നിൽക്കുകയാണെങ്കിലും ഈ ഒരു ഘട്ടത്തിൽ സുധീരനെ കൈയൊഴിയാൻ ഉമ്മൻചാണ്ടിക്ക് മനസ്സ് വന്നില്ല. അദ്ദേഹം മറ്റുള്ളവരുമായി ചർച്ച നടത്തി. സുധീറിനെതിരെ ഇങ്ങനെ ഒരു നടപടി വേണ്ടി വരും എന്ന് ഉമ്മൻചാണ്ടിയെ വിളിച്ച് അറിയിച്ചത് കരുണാകരന്റെ ഒരു തന്ത്രമായിരുന്നു. ഈ വിവരം ആന്റണി ഗ്രൂപ്പുകാരെ അറിയിച്ചിരുന്നു എന്ന് പറയാൻ വേണ്ടി മാത്രം...! സുധീറിനെതിരെ എന്ത് നടപടി വന്നാലും അതിനെ ചെറുത്തു തോൽപ്പിക്കണമെന്ന് തീരുമാനത്തോടുകൂടി തന്നെ ആന്റണി ഗ്രൂപ്പ് ഒറ്റക്കെട്ടായി നിന്നു.





ആ വിവരം കരുണാകരനെ ഉമ്മൻചാണ്ടി എഴുതി അറിയിക്കുകയും ചെയ്തു. അച്ചടക്കത്തിന്റെ മാനദണ്ഡം എല്ലാവർക്കും ഒരുപോലെ ആയിരിക്കണം. പി.പി. ജോർജ് ബാലിശമായ ആരോപണം ഉന്നയിച്ചപ്പോൾ അത് എ.ഐ.സി.സിയുടെ അച്ചടക്കനടപടിക്ക് വിടാനുള്ള നീക്കം തടഞ്ഞതും ഉമ്മൻചാണ്ടിക്കെതിരെ ഒരു എം.എൽ.എ പത്രത്തിലൂടെ അഴിമതി ആരോപിച്ചപ്പോൾ കരുണാകരൻ നിഷ്ക്രിയനായിരുന്നതെല്ലാം ഓർമിപ്പിച്ചു കൊണ്ടായിരുന്നു കത്ത്. കുറച്ചു നാളുകളായി ഉമ്മൻചാണ്ടിയും മുഖ്യധാരയിൽ നിന്ന് ഏതാണ്ട് ഒഴിഞ്ഞു നിൽക്കുകയായിരുന്നു. അങ്ങനെയിരിക്കുകയാണ് ടി.എച്ച്. മുസ്തഫയുടെ ഒരു പ്രസ്താവന പുറത്തുവരുന്നത്.

ഒച്ചപ്പാടും ബഹളവും ഉണ്ടാക്കി രാജി വച്ചു പോയവർക്ക് സർപ്പക്കൂട്ടിൽ കിടന്ന പാമ്പ് വേലായുധന്റെ അവസ്ഥയാണ് ഉണ്ടാവുക എന്നായിരുന്നു മുസ്തഫയുടെ പ്രസ്ഥാവന. പാമ്പു വേലായുധന് തുടക്കത്തിൽ അമിതമായ പബ്ലിസിറ്റി കിട്ടി. പിന്നീട് അത് ഇല്ലാതായി. ആ സ്ഥിതിയാണ് ഉമ്മൻചാണ്ടിക്കും വന്നുഭവിക്കുക എന്നായിരുന്നു മുസ്തഫയുടെ പരിഹാസത്തിന്റെ സത്ത്. ഈ പ്രസ്താവന വന്നതോടുകൂടി ആന്റണി ഗ്രൂപ്പിലെ എല്ലാവരും സട കുടഞ്ഞ് എഴുന്നേറ്റു. അവർ കിട്ടിയ അവസരത്തിൽ എല്ലാം ഇതിനു മറുപടി പറയുകയും ചെയ്തുകൊണ്ടിരുന്നു. ഏതാണ്ട് അണിയറയിൽ ഒതുങ്ങിയിരുന്ന ഉമ്മൻചാണ്ടിക്ക് അങ്ങനെയിരിക്കെ കോഴിക്കോട് ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനത്തിൽ പ്രസംഗിക്കാൻ ഒരു അവസരം വന്നുചേർന്നു. മൗന വൃതം അവസാനിപ്പിച്ച് പുറത്തുവരാൻ ഉമ്മൻചാണ്ടി ഈ അവസരം ഉപയോഗപ്പെടുത്തി.

കോഴിക്കോട് വലിയ പുരുഷാരം. പ്രതീക്ഷിക്കാത്ത ജനപങ്കാളിത്തം. പ്രവർത്തകരുടെ ആവേശം കണ്ടപ്പോൾ ഇത്തരം യോഗങ്ങൾ മറ്റു ജില്ലകളിലും വ്യാപിപ്പിക്കാൻ ഉമ്മൻചാണ്ടി തീരുമാനിച്ചു. അതൊരു പുതിയഉണർവിന്റെ തുടക്കമായിരുന്നു. ഇടക്കാലത്തുണ്ടായ തിരുത്തൽ വാദികളിൽ ഒരു വിഭാഗം ആന്റണി ഗ്രൂപ്പിനോടൊപ്പം ചേർന്നുനിന്നു. ജി. കാർത്തികേയൻ, മേശ് ചെന്നിത്തല എന്നിവർ ഇതിനകം കരുണാകരനുമായി രമ്യതയിലായി. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ആര്യടൻ മുഹമ്മദ്, പി. ബാലൻ എന്നിവർ മുൻനിരയിലേക്ക് വന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം കെ. കരുണാകരനെതിരെ ഒരു വികാരമുണ്ടാക്കിയെടുക്കാൻ ആന്റണി ഗ്രൂപ്പുകാർക്ക് കഴിഞ്ഞു.

1994 സെപ്തംബർ 22നാണ് കെ.പി. വിശ്വനാഥന്റെ വീട്ടിൽ ചേർന്ന യോഗത്തിൽ ഒരു തീരുമാനം കൈക്കൊണ്ടു. കെ. കരുണാകരൻ മുഖ്യമന്ത്രി പദത്തിൽ നിന്നും മാറിയേ പറ്റൂ. ഉമ്മൻചാണ്ടിയുടെ രാജിക്ക് ശേഷം ഏതാണ്ട് മൂന്നു മാസം കഴിഞ്ഞു. എന്നിട്ടും ക്രിയാത്മകമായ ഒരു നീക്ക് പൊക്കോ, നിർദ്ദേശമോ ഇതുവരെ ഉണ്ടായിട്ടില്ല. ഇത് അണികളെ ചുടുപിടിപ്പിച്ചു. ഇപ്പോഴിതാ പരസ്യമായി മുസ്തഫയെ പോലുള്ളവർ പരിഹസിക്കാനും തുടങ്ങിയിരിക്കുന്നു. ഇതിങ്ങനെ എത്രനാൾ സഹിച്ചു കഴിയാനാണ് ഭാവം എന്നാണ് എല്ലാവരും ചോദിച്ചത്. ഇത് കോൺഗ്രസിന്റെ സർവ്വനാശത്തിലേക്കുള്ള യാത്രയാണെന്ന് പോലും ചിലർ വിമർശിച്ചു. പാർട്ടിയെ പ്രവർത്തകരിൽ നിന്നും അകറ്റി നിർത്തുന്ന പ്രവണതയാണ് കഴിഞ്ഞ നാളുകളിൽ ഒക്കെ കരുണാകരന്റെ ഭാഗത്തുനിന്ന് കണ്ടത്.

സർക്കാരിനെയും പാർട്ടിയെയും ജനങ്ങളിൽ നിന്ന് അകറ്റുന്ന പ്രവർത്തന ശൈലി ഉപേക്ഷിച്ച് പറ്റൂ എന്ന് പരസ്യമായി പലരും പറയാൻ തുടങ്ങി. നേതൃമാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഹൈക്കമാന്റിന് കൊടുക്കാൻ തീരുമാനിച്ചു. 20 എം.എൽ.എമാർ ആദ്യമേ തന്നെ ഒപ്പിടാനായി മുന്നോട്ട് വന്നു. ആദ്യം നിവേദനത്തിൽ ഒപ്പുവച്ചത് ഉമ്മൻചാണ്ടി തന്നെയായിരുന്നു. രണ്ടാമതായി വന്നത് കെ.പി. വിശ്വനാഥനും. ആര് തന്നെ വിചാരിച്ചാലും നേതൃമാറ്റം എന്ന സംഗതി നടക്കാനേ പോകുന്നില്ല എന്ന് ഒരു കുലുക്കവുമില്ലാതെ കരുണാകരൻ തറപ്പിച്ച് പറഞ്ഞുകൊണ്ടിരുന്നു. കോഴിക്കോട് ഒരു പൊതുയോഗത്തിൽ വെല്ലുവിളിക്കും മട്ടിൽ അദ്ദേഹം അത് പ്രസ്താവിക്കുകയും ചെയ്തു. വി.എം. സുധീരൻ ആ നിവേദനത്തിൽ ഒപ്പിട്ടില്ല. പകരം മറ്റൊരു കത്ത് താൻ തന്നെ എഴുതി അയച്ചുകൊള്ളണമെന്ന് പറയുകയായിരുന്നു.

മന്ത്രിയായിരുന്ന വിശ്വനാഥൻ ഒപ്പിട്ട വിവരം അപ്പോൾ തന്നെ കെ. കരുണാകരന്റെ ചെവിയിൽ എത്തി. അന്ന് രാത്രി കരുണാകരൻ വിശ്വനാഥിനെ ഫോണിൽ വിളിച്ച് താനും ഒപ്പിട്ടു അല്ലേ..? എന്ന് ചോദിച്ചു. എന്നാൽ പിന്നെ മന്ത്രിയായി തുടരുന്നതിൽ അർത്ഥമില്ലല്ലോ. മറ്റൊരു കടലാസിൽ രാജ്യക്കത്തും എഴുതി ഒപ്പിട്ടു തന്നോളൂ എന്നായി മുഖ്യമന്ത്രി. പിറ്റേദിവസം തന്നെ രാവിലെ വിശ്വനാഥൻ രാജിക്കത്ത് കതയ്യാറാക്കി തിരുവനന്തപുരത്തെത്തി. വിവരമറിഞ്ഞ് ഉടൻതന്നെ ആന്റണി ഗ്രൂപ്പിൽ പെട്ട എല്ലാവരും തൈക്കാട് ഗസ്റ്റ് ഹൗസിൽ ഒത്തുകൂടി. ഉമ്മൻചാണ്ടിയും ആര്യാടൻ മുഹമ്മദും മറ്റു ചില യാത്രകൾക്ക് പദ്ധതിയിട്ടിരുന്നെങ്കിലും അതെല്ലാം ഉപേക്ഷിച്ച് തൈക്കാട് ഹൗസിൽ ഒത്തുകൂടുകയായിരുന്നു.

ഉച്ചയ്ക്ക് മുമ്പ് തന്നെ വിശ്വനാഥൻ സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിലെത്തി രാജിക്കത്ത് നേരിട്ട് നൽകി. അതിന്റെ മൂന്നാം ദിവസം യു.ഡി.എഫ് ഉന്നതാധികാരസമിതിയിൽ നിന്നും ഉമ്മൻചാണ്ടിയും രാജിവച്ചു. ചുരുക്കി പറഞ്ഞാൽ ആന്റണി ഗ്രൂപ്പുകാർ ഭരണവുമായി ഉണ്ടായിരുന്ന എല്ലാ കണ്ണികളും അറുത്തു മാറ്റിയെന്ന് ചുരുക്കം. നിയമസഭാ കക്ഷി ഉപ നേതാവ് സ്ഥാനം ഒഴിയുന്നില്ല അല്ലേ എന്ന ചോദ്യം ഉയർന്നു. പാർട്ടിയുമായി ബന്ധപ്പെട്ട സ്ഥാനം ആയതുകൊണ്ടാണ് അത് ഉമ്മൻചാണ്ടി വിടാതിരുന്നത്. കൃത്യം 52 ദിവസത്തിനു ശേഷം നവംബർ 16നോണ് വിശ്വനാഥന്റെ രാജി കരുണാകരൻ ഔദ്യോഗികമായി സ്വീകരിച്ചത്. പ്രതികാര നടപടികളുമായി മുന്നോട്ടു പോവുകയായിരുന്നു അപ്പോഴും കരുണാകരൻ.

കരുണാകരൻ രാജിവെക്കണമെന്ന് അതിശക്തമായ ഭാഷയിൽ പലയിടത്തും പ്രസംഗിച്ച പി.ടി. തോമസിനെ സസ്പെൻഡ് ചെയ്തു. എ.ഐ.സി.സി പരസ്യപ്രസ്താവന വിലക്കിയതിന് ശേഷം പ്രസ്താവന നടത്തിയതിനെപ്പറ്റി വിശദീകരണം ചോദിച്ചപ്പോൾ കൊടുത്ത മറുപടി തൃപ്തികരമായില്ല എന്നതായിരുന്നു കാരണം. കെ.പി.സി.സി ജനറൽ സെക്രട്ടറി തിരുവഞ്ചൂർ രാധാകൃഷ്ണനെ ഫോണിൽ വിളിച്ചു സ്ഥാനം രാജിവെക്കാൻ പ്രസിഡന്റ് വയലാർ രവി തന്നെ ആവശ്യപ്പെട്ടു. അതിന് കാരണമായി പറഞ്ഞത് ഐക്യ കരാർ വഴി ജനറൽ സെക്രട്ടറിയായ ആളാണ് തിരുവഞ്ചൂർ. വയലാർ രവിയുടെ ഒരു പ്രസ്താവനയെ ചോദ്യം ചെയ്തു എന്നതാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ ചെയ്ത അപരാധം.

എന്നാൽ അങ്ങനെ രാജിവച്ച് ഒഴിയാൻ തയ്യാറല്ല എന്ന് തിരുവഞ്ചൂർ രവിക്ക് മറുപടി കൊടുത്തു. അതോടെ കെ.പി.സി.സി പ്രസിഡന്റ് എന്ന പദവിയിൽ ഇരുന്നുകൊണ്ട് വയലാർ രവി തിരുവഞ്ചിർ രാധാകൃഷ്ണനെ പുറത്താക്കി.

(തുടരും)



# മഹാരാഷ്ട്ര: ആദ്യ സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ച് ശിവസേന – ഉദ്ധവ്



ന്യൂഡൽഹി: മഹാ വികസ് അഘാഡിയിൽ ഏതാനും സീറ്റുകളിൽ തർക്കം തുടരുന്നതിനിടെ മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനുള്ള 65 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പ്രഖ്യാപിച്ച് ശിവസേന (ഉദ്ധവ്) വിഭാഗം.

ഉദ്ധവ് താക്കറെയുടെ മകനും യുവ നേതാവുമായ ആദിത്യ താക്കറെ മുംബയ് വർളിയിൽ മത്സരിക്കും. 14 സിറ്റിംഗ് എം.എൽ.എമാരും നിരവധി യുവനേതാക്കളും പട്ടികയിൽ ഇടം നേടി.

കോപ്രി പാച്ച് പഖ്ഡി നിയമസഭാ മണ്ഡലത്തിൽ മത്സരിക്കുന്ന ശിവസേന(ഷിൻഡെ) നേതാവും മുഖ്യമന്ത്രിയുമായ ഏക്നാഥ് ഷിൻഡെക്കെതിരെ കേദാർ ദിഗെയെ സ്ഥാനാർത്ഥിയാക്കി.

### നൂറ് സീറ്റ് ആവശ്യപ്പെട്ട്

ശിവസേന(ഉദ്ധവ്) വിഭാഗം നൂറ് സീറ്റിൽ അധികം ചോദിക്കുന്നതിനാൽ മഹാ വികാസ് അഘാഡി മുന്നണിയുടെ സീറ്റ് ധാരണ നീളുകയാണ്. 270 ഓളം സീറ്റുകളിൽ ധാരണയായിട്ടുണ്ട്. ഇതു പ്രകാരം കോൺഗ്രസ് 105–110 സീറ്റുകളിലും ഉദ്ധവ് താക്കറെയുടെ ശിവസേന 90–95 സീറ്റുകളിലും ശരദ് പവാറിന്റെ എൻ.സി.പി 75–80 സീറ്റുകളിലും മത്സരിക്കുമെന്നാണ് റിപ്പോർട്ട്.

തർക്കമുള്ള അഞ്ചു സീറ്റുകളുടെ കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡ് തീരുമാനമെടുക്കും.

ലോക്സഭാ തിരഞ്ഞെടുപ്പിൽ 13 സീറ്റുകൾ നേടിയതിനാലാണ് കോൺഗ്രസിന് സീറ്റു ചർച്ചയിൽ മുൻതൂക്കം ലഭിച്ചത്. ഉദ്ധവ് വിഭാഗം 120–125 സീറ്റുകളാണ് ആദ്യം ആവശ്യപ്പെട്ടത്. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ പാർട്ടി 124 ൽ മത്സരിച്ചിരുന്നു.

തങ്ങൾ കഴിയുന്നത്ര സീറ്റുകളിൽ മത്സരിക്കാൻ ആഗ്രഹിക്കുന്നുവെന്ന് ഉദ്ധവ് വിഭാഗം വക്താവ് ആനന്ദ് ദുബെ പറഞ്ഞു. ഉദ്ധവ് താക്കറെയുടെ നേതൃത്വത്തെ ജനം ഇഷ്ടപ്പെടുന്നുവെന്നും അത് മുന്നണിക്ക് ഗുണം ചെയ്യുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ബി.ജെ.പി, ശിവസേനയും (ഷിൻഡെ), അജിത് പവാറിന്റെ എൻ.സി.പി എന്നിവയടങ്ങിയ മഹായുതി സഖ്യവും സീറ്റ് ചർച്ചകൾ തുടരുകയാണ്. ബി.ജെ.പി 152–155 സീറ്റുകളിലും ശിവസേന 78–80 സീറ്റുകളിലും എൻ.സി.പി 52–54 സീറ്റുകളിലും മത്സരിച്ചേക്കും.



# അമ്മയ്ക്കും സഹോദരിക്കുമെതിരെ കേസ് കൊടുത്ത് ജഗൻ മോഹൻ റെഡ്ഡി

വിജയവാഡ: മുൻ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി വൈ.എസ്.ആർ. കോൺഗ്രസ് പാർട്ടി പ്രസിഡന്റുമായ വൈ.എസ് ജഗൻ മോഹൻ റെഡ്ഡി അമ്മ വൈ.എസ് വിജയമ്മയ്ക്കും സഹോദരി വൈ.എസ് ശർമ്മിളയ്ക്കും എതിരെ നാഷണൽ കമ്പനി ലോ ട്രൈബ്യൂണലിൽ ഹർജി നൽകി. സരസ്വതി പവർ ആൻഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഓഹരികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തർക്കത്തിനൊടുവിലാണ് ഹർജി. റെഡ്ഡി കുടുംബത്തിനുള്ളിലെ അസ്വാരസ്യം രൂക്ഷമായതിന്റെ തെളിവാണിത്.

ഹൈദരാബാദ് ആസ്ഥാനമായുള്ള സരസ്വതി പവർ ആൻഡ് ഇൻഡസ്ട്രീസിന്റെ വളർച്ചയിൽ തങ്ങൾ നിർണായക പങ്കുവഹിച്ചുവെന്ന് ജഗനും ഭാര്യ വൈ.എസ്. ഭാരതിയും അവരുടെ ഹർജിയിൽ വാദിക്കുന്നു. വൈ.എസ്.വിജയമ്മ തന്റെ ഷെയർ ശർമ്മിളയ്ക്കു നൽകാൻ തീരുമാനിച്ചതാണ് തർക്കത്തിന് കാരണമായതെന്നാണ്സൂചന. എല്ലാ പ്രതികൾക്കും ട്രൈബ്യൂണൽ നോട്ടീസ് അയച്ചു. നവംബർ 8 ന് കേസ് പരിഗണിക്കും.

വൈ.എസ്.ആർ.കോൺഗ്രസ് വിട്ട് തെലങ്കാനയിൽ പോയി സ്വന്തം പാർട്ടി രൂപീകരിച്ച വൈ.എസ്.ശർമ്മിള പിന്നീട് കോൺഗ്രസിൽ ചേരുകയും ആന്ധ്രയിലെ പി.സി.സി പ്രസിഡന്റാവുകയും ചെയ്തു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സഹോദരനെതിരെ ആരോപണങ്ങൾ ഉന്നയിച്ചു. എന്നാൽ കടപ്പ ലോക്സഭാ മണ്ഡലത്തിൽ നിന്നും ശർമ്മിള പരാജയപ്പെട്ടിരുന്നു.









# വിമാന സർവിസുകൾക്കെതിരെയുള്ള വ്യാജ ബോംബ് ഭീഷണി; എക്സിന് മുന്നറിയിപ്പുമായി സർക്കാർ



ഡൽഹി: വിമാന സർവിസുകൾക്കെതിരെയുള്ള വ്യാജ ബോംബ് ഭീഷണികൾ തുടരുന്നതിനിടെ സമൂഹമാധ്യമമായ എക്സിന് മുന്നറിയിപ്പുമായി സർക്കാർ രംഗത്ത്.

വ്യാജ ഭീഷണി സന്ദേശങ്ങൾ അയക്കുന്ന അക്കൗണ്ടുകൾ നിയന്ത്രിക്കണമെന്നും അല്ലാത്തപക്ഷം കുറ്റകൃത്യത്തിന് കൂട്ടുനിൽക്കുന്നതായി കണക്കാക്കുമെന്നും ആണ് കേന്ദ്ര ഐ.ടി മന്ത്രാലയം മുന്നറിയിപ്പ് നൽകിയത്.

വിമാനങ്ങൾക്കെതിരെ ഭീഷണിയുയർത്തിയ സമൂഹമാധ്യമ അക്കൗണ്ടുകളുടെ വിശദാംശങ്ങൾക്കായി പൊലീസ് ബുദ്ധിമുട്ടുന്നതിനിടെ ആണ് മുന്നറിയിപ്പ്.

വിഷയം ചർച്ചചെയ്യാൻ ചൊവ്വാഴ്ച വൈകീട്ട് ഓൺലൈൻ യോഗം ചേർന്നിരുന്നു. സമൂഹ മാധ്യമങ്ങളായ എക്സ്, മെറ്റ എന്നിവയുടെ പ്രതിനിധികൾക്കൊപ്പം എയർ ഇന്ത്യയുടെയും വിസ്താരയുടെയും ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

ഇതിന് പിന്നാലെയാണ് ബുധനാഴ്ച ഐ.ടി മന്ത്രാലയം എക്സിനെ രൂക്ഷമായി വിമർശിച്ച് രംഗത്തെത്തിയത്.

# പാടം കത്തിക്കൽ കാരണം വായു മലിനീകരണം: രൂക്ഷ വിമർശനവുമായി സുപ്രീംകോടതി



ന്യൂഡൽഹി: ഡൽഹിയിൽ വായുമലിനീകരണം രൂക്ഷമാകുന്നതിനിടെ, പ്രധാന കാരണങ്ങളിലൊന്നായ പാടം കത്തിക്കൽ അവസാനിപ്പിക്കുന്നതിൽ കേന്ദ്രവും ഹരിയാന-പഞ്ചാബ് സർക്കാരുകളും നിഷ്ക്രിയമെന്ന് സുപ്രീം കോടതി.

ഇത് കാരണം പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പല്ലുകൊഴിഞ്ഞെന്ന് ജസ്റ്റിസുമാരായ അഭയ് എസ്. ഓക, അഹ്സാനുദ്ദിൻ അമാനുള്ള, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരുടെ ബെഞ്ച് വിമർശിച്ചു.

കേന്ദ്രം നിയമഭേദഗതി കൊണ്ടുവന്ന് ശിക്ഷയ്ക്ക് പകരം പിഴയാക്കി. അതുപോലും കാര്യക്ഷമമായി നടപ്പാക്കുന്നില്ല. ചട്ടങ്ങൾ രൂപീകരിച്ചില്ല.

അതിനാൽ നിയമലംഘകർ രക്ഷപ്പെടുന്നു. വായു മലിനീകരണവും പാടം കത്തിക്കലും തടയുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ഷോകോസ് നോട്ടീസ് അയച്ച് മിണ്ടാതിരിക്കുകയാണ് എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മിഷൻ.

പാടം കത്തിക്കുന്നവർക്കെതിരെ ഹരിയാന-പഞ്ചാബ് സർക്കാരുകൾ പ്രോസിക്യൂഷൻ നടപടിയെടുക്കുന്നില്ലെന്നും വിമർശിച്ചു. 10 ദിവസത്തിനകം ചട്ടങ്ങൾ അന്തിമമാക്കുമെന്ന് കേന്ദ്രത്തിന് വേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി ഉറപ്പുനൽകി.

### നഷ്ടപരിഹാരം ഈടാക്കാത്തതെന്ത് ?

പാടം കത്തിക്കുന്നവരിൽ നിന്ന് എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മിഷൻ പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കുന്നില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. എന്തുകൊണ്ട് നഷ്ടപരിഹാരം നിശ്ചയിക്കുന്നില്ല? ഇതിനായി ചട്ടങ്ങൾ രൂപീകരിക്കണം. രണ്ടാഴ്ചയും അനുവദിച്ചു.

### ശുദ്ധവായുവിനുള്ള മൗലികാവകാശം ലംഘിക്കുന്നു

പാടംകത്തിക്കൽ ശുദ്ധവായുവിനുള്ള മൗലികാവകാശം ലംഘിക്കുന്നുവെന്ന് കോടതി പറഞ്ഞു. മലിനീകരണ മുക്ത അന്തരീക്ഷത്തിൽ ജീവിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്. മലിനീകരണം തടയാനുള്ള നടപടികൾ വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കണം. നവംബർ നാലിന് വീണ്ടും പരിഗണിക്കും.

### ഗുരുതര വിഭാഗത്തിൽ

ഡൽഹിയിൽ വായു നിലവാര സൂചിക (എയർ ക്വാളിറ്റി ഇൻഡക്സ്) പലയിടത്തും 400 കടന്നു. ഇതു ഗുരുതര വിഭാഗമാണ്. ആശുപത്രികളിൽ ശ്വാസകോശ രോഗങ്ങളുമായി വരുന്നവർ 15% കൂടി. ഇതിനിടെ, ബി.ജെ.പിയും ആംആദ്മിയും രാഷ്ട്രീയപോര് തുടരുന്നു.











# കാനിയുടെ സഹായമില്ല; കർദാഷിയാൻ കുഞ്ഞുങ്ങളെ നോക്കുന്നത് ഒറ്റയ്ക്ക്!


കിം കർദാഷിയാൻ മുൻ ഭർത്താവ് കാനി വെസ്റ്റുമായി പിരിഞ്ഞതിന് ശേഷം തന്റെ 4 കുട്ടികളെ പരിപാലിക്കുന്നത് ഒറ്റയ്ക്കാണെന്നാണ് റിപ്പോർട്ട്. മകൾ നോർത്ത് (11), മകൻ സെന്റ് (8) മകൾ ചിക്കാഗോ (6) മകൻ സങ്കീർത്ത(5) എന്നിങ്ങനെ 4 മക്കളാണ് ദമ്പതികൾ സംഭാ ക്ക്.കുഞ്ഞുങ്ങളെ വളർത്താൻ റാപ്പർ കാനി വെസ്റ്റ് ഒരു വനയും നല്കുന്നില്ലെന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. കിം കർദാഷിയാൻ തന്റെ കരിയറിനൊപ്പം കുഞ്ഞുങ്ങളുടെ കാര്യത്തിലും ശ്രദ്ധ ചെലുത്തിയാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത് എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം.അവൾക്ക് സഹായമുണ്ടെങ്കിലും, എല്ലാം സന്തുലിതമാക്കാനും ഏകോപിപ്പിക്കാനും അവൾക്ക് ഒരു പ്രത്യേക കഴിവുണ്ട്. വളരെയധികം ജോലിയുണ്ടെങ്കിലും കിം കുഞ്ഞുങ്ങളുടെ കാര്യത്തിൽ കൃത്യമായ ശ്രദ്ധ പുലർത്താറുണ്ട് എന്നാണ് അവരുമായി അടുത്ത ഒരു സുഹൃത്ത് വ്യക്തമാക്കുന്നത്. അവളുടെ ജീവിതം പൂർണ്ണമായും അവളുടെ കുട്ടികളെ പരിപാലിക്കുന്നതിനെ ചുറ്റിപ്പറ്റിയാണെന്ന് എന്നും അവർ വിശദീകരിച്ചു.2014 ൽ ആണ് ഇറ്റലിയിൽ വച്ച് കാനിയും കിമ്മും വിവാഹിതരായത്. 2022 നവംബറിൽ ഇരുവരും വിവാഹമോചനം നേടി. വേർപിരിയലിനു ശേഷം ഇരുവരും തങ്ങളുടെ കുട്ടികളെ സംയുക്തമായി കസ്റ്റഡിയിലെടുക്കാൻ സമ്മതിച്ചു. എന്നാൽ ഇപ്പോൾ 80 ശതമാനം സമയവും കുട്ടികൾ അമ്മയ്ക്കൊപ്പം തുടരുകയാണെന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം.

## ഡികാപ്രിയോയ്ക്കും വിറ്റോറിയ സെറെറ്റിക്കും കുഞ്ഞു അഥിതി



ലിയോനാർഡോ ഡികാപ്രിയോയും വിറ്റോറിയ സെറെറ്റിയും ഒരു കുഞ്ഞിനെ വളർത്തുന്നതായി റിപ്പോർട്ട്. എന്നാൽ പറഞ്ഞു വരുന്നത് ഒരു മനുഷ്യ കുഞ്ഞിന്റെ കാര്യം അല്ല, ദമ്പതികൾ ഒരു പുതിയ നായയെ വളർത്തുന്നതിനെ കുറിച്ചാണ് റിപ്പോർട്ട് പുറത്തു വരുന്നത്.ദമ്പതികൾ ചൊവ്വാഴ്ച ന്യൂയോർക്ക് നഗരത്തിലൂടെ ഒരു നായ്ക്കുട്ടിയുമായി നടക്കുന്ന മനോഹരമായ ചിത്രങ്ങൾ ആണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. ഓമനയായ ഒരു പോമറേനിയൻ നായയാണ് ഇവരുടെ കൈയിൽ ഉണ്ടായിരുന്നത്. ലിയോ എന്നാണ് നായയുടെ പേര്. ലിയോ താരങ്ങളെ രക്ഷിതാവിനെപ്പോലെയാണ് കാണുന്നത്. കൈകളിൽ നായ്ക്കുട്ടിയുമായി വിറ്റോറിയ ചുറ്റിനടക്കുന്നു ചിത്രങ്ങൾ ഇതിനോടകം തന്നെ വൈറലായി കഴിഞ്ഞു.

## സോഷ്യൽ മീഡിയ താരം ബ്രിയാനയുടെ ആസ്തി കേട്ടാൽ ഞെട്ടും !



സോഷ്യൽ മീഡിയ പോസ്റ്റുകളിലൂടെ നിരവധി ആരാധകരെ നേടിയ ഇൻഫ്ലുൻസർ ആണ് ബ്രിയാന ചിക്കൻഫ്രി. 2024 ഒക്ടോബറിലെ ആണ് താരം തന്റെ ഇൻസ്റ്റാഗ്രാം സ്റ്റോറീസിലൂടെ തന്റെ പങ്കാളിയുമായുള്ള വേർപിരിയൽ പ്രഖ്യാപിച്ചത്. ഇതിന് പിന്നാലെ മറ്റൊരു സെലിബ്രിറ്റിയുമായി അവൾ പ്രണയം കണ്ടെത്തി. മുൻ കാമുകൻ സാച്ച് ബ്രയാനുമായി വേർപിരിഞ്ഞിട്ടും ബ്രയാന വിജയകരമായി തന്റെ കരിയറിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. പോഡ്കാസ്റ്ററും ടിക് ടോക്ക് താരവും ആയ ബ്രിയാനയുടെ ആസ്തി ഞെട്ടിക്കുന്നതാണ്. ബ്രിയാനയുടെ ആസ്തി ×1 ദശലക്ഷം മുതൽ ×3 ദശലക്ഷം വരെയാണ് എന്നാണ് കണക്കുകളിൽ പറയുന്നത്. ടിക് ടോക്കിൽ 100,000 ഡോളറിൽ താഴെ ശമ്പളത്തിലാണ് താരം കരിയർ തുടങ്ങിയത് എന്ന് അവർ തന്നെ മുൻപ് തുറന്ന് പറഞ്ഞിട്ടുണ്ട്.

# ഷെറി ലാൻസിങ് ലീഡർഷിപ്പ് അവാർഡിന് അർഹയായി നിക്കോൾ കിഡ്മാൻ



ലോസ് ഏഞ്ചൽസിൽ ഡിസംബർ 4-ന് നടക്കുന്ന വാർഷിക വിമൻ ഇൻ എന്റർടൈൻമെന്റ് ബ്രേക്ക്ഫാസ്റ്റ് ഗാലയിൽ നിക്കോൾ കിഡ്മാന് ഈ വർഷത്തെ ഷെറി ലാൻസിങ് ലീഡർഷിപ്പ് അവാർഡിന് അർഹയാകും. വിനോദ, മാധ്യമ രംഗത്തെ ട്രയൽബ്ലേസർമാരെയും മനുഷ്യസ്നേഹികളെയും ആദരിക്കുന്നതാണു ഷെറി ലാൻസിങ് ലീഡർഷിപ്പ് അവാർഡ്. ഹോളിവുഡ് സ്റ്റുഡിയോയുടെ തലപ്പത്തെത്തുന്ന ആദ്യ വനിതയായ ഷെറി ലാൻസിംഗിന്റെ ബഹുമാനാർത്ഥം തുടങ്ങിയതാണ് ഈ അവാർഡ്. അഡെൽ, ചാർലിസ് തെറോൺ, ജെന്നിഫർ ആനിസ്റ്റൺ, റീസ് വിതർസ്പൂൺ, ഓപ്രവിൻഫ്രെ, ബാർബ്ര സ്ട്രീസാൻഡ്, വിയോള ഡേവിസ് എന്നിവരും ഈ ബഹുമതിക്ക് മുമ്പ് ലഭിച്ചിട്ടുണ്ട്. ‘തന്റെ കരിയറിൽ, നിക്കോൾ കിഡ്മാൻ തന്റെ ചലനാത്മക പ്രകടനങ്ങളിലൂടെ പ്രേക്ഷകരെ അമ്പരപ്പിച്ചു. ഒരു അഭിനേത്രിയും നിർമ്മാതാവും എന്ന നിലയ്ക്ക് പുറമെ, ജീവകാരുണ്യ പ്രവർത്തനത്തിലൂടെ എണ്ണമറ്റ സ്ത്രീകളിലും കുട്ടികളിലും അവർ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.ഞങ്ങളുടെ ഷെറി ലാൻസിങ് ലീഡർഷിപ്പ് അവാർഡിന്റെ ആത്മാവ് കിഡ്മാൻ ശരിക്കും ഉൾക്കൊള്ളുന്നു, ഈ വർഷത്തെ വിമൻ ഇൻ എന്റർടൈൻമെന്റ് ഗാലയിൽ അവളെ ആദരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്- THR കോ-എഡിറ്റർ-ഇൻ-ചീഫ് നെകേസ മുംബി മൂഡിയും മെയർ റോഷനും പറഞ്ഞു.



# നടൻ ബാല വീണ്ടും വിവാഹിതനായി; വധു കോകില

നടൻ ബാല വിവാഹിതനായതായി റിപ്പോർട്ട്. താരത്തിന്റെ ബന്ധു കോകിലയാണ് വധു. ബാലയുടേത് മൂന്നാം വിവാഹമാണ്. കലൂരിലെ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ ഒക്ടോബർ 23ന് ആയിരുന്നു വിവാഹം നടന്നത്. അടുത്ത ബന്ധുക്കൾ മാത്രമാണ് വിവാഹ ചടങ്ങിൽ പങ്കെടുത്തത്. വിവാഹത്തിന് ശേഷം ബാല വധുവിനെ കുറിച്ച് സംസാരിച്ചു. തന്റെ സ്വന്തം തന്നെയാണ് വധു. തമിഴ്നാട്ടിൽ നിന്നാണ്. പേര് കോകില എന്നാണെന്നും ബാല പറഞ്ഞു. വിവാഹത്തിനെത്തിയ എല്ലാ മാധ്യമങ്ങൾക്കും ബാല നന്ദി പറഞ്ഞു. വിവാഹ ചടങ്ങിന് അമ്മയ്ക്ക് വരാനായില്ലെന്നും വയ്യാതിരിക്കുകയാണെന്നും ബാല പറഞ്ഞു. 74 വയസായി അമ്മയ്ക്ക്, അമ്മയുടെ ആരോഗ്യ നിലയെ എല്ലാം കണക്കാക്കിയാണ് വീണ്ടും വിവാഹം ചെയ്തത്. അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർ അനുഗ്രഹിക്കണമെന്നും ബാല പ്രതികരിച്ചു.

# അറസ്റ്റ് ഒഴിവാക്കാൻ ഹൈക്കോടതിയെ സമീപിച്ചു അല്ലു അർജുൻ



നിരവധി ആരാധകരുള്ള താരമാണ് അല്ലു അർജുൻ. ഇപ്പോഴിതാ തെരഞ്ഞെടുപ്പ് ചട്ടലംഘനം നടത്തിയെന്ന കേസിൽ അറസ്റ്റ് ഒഴിവാക്കാൻ ആന്ധ്രപ്രദേശ് ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ് താരം. നടനൊപ്പം മുൻ MLA ശിൽപ രവിചന്ദ്ര കിഷോർ റെഡ്ഡിയും കോടതിയെസമീപിച്ചിട്ടുണ്ട് എന്നാണ് ലഭിക്കുന്ന വിവരം. തെരഞ്ഞെടുപ്പ് സമയത്ത് നന്ദ്യാലിൽ രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് രണ്ട് പേരും ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് റാലിയിൽ രവിചന്ദ്രയെ പിന്തുണയ്ക്കാനായി അല്ലു അർജുൻ എത്തിയിരുന്നു. അപ്രതീക്ഷിതമായി നടൻ പ്രത്യക്ഷപ്പെട്ടതോടെ അനിയന്ത്രിത ജനത്തിരക്കാണ് സ്ഥലത്ത് ഉണ്ടായത്.ഈ സംഭവത്തിലാണ് തെരഞ്ഞെടുപ്പ് നിയമലംഘനത്തിന്റെ പേരിൽ കേസ് വന്നത്. ഒരു തിരഞ്ഞെടുപ്പ് പരിപാടിയിൽ മതിയായ അനുമതിയില്ലാതെ വൻ ജനക്കൂട്ടത്തെ സൃഷ്ടിച്ചുവെന്നാണ് എഫ്ഐആറിൽ ആരോപിക്കുന്നത്.



# നടാഷ സ്റ്റാൻകോവിക്ക് ഫിറ്റ്നസ് പരിശീലകനുമായി ഡേറ്റിങ്ങിൽ

ഹോളിവുഡ് താരം നടാഷ സ്റ്റാൻകോവിക്ക് വീണ്ടും ഡേറ്റിങ്ങിൽ. ഇന്ത്യൻ ക്രിക്കറ്റ് താരം ഹർദിക് പാണ്ഡ്യയുമായി വിവാഹബന്ധം വേർപെടുത്തിയതിന് പിന്നാലെയാണ് മറ്റൊരു അഭ്യൂഹം ഉയരുന്നത്. ഫിറ്റ്നസ് പരിശീലകനായ അലക്സാണ്ടർ അലക്സിനൊപ്പം മുംബൈയിൽ വെച്ചാണ് നടാഷയെ പാപ്പരാസികൾ കണ്ടത്. ഇരുവരും നടിയുടെ കാറിൽ കയറി പോകുന്നതും ചിരിച്ചുല്ലസിക്കുന്നതും ബാന്ദ്രയിലെ ഒരു റെസ്റ്റോറന്റിൽ നിന്ന് പുറത്തുപോകുന്നതിന്റെയും ഫോട്ടോകളും വീഡിയോകളും വൈറലായിട്ടുണ്ട്. അലക്സാണ്ടറും നടാസയും ഒരുമിച്ചുള്ള ഒരു പോസ്റ്റ് വർക്കൗട്ട് ഫോട്ടോയും ഹണി സിംഗിനൊപ്പം പാർട്ടി ആസ്വദിക്കുന്നതിന്റെ വീഡിയോകളും മുമ്പ് പോസ്റ്റ് ചെയ്തിരുന്നു.നാല് വർഷത്തെ ബന്ധം അവസാനിപ്പിച്ച് ജൂലൈ 18 ന് നതാസയും ഹാർദിക് പാണ്ഡ്യയും വേർപിരിയുന്നതായി പ്രഖ്യാപിച്ചത്. പിന്നാലെ കുട്ടിയുമായി നാട്ടിലേക്ക് മടങ്ങിയ നടി വീണ്ടും ജോലി സംബന്ധമായ കാര്യങ്ങൾക്കായി മടങ്ങിവരികയായിരുന്നു.

# ഹോളിവുഡ് നിർമാതാവ് ഹാർവി വെയ്ൻസ്റ്റൈന് ക്യാൻസർ സ്ഥിരീകരിച്ചു



ബലാത്സംഗക്കുറ്റത്തിൽ ജയിലിൽ കഴിയുന്ന ഹോളിവുഡ് നിർമാതാവ് ഹാർവി വെയ്ൻസ്റ്റൈന് ക്യാൻസർ സ്ഥിരീകരിച്ചു. മജ്ജയ്ക്കാണ് ക്യാൻസർ ബാധിച്ചത്. 72കാരനായ വെയ്ൻസ്റ്റൈന് വിട്ടുമാറാത്ത മൈലോയ്ഡ് ലുക്കീമിയ ഉണ്ടെന്നും ന്യൂയോർക്ക് ജയിലിൽ ചികിത്സയിലാണെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു സെപ്റ്റംബറിൽ കോടതിയിൽ ഹാജരായപ്പോൾ വിളറിയും അവശതയോടെയുമാണ് അദ്ദേഹം കാണപ്പെട്ടത്. കഴിഞ്ഞ മാസം അടിയന്തര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായിരുന്നു. ബലാത്സംഗക്കേസിൽ ശിക്ഷിക്കപ്പെട്ട് 16 വർഷത്തെ ജയിൽ ശിക്ഷ അനുഭവിക്കുകയാണ് വെയ്ൻസ്റ്റീൻ.ഈ വർഷം ജൂലൈയിൽ, കോവിഡ് , ന്യുമോണിയ എന്നിവയുൾപ്പെടെ വിവിധ ആരോഗ്യപ്രശ്നങ്ങൾ കാരണം ചികിത്സയ്ക്കായി ഹാർവിയെ ന്യൂയോർക്ക് സിറ്റി ജയിലിൽ നിന്ന് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. 2020-ൽ ന്യൂയോർക്കിൽ നടിയെ ബലാത്സംഗം ചെയ്തതിനും പ്രൊഡക്ഷൻ അസിസ്റ്റന്റിനോട് ലൈംഗികാതിക്രമം നടത്തിയതിനും അദ്ദേഹം ശിക്ഷിക്കപ്പെട്ടിരുന്നു. ആ കേസിൽ 23 വർഷത്തെ തടവിനാണ് ശിക്ഷിക്കപ്പെട്ടത്. ഈ വിധിക്ക് പിന്നീട് സ്റ്റേ ലഭിച്ചു.ഓസ്കാർ ജേതാവായ വെയ്ൻസ്റ്റെയ്നെതിരെയുള്ള ആരോപണങ്ങളാണ് 2017-ൽ മീടൂ പ്രസ്ഥാനം ആരംഭിക്കാൻ സഹായിച്ചത്. പ്രമുഖ അഭിനേതാക്കളായ ആഞ്ജലീന ജോളി, ഗ്വിനെത്ത് പാൽട്രോ, ആഷ്‌ലി ജൂഡ് എന്നിവരുൾപ്പെടെ 80-ലധികം സ്ത്രീകൾ പീഡനം, ലൈംഗികാതിക്രമം, ബലാത്സംഗം എന്നിവ ആരോപിച്ച് രംഗത്തെത്തിയിരുന്നു.

## നടി രംഭ വിവാഹ മോചിതയാകുന്നുവോ?



തെന്നിന്ത്യൻ സിനിമാ ലോകത്തെ പ്രിയ താരമായിരുന്നു രംഭ. അതീവ ഗ്ലാമറസായി അഭിനയിക്കാൻ തയ്യാറായ രംഭ നിരവധി സൂപ്പർസ്റ്റാറുകളുടെ നായികയായി എത്തി. 2010 ൽ വിവാഹിതയായ ശേഷമാണ് രംഭ അഭിനയ രംഗം വിട്ടത്. എന്നാൽ ഇപ്പോൾ കുറിച്ച് ദിവസങ്ങളായി രംഭയുടെ കുടുംബ ജീവിതമാണ് സോഷ്യൽ മീഡിയയിലെ ചർച്ചാ വിഷയം. 2010 ൽ ആണ് രംഭ വിവാഹിതയായത്. ബിസിനസുകാരനായ ഇന്ദ്രൻ പത്മനാഭനാണ് രംഭയുടെ ഭർത്താവ്. മൂന്ന് മക്കളാണ് രംഭയ്ക്കുള്ളത്. കുടുംബത്തോടൊപ്പം കാനഡയിലാണ് നടി താമസിക്കുന്നത്. അതേസമയം രംഭ ഭർത്താവുമായി പ്രശ്നത്തിലാണെന്നും ഉടൻ ബന്ധം വേർപിരിയുമെന്നുമാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. റിപ്പോർട്ടുകൾ പ്രകാരം മക്കളുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് ഇവർ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായത് എന്നാണ് ലഭിക്കുന്ന വിവരം. കുട്ടികൾക്കൊപ്പം ഇന്ത്യയിലേയ്ക്ക് തിരിച്ച് വരണമെന്ന് രംഭ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ യുഎസ്എയിലേയ്ക്ക് താമസം മാറാനാണ് ഇന്ദ്രകുമാർ താൽപര്യപ്പെടുന്നത്. ഇതാണ് ഇവർക്കിടയിൽ പ്രശ്നമായതെന്ന് റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നത്.ഇപ്പോഴിതാ ഈ വാർത്തകളെ കുറിച്ച് പ്രതികരിച്ച് രംഗത്തെത്തിയിരിക്കുകയാണ് നടി. വിവാഹ മോചന വാർത്ത തെറ്റാണെന്ന് ആണ് താരം വ്യക്തമാക്കിയത്. 'ഇത്തരം വാർത്തകൾ ദുഖകരമാണ്. തന്നെക്കുറിച്ച് ചിന്തിക്കാതെയാണ് തെറ്റായ വാർത്തകളുണ്ടാക്കുന്നതെന്നും രംഭ വിമർശിച്ചു. ചെറിയ ചില പ്രശ്നങ്ങളുണ്ടായിരുന്നെന്നും എല്ലാ ഭാര്യാ ഭർത്താക്കൻമാർ തമ്മിലുമുണ്ടാകുന്ന പ്രശ്നമാണതെന്നും' രംഭ വ്യക്തമാക്കി.

# മണ്ണിടിഞ്ഞ് എല്ലാം നഷ്ടപ്പെട്ടവർക്കു മേൽ ഭരിക്കുന്നവരുടെ 'സർജിക്കൽ സ്ട്രൈക്ക്'

**കേരളാ വിൻഡോ**



ആന്റണി ചടയംമുറി



വിമാനങ്ങൾക്ക് 'വ്യാജ' ബോംബ് ഭീഷണി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ രക്ഷിക്കാനും ആത്മഹത്യ ചെയ്ത കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിനെ അഴിമതിക്കാരനാക്കാനും, 'വ്യാജ' പരാതി പാലക്കാട് യു.ഡി.എഫിന്റെ ഔദ്യോഗിക സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിനെതിരെ ഡോ.പി. സരിന്റെ വക 'വ്യാജ' ആരോപണങ്ങളുടെ കുത്തൊഴുക്ക്.

തിരുവനന്തപുരം മേയർ ആര്യയെയും ഭർത്താവ് സച്ചിൻ ദേവിനെയും വെള്ളയടിക്കാൻ കോടതിയിൽ നൽകിയ പൊലീസ് ഭാഷ്യം വ്യാജമാണോ അല്ലയോ എന്ന് ഇതുവരെ അറിയില്ല.

ഏതായാലും വയനാട് മണ്ണിടിച്ചിലിനെ തുടർന്ന് ഇന്ത്യൻ പ്രധാനമന്ത്രിയും കേരള സർക്കാരും നൽകിയ 'പുന്നാര വാഗ്ദാനങ്ങൾ' വ്യാജമാണെന്ന് ഇതിനകം പരാതികളുയർന്നു കഴിഞ്ഞു. ചൊവ്വാഴ്ച ദുരിതബാധിതരെ വിളിച്ചു കൂട്ടി ബാങ്കുകാർ നടത്തിയ അദാലത്തിനെ 'ചെറ്റത്തര'മെന്നാണ് നാട്ടുകാർ വിശേഷിപ്പിച്ചത്. കാരണം, വായ്പ പുനഃക്രമീകരിക്കാനാണ് ഇപ്പോൾ ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളതെന്നാണ് ബാങ്ക് അധികൃതർ പറയുന്നത്.

വായ്പ എഴുതിത്തള്ളേണ്ട തീരുമാനമെടുക്കേണ്ടത് അതാതു ബാങ്കുകാരാണത്രെ. ഇനി തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നാൽ വായ്പയെടുത്ത ദുരിത ബാധിതർ നക്ഷത്രമെണ്ണേണ്ടി വരും. വിവിധ സർക്കാർ ഓഫീസുകളിൽ നക്ഷത്രമെണ്ണേണ്ടിവരും. വിവിധ സർക്കാർ ഓഫീസുകളിൽ പോകാൻ ദുരിതബാധിതരുടെ കൈയിൽ ഇപ്പോൾ ചില്ലിക്കാശില്ല.

റവന്യൂ വകുപ്പ് ഭരിക്കുന്ന സി.പി.ഐയുടെ സ്ഥാനാർത്ഥിയായ സത്യൻ മൊകേരിക്കും ഒരു പാവം കുരുന്നിനെ ലാളിച്ച് നാടകം കളിച്ച പ്രധാനമന്ത്രിയുടെ പാർട്ടി സ്ഥാനാർത്ഥിക്കും വയനാട്ടിൽ എന്തു സംഭവിക്കുമെന്ന് ഇപ്പോൾ തന്നെ ഊഹിക്കാവുന്നതേയുള്ളൂ.

ദുരന്തബാധിതർക്കായി നിർമ്മിക്കാൻ പോകുന്ന ടൗൺഷിപ്പ് പ്രൊജക്ടിനേക്കാൾ, ഇപ്പോൾ സംസ്ഥാന സർക്കാരിന് 'റൊമ്പ ഇഷ്ടം' തുരങ്കപ്പാത നിർമ്മാണ പദ്ധതിയോടാണ്. വയനാട്ടിലെ റിസോർട്ട്, റിയൽ എസ്റ്റേറ്റ് മാഫിയകളെ നിയന്ത്രിക്കുന്ന വമ്പന്മാരുടെ പ്രിയ പദ്ധതിയാണ് തുരങ്കപ്പാത നിർമ്മാണം.

വയനാട്ടിൽ ദുരിതമുണ്ടായപ്പോൾ കണ്ണുനീർ വീഴ്ത്താനായി ഓടിയെത്തിയ മുതലകളെ ഇപ്പോൾ കാണാനേയില്ല. ദിവസേന 300 രൂപ, മാസം പതിനായിരം രൂപ, വീട്ടു വാടകയായി പ്രതിമാസം 6000 രൂപ തുടങ്ങിയ മോഹന വാഗ്ദാനങ്ങളിൽ സൗജന്യ റേഷൻ മാത്രമാണ് ഇതേവരെ മുടങ്ങാത്തത്. മന്ത്രി കെ.രാജനും, മന്ത്രി മുഹമ്മദ് റിയാസുമായിരുന്നു ഏറ്റവും ഒടുവിൽ ദുരിതബാധിത പ്രദേശത്തുണ്ടായിരുന്നത്. ഇപ്പോൾ അഴിമതിക്കാരനല്ലാത്ത മന്ത്രി കെ.രാജനു പോലും നാട്ടുകാർ ചാർത്തിക്കൊടുത്തിട്ടുള്ള പേര് 'കിംഗ് ലയർ' അഥവാ നുണയന്മാരുടെ രാജനെന്നാണ്!

## ചട്ടപ്പടിയെന്ന തോന്ന്യവാസം

പഴയ എ.ഡി.ജി.പിയുടെ കാര്യത്തിലും, പൂരം കലക്കൽ പ്രശ്നത്തിലുമെല്ലാം മുഖ്യമന്ത്രിയുടെ സ്ഥിരം മറുപടി അന്വേഷണം 'ചട്ടപ്പടി' നടന്നു വരികയാണെന്നാണ്. നവീൻ ബാബുവിന്റെ മരണത്തെക്കുറിച്ചും അടച്ചിട്ട മുന്നണി യോഗത്തിൽ മുഖ്യമന്ത്രി ഇതേ വാദം തന്നെ ഉന്നയിച്ചുവത്രെ. വരാൻ പോകുന്ന ഉപതെരഞ്ഞെടുപ്പുകളിൽ രണ്ട് സീറ്റിലും സി.പി.എം ഉം കോൺഗ്രസും നേരിട്ടുള്ള പോരാട്ടത്തിലായിട്ടും, ജനഹിതമറിഞ്ഞ് നടപടിയെടുക്കാൻ പൊലീസിനെ അനുവദിക്കാത്തത് പാലക്കാട്ടും ചേലക്കരയിലും ഇടതിന് കോട്ടമുണ്ടാക്കും.

## സ്വതന്ത്രൻ വരുന്ന ഊടുവഴികൾ

അൻവറിനെ പോലെ ഒരു സ്വതന്ത്രനെ തോളത്തു കയറ്റിയതിന്റെ ആഘാതം സി.പി.എം. ഇന്ന് നേരിടുമ്പോൾ, പാലക്കാട്ട് മറ്റൊരു സ്വതന്ത്രനെ മൽസരത്തിനിറക്കിയത് 'വേലിയിരുന്നതിനെ' എടുത്ത് എവിടെയോ വച്ചതുപോലെയാകുമോയെന്ന ഭയം പാലക്കാട്ടെ പാർട്ടിയംഗങ്ങൾക്കുണ്ട്. പി.കെ. ശശിക്കെതിരെ കർശന നടപടിയെടുത്ത് ജില്ലയിലെ 'അതൃപ്തിയുള്ളവരെ' കൂടെ നിർത്തിയ ഗോവിന്ദൻ മാസ്റ്റർ സരിന്റെ സ്ഥാനാർത്ഥിത്വത്തിന് സർവ പിന്തുണയും നൽകിയിട്ടുണ്ട്.

ഇന്നലെ വരെ മുഖ്യമന്ത്രിയെ നിശിതമായ ഭാഷയിൽ വിമർശിച്ചതിന് ഡോ.സരിൻ മാപ്പ് പറഞ്ഞു കഴിഞ്ഞു. ഒരു പ്രിയദർശൻ ചിത്രത്തിൽ ജഗതിയുടെ കഥാപാത്രം പറയുന്നതു പോലെ ''എന്റെ അച്ഛൻ തെണ്ടി, പട്ടി'' എന്നിങ്ങനെയുള്ള ഡയലോഗ് കൂടി ഇനി സരിന്റെ വായിൽ നിന്ന് വീഴുമോ ആവോ? ''എന്നെ ഇനി സഖാവേ'' എന്ന് വിളിക്കണം, ആ വിളി കേട്ട് എന്റെ മനസ്സ് കുളിർക്കണം'' എന്നെല്ലാം പറയാൻ, സരിൻ പണ്ട് ''പൈങ്കിളി നോവലുകൾ'' വല്ലതുമെഴുതിയിട്ടുണ്ടോയെന്ന ഗവേഷണത്തിലാണ് പാലക്കാട്ടെ 'രാഹുൽ ബ്രിഗേഡ്' എന്നോ 'ബ്രോ' എന്നോ വിളിച്ചാൽ മതിയെന്നു പറഞ്ഞാൽ അത് സഖാക്കൾക്ക് പിടിച്ചില്ലങ്കിലോ എന്ന സരിന്റെ ഉള്ളിലെ ഉഡായിപ്പിന് സ്തുതി.

## ഇന്നലെ വരെ തള്ളിപ്പറഞ്ഞവർ, ഇന്ന് മാമനും മച്ചമ്പിയും

സരിന്റെ കുറ്റപത്രം ഇങ്ങനെയാണ്: 1. രാഹുൽ മാങ്കൂട്ടത്തിൽ സ്ഥാനാർത്ഥിയായതിനു പിന്നിൽ ഷാഫി പറമ്പിലിന്റെ ഗൂഢാലോചനയാണ്. 2. വി.ഡി. സതീശൻ ബി.ജെ.പി.യുമായി ചേർന്ന് അടുത്ത മുഖ്യമന്ത്രിയാകാൻ നോക്കുന്നു. 3 എനിക്ക് എതിരെ കളിച്ചവരെ എനിക്ക് അറിയാം. ഞാൻ അവരോട് പകരം ചോദിക്കും. ബി.ജെ.പി. ഇടതു ബാന്ധവവത്തിന്റെ തെളിവുകൾ ഹാജരാക്കി പിണറായിയെ പ്രതിക്കൂട്ടിലാക്കിയ സതീശനെതിരെയുള്ള സരിന്റെ ഒന്നാമത്തെ ആരോപണം തന്നെ ഉണ്ടയില്ലാ വെടിയല്ലേ? ഷാഫി പറമ്പിൽ എന്ന യുവജന നേതാവിന് സരിനോട് ഇത്രയേറെ വിരോധമുണ്ടാകാൻ കാരണം വല്ലതുമുണ്ടോ? പകരം ചോദിക്കുമെന്ന സരിന്റെ മൂന്നാമത്തെ ഡയലോഗ് കറക്ട്.

പക്ഷെ തള്ളയ്ക്കും മുത്തിക്കുമെല്ലാം പറഞ്ഞ് സി.പി.എമ്മിനെതിരെ 'പുലയാട്ട്' പറഞ്ഞ സരിൻ ഒറ്റ രാത്രി കൊണ്ട് പാലക്കാട്ടെ സഖാക്കളുടെ ''മാമനും മച്ചമ്പി''യുമെല്ലാമായത് ജനത്തിന് ദഹിക്കാനിടയില്ല. എന്തായാലും പാലക്കാട്ട് ഇത്തവണ ബി.ജെ.പിക്ക് പഴയതുപോലെ രണ്ടാം സ്ഥാനത്തെത്താൻ കഴിയില്ല. കാരണം, അവിടെ എതിർക്കുന്നവരുടെ 'പല്ലുകളുടെ എണ്ണം കുറയ്ക്കുന്ന എല്ലുകളുടെ എണ്ണം കൂട്ടുന്ന' ശോഭാ സുരേന്ദ്രന്റെ ഗ്രൂപ്പുകാർ തന്നെ പാർട്ടി സ്ഥാനാർത്ഥിയുടെ കാല് വാരിയിരിക്കും. അങ്ങനെ വരുമ്പോൾ, ഒരു റണ്ണർ അപ്പ്' സ്ഥാനം സരിന് ഉറപ്പിക്കാം. കൽപ്പാത്തി രഥോത്സവ നാളിൽ കൃത്യമായി തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ച ബി.ജെ.പി. ഇവിടെ തേര് തെളിക്കില്ല; വലിക്കും, അത്ര തന്നെ.

## മലിനീകരണം, ട്രാഫിക് ബ്ലോക്ക്..... ഹഹഹ!

എറണാകുളം പട്ടണത്തിലെ വായു മലിനീകരണത്തോത് കൃത്യമായി എല്ലാ ദിവസവും അടയാളപ്പെടുത്താൻ. ഔദ്യോഗികമായി തന്നെ ഒരു നിരീക്ഷണ സംവിധാനമുണ്ടായിരുന്നു. കാറ്റത്ത് മറിഞ്ഞു വീണു നശിച്ചുപോയ ആ സംവിധാനത്തിൽ ഉൾപ്പെട്ട ഉപകരണങ്ങൾ ഇന്ന് ഉപയോഗശൂന്യമാണ്. ഇപ്പോൾ കാറ്റും മഴയും ലൈവായി അളക്കാൻ കൊച്ചി നഗരത്തിൽ മൂന്നിടത്ത് (കടവന്ത്ര, മറൈൻ ഡ്രൈവ്, ഹൈക്കോടതി പരിസരം) അത്യാധുനിക കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുകയാണത്രെ. എന്നാൽ, ഈ വാർത്തകൾ പ്രത്യക്ഷപ്പെട്ട ദിവസങ്ങളിൽ തന്നെ ഏലൂർ പാതാളം പാലത്തിനു സമീപം മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിച്ച ജല, വായു നിരീക്ഷണ സംവിധാന മുടങ്ങിയ സ്റ്റേഷൻ പെരിയാറിൽ ഒഴുകി നടക്കുന്നതായി പത്രങ്ങളിൽ കണ്ടു.

സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾക്കുള്ള വാർഷിക കരാർ പുതുക്കാത്തതാണ് സ്റ്റേഷൻ പ്രവർത്തന രഹിതമാകാൻ കാരണമത്രെ. സർക്കാർ ഏതെങ്കിലും ഒരു യന്ത്ര സംവിധാനമോ മറ്റോ വാങ്ങുമ്പോൾ തന്നെ അതിന്റെ കമ്മീഷനും നോക്കു കൂലിയുമെല്ലാം ബന്ധപ്പെട്ടവർക്കു ലഭിക്കും. പിന്നീട് ആ യന്ത്രസംവിധാനങ്ങൾ പ്രവർത്തിച്ചാലും ഇല്ലെങ്കിലും കീശ നിറഞ്ഞവർ ഡബിൾ ഹാപ്പിയല്ലേ ? കൊച്ചി കോർപ്പറേഷൻ മാലിന്യം ശേഖരിക്കാൻ വാങ്ങിയ പഴയ കോംപാക്ട് വാഹനങ്ങൾ എറണാകുളം ലോ കോളജിനു സമീപത്ത് തുരുമ്പെടുത്ത നശിക്കുന്നുണ്ട്. ഇപ്പോൾ പുതിയ കോംപാക്ട് വാഹനങ്ങൾ കോർപ്പറേഷൻ വാങ്ങിക്കഴിഞ്ഞു. എത്രനാൾ ഇവയെല്ലാം ഓടുമോ എന്തോ?! കുണ്ടന്നൂർ പാലത്തിന്റെ അറ്റകുറ്റപ്പണികളുടെ പേരിൽ വൈറ്റില-അരൂർ ഭാഗത്ത് വാഹന ഗതാഗതം മണിക്കുറുകളായി തടസ്സപ്പെടുകയാണ്. മാത്രമല്ല, ഗതാഗതം വഴിതിരിച്ചു വിടുന്നതിന്റെ പേരിൽ മരട് നിവാസികൾ പോലും ടോൾ കൊടുക്കണമെന്ന് ദേശീയപാതാ അതോറിറ്റി ശഠിക്കുകയാണ്. എന്തൊരു നാടല്ലേ ഇത് ?

## കിട്ടാക്കടങ്ങൾക്കുമുണ്ട് കൽക്കണ്ട രുചി!

കടുത്ത സാമ്പത്തിക വറുതിയിലാണ് കേരളം. ഇതുമൂലം നിർദ്ദിഷ്ട പദ്ധതികൾ പലതും ഉപേക്ഷിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയാണ് സംസ്ഥാന സർക്കാരിലേക്കുള്ള സാമ്പത്തിക വരുമാനത്തിന്റെ വലിയൊരു പങ്ക് ഖജനാവിലേക്ക് നൽകാറുള്ളത്. എന്നാൽ പദ്ധതി വിഹിതത്തിന്റെ 18 ശതമാനം മാത്രമാണ് ഇതുവരെ എറണാകുളം ജില്ലയ്ക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു.

ഒരു വാർത്തയിൽ കേരളത്തിൽ പിരിഞ്ഞു കിട്ടാനുള്ള നികുതി കുടിശ്ശിക 27,902 കോടി രൂപയാണെന്ന് പറഞ്ഞിരുന്നു. 2023 മാർച്ച് 31 വരെയുള്ള 'വരവ്കാ, ചെലവ് കാ' യുടെ കണക്ക് നോക്കിയ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സി.എ.ജി) റിപ്പോർട്ടിലാണ് ഈ വെളിപ്പെടുത്തൽ. ഈ തുകയിൽ ജി.എസ്.ടി. വകുപ്പ് പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുകയിൽ 1205 കോടി രൂപ അഞ്ച് വർഷത്തിലേറെയായി 'കിട്ടാത്തുക'യാണ്.

വൈദ്യുതി നിരക്ക് കൂട്ടണമെന്ന് ശഠിക്കുന്ന കെ.എസ്.ഇ.ബി.യുടെ നികുതി/തീരുവ കണക്കിൽ 3800 കോടി, പലിശയിനത്തിൽ 6855 കോടി, മോട്ടർ വാഹന നികുതി വകയിൽ 1109 കോടി, പൊലീസ് വകുപ്പിൽ 454 കോടി, എക്സൈസ് വകുപ്പിൽ 285 കോടി, ഓഡിറ്റ് വകയിൽ 105 കോടി, രജിസ്ട്രേഷൻ വകുപ്പിൽ 719 കോടി, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ 198.96 കോടി, വനംവകുപ്പിൽ 398 കോടി എന്നിങ്ങനെ പോകുന്നു കുടിശ്ശിക കണക്ക്. 2022-23 കാലഘട്ടത്തിൽ ആരംഭിച്ച 27 പദ്ധതികളിൽ 13 എണ്ണവും പൂർത്തിയാക്കിയിട്ടില്ല.

14 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടെങ്കിലും പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് സി.എ.ജി. നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ നികുതിയിൽ നിന്നുള്ള വരുമാനം മൊത്തം വരവിന്റെ 43 ശതമാനമേയുള്ളൂ.

ഇതിൽ ശമ്പളമായി 23 ശതമാനം, സർവീസ്, ക്ഷേമ പെൻഷനായി 22 ശതമാനം, വായ്പയുടെ പലിശ 36 ശതമാനം എന്നിങ്ങനെയാണ് ചെലവ് പട്ടിക. കേന്ദ്ര സഹായമായി 16 ശതമാനവും കേന്ദ്ര നികുതി വിഹിതമായി 11 ശതമാനവും ലഭിക്കുന്നുണ്ട്. എന്തായാലും കിട്ടാക്കുടിശ്ശികകളുടെ 'കൽക്കണ്ട രുചി' നുണയുന്നത് ആരെന്ന ചോദ്യത്തിനാണ് ജനം ഉത്തരം കണ്ടെത്തേണ്ടത്.

◗ ആന്റണി ചടയംമുറി

# 'പണത്തിനുവേണ്ടി സിനിമ ചെയ്യില്ല, റീമേക്ക് ചെയ്യാൻ താത്പര്യമില്ല'




നിരവധി ആരാധകരുള്ള, മലയാളികളുടെ കുഞ്ഞിക്കയാണ് ദുൽഖർ സൽമാൻ. മലയാളത്തിന് പുറമെ മറ്റ് ഭാഷകളിലേയ്ക്കും ചുവടുറപ്പിച്ച ദുൽഖറിന് കൈനിറയെ ചിത്രങ്ങളുമുണ്ട്. എന്നാൽ ഇപ്പോഴിതാ താൻ ഒരിക്കലും പണത്തിന് വേണ്ടി സിനിമ ചെയ്യില്ലെന്ന് പറയുകയാണ് നടൻ.എനിക്ക് നിങ്ങൾ ഒരുപാട് പണം തന്നത് കൊണ്ട് ഞാനൊരു സിനിമ ചെയ്യില്ല. നല്ല സിനിമകളുടെ ഭാഗമാകണം എന്നാണ് എന്റെ ആഗ്രഹം. വലിയ പ്രതിഫലത്തിന് ഒരു ഒടിടി എന്നെ ഹിന്ദിയിൽ ഒരു ഷോ ചെയ്യാനായി സമീപിച്ചിരുന്നു. അതൊരു റീമേക്കായിരുന്നു. വലിയ പ്രതിഫലമാണ് അതിനായി എനിക്ക് അവർ ഓഫർ ചെയ്തത്.പക്ഷേ ഞാൻ അവരോട് നോ പറഞ്ഞു. ഞാൻ പരസ്യങ്ങളും നിക്ഷേപങ്ങളും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ ഞാൻ പണത്തിന് വേണ്ടി സിനിമ ചെയ്യില്ല. സിനിമയിൽ അഭിനയിക്കാൻ തുടങ്ങിയ കാലം മുതൽ പിന്തുടരുന്ന ഒരു റൂൾ ആണത്. എന്റെ പ്രേക്ഷകരുടെ മനസിൽ എപ്പോഴും ഞാൻ എന്റെ അച്ഛന്റെ മകനാണ് എന്നും ദുൽഖർ സൽമാൻ പറഞ്ഞു. ഒരു അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു നടൻ. അതേ സമയം, വെങ്കി അറ്റ്ലൂരി സംവിധാനം ചെയ്യുന്ന തെലുങ്ക് ചിത്രമായ ലക്കി ഭാസ്കർ ആണ് ദുൽഖറിന്റേതായി പുറത്തെത്താനുള്ള ചിത്രം. മീനാക്ഷി ചൗധരി ആണ് ചിത്രത്തിൽ നായികയായി എത്തുന്നത്. 90-കളിലെ ബോംബെയിലെ സാമ്ബത്തിക പ്രതിസന്ധിയുടെ സമയത്ത് ഒരു കാഷ്യർ കടന്നുപോവുന്ന പ്രതിസന്ധികളാണ് സിനിമയുടെ ഇതിവൃത്തം. സെൽവമണി സെൽവരാജ് ഒരുക്കുന്ന 'കാന്ത' എന്ന ചിത്രത്തിലാണ് ദുൽഖർ ഇപ്പോൾ അഭിനയിക്കുന്നത്. ദുൽഖർ സൽമാന്റെ ഉടമസ്ഥതയിലുള്ള വേഫേറർ ഫിലിംസ്, റാണ ദഗ്ഗുബാട്ടിയുടെ ഉടമസ്ഥതയിലുള്ള സ്പിരിറ്റ് മീഡിയ എന്നിവർ ചേർന്നാണ് ഈ ബഹുഭാഷാ ചിത്രം നിർമ്മിക്കുന്നത്.

## ഒരുങ്ങുന്നത് അഡാർ ഐറ്റം! ക്രിസ്റ്റഫർ നോളനും ടോം ഹോളണ്ടും ഒരുമിക്കുന്നു



വിഖ്യാത സംവിധായകൻ ക്രിസ്റ്റഫർ നോളനും സ്പൈഡർമാൻ സീരിസിലെ നടൻ ടോം ഹോളണ്ടും ഒരുമിക്കുന്നു. മാറ്റ് ഡാമണൊപ്പമാകും ഹോളണ്ടുമെത്തുക. ചിത്രത്തിന്റെ രചന നോളൻ തന്നെയെന്നാണ് ദി ഹോളിവുഡ് റിപ്പോർട്ട് ചെയ്യുന്നു. യൂണിവേഴ്സൽ പിക്ചേഴ്സ് നിർമിക്കുന്ന ചിത്രം 2026 ജൂലൈയിൽ പുറത്തിറക്കുമെന്നാണ് വിവരം.അതേസമയം ടോം ഹോളണ്ടിന്റെ കാസ്റ്റിംഗിൽ ഇതുവരെ ഔദ്യോഗിക സ്ഥിരീകരണം ഉണ്ടായിട്ടില്ല. 2025 ൽ ഷൂട്ടിംഗ് ആരംഭിക്കും. ഓപ്പൺഹൈമെറിന് ശേഷം നോളൻ യൂണിവേഴ്സ് പിക്ചറുമായി വീണ്ടും സഹകരിക്കുന്നു. വാർണർ ബ്രദേഴ്സുമായി വഴിപിരിഞ്ഞ ശേഷം യൂണിവേഴ്സൽ പിക്ചേഴ്സിനൊപ്പം ചെയ്ത ആദ്യ ചിത്രമായിരുന്നു ഓപ്പൺഹൈമെർ. ആഗോളതലത്തിൽ 975 മില്യൺ ഡോളറാണ് ചിത്രം നേടിയത്.വാർണർ സഹോദരങ്ങളുമായുള്ള രണ്ടു പതിറ്റാണ്ട് നീണ്ട ബന്ധമാണ് നോളൻ അവസാനിപ്പിച്ചത്. ഡാർക് നൈറ്റ് ട്രയോളജി, ഇൻസ്പ്ഷൻ എന്നിവയടക്കം നിരവധി ഐക്കോണിക് സിനിമകളാണ് വാർണർ സഹോദരന്മാരുമായി സഹകരിച്ച് പുറത്തിറക്കിയത്.

## റോക്കി ഭായ് തിരിച്ചുവരും! കെജിഎഫ് 3 ഉറപ്പെന്ന് യഷ്



റോക്കി ഭായ് തിരിച്ചുവരുമെന്ന് നടൻ യഷ്. ദ ഹോളിവുഡ് റിപ്പോർട്ടർ ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിൽ, താനും സംവിധായകൻ പ്രശാന്ത് നീലും കെജിഎഫ് മൂന്നാം ഭാഗത്തെക്കുറിച്ചുള്ള ആശയങ്ങൾ ചർച്ച ചെയ്യുന്നുണ്ടെന്ന് താരം പറഞ്ഞു.''കെജിഎഫ് ചാപ്റ്റർ 3-ഉറപ്പായും സംഭവിക്കും, ഞാൻ വാഗ്ദാനം ചെയ്യുന്നു. എന്നാൽ ഞാൻ ഈ രണ്ട് പ്രോജക്ടുകളിലാണ് ധടോക്സിക്, രാമായണപ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഞങ്ങൾ അതിനെ കുറിച്ച് സംസാരിച്ചുകൊണ്ടേയിരിക്കുന്നു, ഞങ്ങൾക്ക് ഒരു ആശയമുണ്ട്. ശരിയായ സമയത്ത് അത് സംഭവിക്കും.ഞങ്ങൾ യഥാർത്ഥത്തിൽ ഒന്നും കോംപ്രമൈസ് ചെയ്യാൻ ആഗ്രഹിക്കുന്നില്ല, കാരണം പ്രേക്ഷകർ ഞങ്ങൾക്ക് വേണ്ടത്ര തന്നിട്ടുണ്ട്, അതിനാൽ അവർക്ക് അഭിമാനിക്കാവുന്ന രീതിയിൽ ഞങ്ങൾ അത് ചെയ്യാൻ പോകുന്നു. പലർക്കും കെജിഎഫിനോട് ആരാധനയാണ്. അവർ ആ കഥാപാത്രത്തെ അത്തരമൊരു തലത്തിലാണ് സ്വീകരിച്ചത്. ഞാനും പ്രശാന്തും ചർച്ച തുടരുകയാണ്, ഇത്തവണ നമ്മൾ വലിയ ഒരു സർപ്രൈസ് കൊണ്ടുവരും''-യഷ് പറഞ്ഞു.യാഷ് നായകനായെത്തിയ 'കെജിഎഫ് ചാപ്റ്റർ 1'കന്നഡ ഫിലിം ഇൻഡസ്ട്രിയിൽ നിന്ന് ലോകം മുഴുവൻ ഏറ്റെടുത്ത ചിത്രമാണ്. രണ്ടാംഭാഗവും തരംഗമായിരുന്നു. ചിത്രത്തിൽ വില്ലൻ വേഷമായ അധീരയെ അവതരിപ്പിച്ചത് ബോളിവുഡ് താരം സഞ്ജയ് ദത്താണ്. ചിത്രത്തിൽ ശ്രിനിധി ദേശായ്, ആനന്ത് നാഗ്, മാളവിക അവിനാശ്, പ്രകാശ് രാജ്, രവീണ ടാൻഡൻ എന്നിവരും വേഷമിട്ടു.

## സൂര്യ-ആമിർഖാൻ 'ഗജിനി 2' വരുന്നു




തമിഴിലും ഹിന്ദിയിലും വൻ വിജയമായ ഗജിനിയുടെ രണ്ടാം പതിപ്പിനൊരുങ്ങുന്നുവെന്ന് സൂപ്പർതാരം സൂര്യ.തന്റെ ഏറ്റവും പുതിയ റിലീസായ 'കങ്കുവ'യുടെ പ്രമോഷനിടെയായിരുന്നു സൂപ്പർതാരം ഇക്കാര്യം വ്യക്തമാക്കിയത്. രണ്ടാം ഭാഗത്തിൽ സൂര്യയും ആമിർഖാനും ഒത്തുചേരുമെന്നാണ് വിവരം. ഒരേസമയം ഹിന്ദിയിലും തമിഴിലും നിർമ്മിക്കുന്ന സിനിമയിൽ തമിഴിലെ നായകവേഷം സൂര്യയും ഹിന്ദിയിലെ നായകവേഷം ആമിർഖാനും ചെയ്യും.സൂര്യ, അസിൻ, നയൻതാര എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ച് 2005 ൽ പുറത്തിറങ്ങിയ തമിഴ് ഗജിനി വൻ വിജയമായിയിരുന്നു. മൂന്നു വർഷത്തിന് ശേഷം ഹിന്ദിയിലേക്ക് റീമേക്ക് ചെയ്തപ്പോൾ ആമിർഖാനായിരുന്നു നായകൻ. നിർമാതാക്കളായ അല്ലു അരവിന്ദ്, മധു മന്ദേന തുടങ്ങിയവരോട് ഒരു കഥ വർക്ക് ചെയ്യാനും നല്ലൊരു തിരക്കഥ ലോക്ക് ആയാൽ ഉറപ്പായും ഗജിനി 2 സംഭവിക്കുമെന്നാണ് പിങ്ക് വില്ല പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത്. തമിഴ് പോലെ തന്നെ മികച്ച പ്രതികരണമായിരുന്നു ചിത്രത്തിന് ഹിന്ദിയിലും ലഭിച്ചത്. അസിന്റെ ആദ്യ ബോളിവുഡ് ചിത്രം കൂടിയാണ് ഗജിനി.

# തെലുങ്കിൽ അരങ്ങേയറ്റം കുറിക്കാൻ പ്രണവ് മോഹൻലാൽ



ആരാധകരുടെ പ്രിയ താരമാണ് പ്രണവ് മോഹൻലാൽ. താരം മലയാളത്തിലും വളരെ കുറച്ചു ചിത്രങ്ങളിൽ മാത്രമേ താരം അഭിനയിച്ചിട്ടുള്ളൂ. അഭിനയത്തേക്കാൾ താരത്തിന് യാത്രകളിൽ ആണ് താൽപര്യം.ഇപ്പോൾ അന്യഭാഷയിൽ അരങ്ങേറ്റത്തിന് ഒരുങ്ങുകയാണ് പ്രണവ് മോഹൻലാൽ എന്നാണ് ലഭിക്കുന്ന വിവരം. താരം തെലുങ്ക് സിനിമയിൽ അഭിനയിക്കുന്നുവെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ടുകൾ. മോഹൻ ലാലിന്റെ ജനത ഗാരേജും ജൂനിയർ എൻടിആറിന്റെ ദേവരയും സംവിധാനം ചെയ്ത കൊരട്ടാല ശിവയാണ് ചിത്രം ഒരുക്കുന്നതെന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന സൂചന.മൈത്രി മൂവി മേക്കേഴ്സിന്റെ ബാനറിലാണ് ചിത്രം നിർമിക്കുന്നത്. ആക്ഷൻ എന്റെർടൈനറാകും ചിത്രം. പ്രതിനായകനാവുന്നത് ബോളിവുഡിലെ യുവതാരം രാഗവ് ജുയലാണ്. കിൽ എന്ന ഒറ്റ സിനിമയോടെ തരംഗം സൃഷ്ടിച്ച നടനാണ് അദ്ദേഹം. കൃതി ഷെട്ടി, നിത്യാ മേനേൻ,കാവ്യ താപ്പർ, ചേതൻ കുമാർ, നവീൻ പൊളിഷെട്ടി, ഹരിഷ് കല്യാൺ എന്നിവരും കാസ്റ്റ് ലിസ്റ്റിലുണ്ട്.

## ചിലമ്പരശൻ നായകനാകുന്ന STR49 പ്രഖ്യാപിച്ചു



തെന്നിന്ത്യൻ താരം ചിമ്പു നായകനാകുന്ന ഏറ്റവും പുതിയ ചിത്രം പ്രഖ്യാപിച്ചു. എസ്.ടി.ആർ 49 എന്നാണ് സിനിമയ്ക്ക് താത്കാലികമായി ഇട്ടിരിക്കുന്ന പേര്. അശ്വത് മാരിമുത്തുവാണ് ചിത്രം സംവിധാനം ചെയ്യുന്നത്. ചിത്രത്തിന്റെ നിർമാണം എ.ജി.എസ് പ്രൊഡക്ഷൻസാണ് നിർവഹിക്കുന്നത്.ചിമ്പുവിന്റെ കരിയറിൽ ഒരുങ്ങുന്ന നാൽപ്പത്തി ഒൻപതാമത് ചിത്രമാണിത്. ഡ്രാഗൺ, ഓഹ് മൈ കടവുളെ എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത അശ്വത് മാരിമുത്തുവും ചിമ്പുവും ഒന്നിക്കുന്ന ആദ്യ ചിത്രമാണ് ഇത് എന്ന പ്രത്യേകത കൂടി എസ്.ടി.ആർ 49 ന് ഉണ്ട്.തന്റെ ഫാനും സംവിധായകനുമായ അശ്വതിന്റെ കൂടെ പ്രവർത്തിക്കാൻ സാധിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ചിമ്പു പറഞ്ഞു. പ്രേക്ഷകർക്ക് എല്ലാത്തരത്തിലും ആസ്വദിക്കാൻ കഴിയുന്ന ഒരു ചിത്രമായിരിക്കും ഇതെന്നും നടൻ പ്രതികരിച്ചു.എ.ജി.എസ് നിർമിക്കുന്ന ഇരുപത്തി ഏഴാമത്തെ ചിത്രം കൂടിയാണിത്.

## 'എസ്എസ്എംബി 29' നായി എ ഐ മികവുമായി രാജമൗലി



ഇന്ത്യൻ സിനിമാ പ്രേമികൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രങ്ങളിലൊന്നാണ് രാജമൗലി-മഹേഷ് ബാബു കൂട്ടുകെട്ടിലെ 'എസ്എസ്എംബി 29'.1000 കോടി ബഡ്ജറ്റിൽ ഒരുങ്ങുന്ന ചിത്രത്തിൽ എഐ സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുമെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ടുകൾ. ചിത്രത്തിന് വേണ്ടി എ ഐയെ കുറിച്ചുള്ള ക്ലാസുകളിൽ രാജമൗലി ചേർന്നിരുന്നെന്നും 123 തെലുങ്ക് റിപ്പോർട്ട് ചെയ്തിരുന്നു. സിനിമയിലെ വിവിധ കഥാപാത്രങ്ങളെയും മൃഗങ്ങളെയും എ ഐ ഉപയോഗിച്ച് രൂപപ്പെടുത്താനും അണിയറ പ്രവർത്തകർക്ക് ആലോചനയുണ്ട്അഡ്വഞ്ചർ ആക്ഷൻ ത്രില്ലർ ചിത്രമായി ഒരുങ്ങുന്ന ചിത്രം ആഫ്രിക്കൻ വനാന്തരങ്ങളിലാണ് ചിത്രീകരിക്കുക. ചിത്രത്തിന്റെ സഹനിർമാതാവ് കൂടിയാണ് മഹേഷ് ബാബു.2025 ൽ ചിത്രീകരണം ആരംഭിക്കുന്ന ചിത്രം 2026 ലായിരിക്കും റിലീസ് ചെയ്യുക. ചിത്രത്തിന്റെ സഹനിർമാതാവ് കൂടിയായ മഹേഷ് ബാബു സിനിമയ്ക്കായി പ്രതിഫലം വാങ്ങുന്നില്ലെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.രാജമൗലിയുടെ അച്ഛനും തിരക്കഥാകൃത്തുമായ വിജയേന്ദ്ര പ്രസാദ് ആണ് ''എസ്എസ്എംബി 29'' ന് തിരക്കഥ ഒരുക്കുന്നത്.

## രാമായണത്തിൽ രാവണനായി യഷ് എത്തും!



നിരവധി ആരാധകരുള്ള കന്നഡ സൂപ്പർതാരമാണ് യാഷ്. ഇപ്പോഴിതാ ആരാധകർ ഏറെ കാത്തിരുന്ന വാർത്ത സ്ഥിരീകരിച്ചിരിക്കുകയാണ് താരം. ബോളിവുഡ് സംവിധായകൻ നിതേഷ് തിവാരി രാമായണം സിനിമയാക്കുന്നുവെന്ന് പ്രഖ്യാപിച്ചതു മുതൽ യാഷിന്റെ പേരും ഉയർന്നു വരുന്നുണ്ട്.യഷ് രാവണനായി എത്തുമ്പോൾ ശ്രീരാമനായി രൺബീർ കപൂറും സീതയായി സായ് പല്ലവിയും പ്രത്യക്ഷപ്പെടുമെന്ന് അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പിന്നീട് യാഷ് എത്തില്ല എന്ന തരത്തിൽ വാർത്തകളുണ്ടായിരുന്നു. ഇതോടെ ആരാധകർ ഏറെ നിരാശരായി. എന്നാൽ ഇപ്പോൾ ആരാധകരെ ആവേശത്തിലാക്കി രാവണനായി താൻ തന്നെ അഭിനയിക്കുമെന്ന് പറഞ്ഞിരിക്കുകയാണ് താരം.ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് യാഷ് ഇക്കാര്യം പറഞ്ഞത്. ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ സംസാരിക്കവെയാണ് യാഷ് ഇതേ കുറിച്ച് പറഞ്ഞത്. രാവണന്റേത് മോഹിപ്പിക്കുന്ന കഥയാണ്. അത് ചെയ്യാൻ മറ്റൊരു കാരണവുമില്ല. രാമായണത്തിൽ ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്ന മറ്റൊരു വേഷമില്ല. ഏതൊരു നടനും സ്വപ്നം കാണുന്ന ഒരു വേഷമാണ് രാവണന്റേത്. ഒരു അഭിനേതാവെന്ന നിലയിൽ ഞാൻ ആവേശഭരിതനാണെന്ന് യാഷ് പറഞ്ഞു.

## ചിത്രത്തിന് വിലക്ക് ഏർപ്പെടുത്താനാകില്ലെന്ന് ഹൈക്കോടതി ഒടിടി റിലീസിന് ഒരുങ്ങി തങ്കലാൻ




തെന്നിന്ത്യൻ സൂപ്പർ താരം ചിയാൻ വിക്രം നായകനായി എത്തി പാരഞ്ജിത്ത് സംവിധാനം ചെയ്ത ബിഗ് ബഡ്ജറ്റ് ചിത്രമാണ് തങ്കലാൻ. ചിത്രം ഒടിടി റിലീസിന് ഒരുങ്ങുന്നതിനിടെ ആണ് വിലക്ക് വന്നത്. വൈഷ്ണവ വിഭാഗത്തോട് അനാദരവ് കാണിക്കുന്ന രംഗങ്ങൾ ഉണ്ടെന്ന് ചൂണ്ടിക്കാട്ടി പോർക്കൊടി എന്ന വ്യക്തി നൽകിയ ഹർജിയെ തുടർന്നായിരുന്നു ചിത്രത്തിന് താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയത് .ഇപ്പോൾ ചിത്രത്തിന് ഏർപ്പെടുത്തിയ താൽക്കാലിക വിലക്ക് നീക്കിയിരിക്കുകയാണ് മദ്രാസ് ഹൈക്കോടതി. കഴിഞ്ഞ ദിവസം കേസിൽ വാദം കേട്ട കോടതി ഒടിടി റിലീസ് തടയണമെന്ന ഹർജി തള്ളുകയായിരുന്നു. അതേസമയം ചിത്രം ഒടിടി പ്ലാറ്റ്ഫോമുകളിൽ റിലീസ് ചെയ്യാമെന്നും അതിന് വിലക്കില്ലെന്നും കോടതി വ്യക്തമാക്കി. ചിത്രം ഇതിനോടകം സെൻസർ ബോർഡ് സാക്ഷ്യപ്പെടുത്തി തിയേറ്ററുകളിൽ റിലീസ് ചെയ്തതിനാൽ ഒടിടി റിലീസിന് വിലക്ക് ഏർപ്പെടുത്താനാകില്ലെന്നുംകോടതി വ്യക്തമാക്കി.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ 136

| | |
|---|---|
| Movie | Lovely (1979) |
| Director | N Sankaran Nair |
| Lyrics | TV Gopalakrishnan |
| Music | MK Arjunan |
| Singer | KJ Yesudas |

എല്ലാ ദുഖവും എനിക്കു തരൂ
എന്റെ പ്രിയസഖീ പോയ്‌വരൂ
മനസ്സിൽ പടരും ചിതയിൽ എന്നുടെ
മണിക്കിനാവുകൾ എരിയുമ്പോൾ
(എല്ലാ ദു:ഖവും...)
കഴിഞ്ഞ കഥകൾ മറക്കുക നീയീ
കണ്ണീർ മുത്തിനു വിടപറയു
മധുവിധുരാവുകൾ മാദകരാവുകൾ
മധുവിധുരാവുകൾ മാദകരാവുകൾ
മദനോത്സവമായ് ആഘോഷിക്കൂ
(എല്ല ദു:ഖവും...)
സുമംഗലീ നീ പോയ്‌വരു ജീവിത
സുഖങ്ങൾ നിന്നെ തഴുകട്ടേ




ഇവിടെഞാനും
എന്നോർമകളും
ഇരുളിന്നിരുളിൽ
അലയുകയായ്
(എല്ലാ ദു:ഖവും...)

ഡൽഹി ഡെർബാർ

# ഇരു സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പാർട്ടികൾക്കെല്ലാം അങ്കലാപ്പ്

**പരസ്പരവിരുദ്ധമായ രാഷ്ട്രീയതാൽപര്യങ്ങളുള്ള രണ്ട് സഖ്യങ്ങളാണ് മഹാരാഷ്ട്രയിൽ നിയമസഭാ തെരഞ്ഞെടുപ്പിനെ പ്രവചനാതീതമാക്കുന്നത്. ബി.ജെ.പി, ശിവസേന ഏക്നാഥ് ഷിൻഡേ, അജിത് പവാറിന്റെ എൻ.സി.പി എന്നിവയടങ്ങുന്നതാണ് മഹായുതി സഖ്യം. ശിവസേന ഉദ്ധവ് താക്കറേ, എൻ.സി.പി ശരത്പവാർ വിഭാഗം, കോൺഗ്രസ് എന്നിവയാണ് മഹാവികാസ് അഘാഡിയിലുള്ളത്. എൻ.സി.പിയിലും ശിവസേനയിലും വൻ പിളർപ്പുകളുണ്ടായിതിനുശേഷം ആദ്യത്തെ നിയമസഭാ തെരഞ്ഞെടുപ്പാണിത് എന്ന പ്രാധാന്യവുമുണ്ട്. ജാർഖണ്ഡിൽ 2021 മുതൽ പാർട്ടി അധ്യക്ഷനായിരുന്ന രാജേഷ് താക്കൂറിനെ മാറ്റി 2024 ഓഗസ്റ്റിലാണു കേശവ് കമലേഷിനെ ചുമതല ഏൽപ്പിച്ചത്. അതിന്റെ ഫലം എന്താകുമെന്ന വേവലാതിയിലാണ് കോൺഗ്രസ് നേതൃത്വം.**

വീണ്ടുംഉദ്വേഗജനകമായിതന്നെമുന്നേറുന്നു രണ്ട് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ്. മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് 2024 നവംബർ 20ന് നടക്കുമ്പോൾജാർഖണ്ഡ്നിയമസഭാതിരഞ്ഞെടുപ്പ് നവംബർ 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായി നടക്കും. നവംബർ 13ന് വയനാട് ലോക്സഭയിലും നിയമസഭയിൽ ആലത്തൂരും പാലക്കാടും ഉപതെരഞ്ഞെടുപ്പുകളും നടക്കും.

മഹാരാഷ്ട്ര നിയമസഭയുടെ കാലാവധി നവംബർ 26ന് അവസാനിക്കുമ്പോൾ ജാർഖണ്ഡിന്റെ കാലാവധി 2025 ജനുവരി 5ന് അവസാനിക്കും. ജമ്മു കശ്മീർ നിയമസഭാതെരഞ്ഞെടുപ്പിന്റെസുരക്ഷാ ആവശ്യകതകൾ കണക്കിലെടുത്ത് ഈ മാസം ആദ്യം ജമ്മു കശ്മീരിനും ഹരിയാനയ്ക്കുമൊപ്പം മഹാരാഷ്ട്രയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്താതിരുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ പറയുകയുണ്ടായായി.

മഹാരാഷ്ട്രയിലെ 288 സീറ്റുകളിൽ ജനറൽ വിഭാഗം 234 സീറ്റുകളിലും എസ്സി വിഭാഗം 29 സീറ്റുകളിലും എസ്ടി വിഭാഗം 25 സീറ്റുകളിലും മത്സരിക്കും. ഝാർഖണ്ഡിൽ 81 സീറ്റുകളിൽ 44 എണ്ണം ജനറൽ വിഭാഗത്തിനും എസ്ടി വിഭാഗത്തിന് 28ഉം എസ്സി വിഭാഗത്തിന് 9 സീറ്റുകളിലുമായി മത്സരിക്കും. കഴിഞ്ഞതവണ മഹാരാഷ്ട്രയിൽ ഒറ്റ ഘട്ടമായും ജാർഖണ്ഡിൽ 5 ഘട്ടമായുമാണ് തെരഞ്ഞെടുപ്പ് നടന്നത്.

മഹാരാഷ്ട്രയിൽ എക്നാഥ് ഷിൻഡെയുടെ നേതൃത്വത്തിലുള്ള മഹായുതി സഖ്യം വീണ്ടും അധികാരത്തിൽ വരുമെന്ന പ്രതീക്ഷ പങ്കുവയ്ക്കുമ്പോൾ കോൺഗ്രസ്, ശിവസേന (ഉദ്ധവ് താക്കറെ വിഭാഗം), എൻ.സി.പി (ശരദ് പവാർ) എന്നിവരടങ്ങിയ മഹാവികാസ് അഘാഡി സഖ്യം അധികാരത്തിൽ തിരിച്ചെത്തുമെന്ന കണക്കുകൂട്ടലിലാണ്. ലോക്സഭാ തെരഞ്ഞെടുപ്പിലെ മുന്നേറ്റം തുണയാകുമെന്നും മഹാവികാസ് അഘാഡി സഖ്യം കണക്ക് കൂട്ടുന്നു.

ഝാർഖണ്ഡിൽ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ ഝാർഖണ്ഡ് മുക്തി മോർച്ചയാണ് നിലവിലെ ഭരണകക്ഷി. 2019 ലെ തെരഞ്ഞെടുപ്പിൽ ജെ.എം.എം 30 സീറ്റുകൾ നേടുകയും 16 സീറ്റുകൾ നേടിയ കോൺഗ്രസുമായി ചേർന്ന് സർക്കാർ രൂപീകരിക്കുകയുമായിരുന്നു. ജനുവരിയിൽ ഭൂമി കുംഭകോണക്കേസിൽ സോറൻ അറസ്റ്റിലായതോടെ രാജിവച്ച് ജെ.എം.എം മുതിർന്ന നേതാവായ ചമ്പായ് സോറനെ മുഖ്യമന്ത്രിയാക്കി. ജയിൽ മോചിതനായതോടെ ഹേമന്ത്




സോറൻ തന്നെ അധികാരത്തിലെത്തി. പിന്നാലെ ചമ്പായ് സോറൻ ബി.ജെ.പിയിലെത്തി. ഇത്തവണ ബി.ജെ.പിക്കും ജെ.എം.എമ്മിനും അഭിമാനപ്പോരാട്ടമാണ്. അധികാരം നിലനിർത്താനാകുമെന്ന് സോറനും തിരിച്ചുപിടിക്കാനാകുമെന്ന് ബി.ജെ.പിയും കണക്ക് കൂട്ടുന്നു.

എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹരിയാനയിൽ ഉറപ്പിച്ചിരുന്ന വിജയം തോൽവിയായതിന്റെ ആഘാതം മഹാരാഷ്ട്രയിലും കോൺഗ്രസിനെ വേട്ടയാടുന്നുണ്ടോ എന്നൊരു സംശയം ഇല്ലാതില്ല. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള മഹാവികാസ് അഘാഡി നവംബർ 20ലെ മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിടുന്നത്, അത്ര ആത്മവിശ്വാസത്തോടെയാണോ എന്ന് രാഷ്ട്രീയ നിരീക്ഷകർ സംശയിക്കുന്നു. ഹരിയാനയിൽ പ്രകടിപ്പിച്ച അമിതമായ ആത്മവിശ്വാസം വെടിയാനും യോജിപ്പോടെ പ്രവർത്തിക്കാനും സംസ്ഥാന നേതാക്കളോട് രാഹുൽ ഗാന്ധി ആവർത്തിച്ചു പറയുന്നുണ്ട്. എന്നാൽ, ഹരിയാനയുടേതിനേക്കാൾ അതിസങ്കീർണമായ ഇലക്ടറൽ സമവാക്യങ്ങൾ ഭരിക്കുന്ന സംസ്ഥാനമായ മഹാരാഷ്ട്രയിൽ പരിമിതമായ ആത്മവിശ്വാസം പുലർത്താനുള്ള ഘടകങ്ങൾ ഇപ്പോൾ മഹാ വികാസ് അഘാഡിക്കില്ല എന്നതാണ് വാസ്തവം..!

കഴിഞ്ഞ വർഷത്തെപ്പോലെ ഇത്തവണയും തൂക്കുസഭക്ക് സാധ്യതയുണ്ടെന്നും കൂറുമാറ്റം അടക്കമുള്ള അട്ടിമറികൾ പ്രതീക്ഷിക്കാമെന്നും രാഷ്ട്രീയ നിരീക്ഷകരുടെ പ്രവചിച്ചുകഴിഞ്ഞു.

ഇതുപോലെ തന്നെയാണ് ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള മഹായുതി സഖ്യത്തിനുമുന്നിലും കീറാമുട്ടികൾ ഏറെയുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിലെ കനത്ത തോൽവിയുടെ നിഴൽ ഒരിടത്ത്. മറുവശത്ത്, സഖ്യകക്ഷികളായ അജിത് പവാറിന്റെ എൻ.സി.പിയും ഏകനാഥ് ഷിൻഡേയുടെ ശിവസേനയും തമ്മിലുള്ള 'കുറുമുന്നണി' എന്തൊക്കെയാണ് ചെയ്തുകൂട്ടുക എന്ന് ബി.ജെ.പിയ്ക്ക് പ്രവചിക്കാനും കഴിയുന്നില്ല.

നിയമസഭാ തെരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റുകൾ നൽകാമെന്ന് ഉറപ്പുനൽകിയാണ് ബി.ജെ.പി 28 ലോക്സഭാ സീറ്റുകളിലും മത്സരിച്ചത്. അജിത് പവാർ പക്ഷത്തിന് നാലും ഷിൻഡേ വിഭാഗത്തിന് 15ഉം സീറ്റു മാത്രമാണ് വിട്ടുകൊടുത്തത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒമ്പത് സീറ്റിൽ ഒതുങ്ങിയ ബി.ജെ.പിക്ക് കനത്ത തിരിച്ചടിയായത് അജിത് പവാർ ഷിൻഡേ പക്ഷത്തിന്റെ കാലുവാരലാണെന്ന് സംസ്ഥാന ബി.ജെ.പിയിൽ തന്നെ സംസാരമുണ്ട്. ഈ കാലുവാരൽ നിയമസഭാ തെരഞ്ഞെടുപ്പിലേക്കും വ്യാപിക്കുമോ എന്ന ആശങ്ക ബി.ജെ.പിയെ തെല്ലൊന്നുമല്ല ഭയപ്പെടുത്തുന്നത്.

പരസ്പരവിരുദ്ധമായ രാഷ്ട്രീയതാൽപര്യങ്ങളുള്ള രണ്ട് സഖ്യങ്ങളാണ് ഈ നിയമസഭാ തെരഞ്ഞെടുപ്പിനെയും പ്രവചനാതീതമാക്കുന്നത്. ബി.ജെ.പി, ശിവസേന ഏക്നാഥ് ഷിൻഡേ, അജിത് പവാറിന്റെ എൻ.സി.പി എന്നിവയടങ്ങുന്നതാണ് മഹായുതി സഖ്യം. ശിവസേന ഉദ്ധവ് താക്കറേ, എൻ.സി.പി ശരത്പവാർ വിഭാഗം, കോൺഗ്രസ് എന്നിവയാണ് മഹാവികാസ് അഘാഡിയിലുള്ളത്. സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളായ എൻ.സി.പിയിലും ശിവസേനയിലും വൻ പിളർപ്പുകളുണ്ടായിതിനുശേഷം ആദ്യത്തെ നിയമസഭാ തെരഞ്ഞെടുപ്പാണിത് എന്ന പ്രാധാന്യവുമുണ്ട്.

കൗതുകകരമായ രാഷ്ട്രീയ സഖ്യങ്ങളാണ് സംസ്ഥാനത്തെ കക്ഷിരാഷ്ട്രീയത്തെ ഭരിക്കുന്നത്. 2019ലെ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം നടന്ന അട്ടിമറികൾ വിചിത്രസഖ്യങ്ങൾക്കാണ് രൂപം കൊടുത്തത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി 105, ശിവസേന 56, എൻ.സി.പി 54, കോൺഗ്രസ് 44 സീറ്റിൽ വീതമാണ് ജയിച്ചത്.

ശിവസേനയും ബി.ജെ.പിയും തമ്മിലുള്ള ഭിന്നത മണത്ത കോൺഗ്രസും ശരത് പവാറും മഹാ വികാസ് അഘാഡി സഖ്യസർക്കാറിന് അണിയറ നീക്കം നടത്തി. എന്നാൽ, ഇതറിഞ്ഞ ബി.ജെ.പി അതേ നാണയത്തിൽ തിരിച്ചടിച്ചു. ഉപമുഖ്യമന്ത്രിപദം വാഗ്ദാനം ചെയ്ത് എൻ.സി.പിയിൽനിന്ന് അജിത് പവാറിനെ അടർത്തിയെടുത്ത് ദേവേന്ദ്ര ഫഡ്നാവിന്റെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചു. കോൺഗ്രസ് നേതൃത്വത്തിലുള്ള സഖ്യ സർക്കാറിനുവേണ്ടിയുള്ള ചർച്ചകളിൽ സജീവമായി പങ്കെടുത്തിരുന്ന അജിത് പവാർ, ഈ ചർച്ചകളിൽ നിന്നിറങ്ങിയ ഉടൻതന്നെ ബി.ജെ.പി സഖ്യത്തോടൊപ്പം ചേരുകയാണുണ്ടായത്. ഉദ്ധവ് താക്കറെയെ മുഖ്യമന്ത്രിയായി പ്രഖ്യാപിക്കാനിരുന്ന ദിവസം തന്നെ, പുതിയ സർക്കാറിന്റെ സത്യപ്രതിജ്ഞ നടത്തി ബി.ജെ.പി ശക്തമായ തിരിച്ചടി നൽകി. എന്നാൽ, ഷിൻഡേ സർക്കാറിന്റെ ആയുസ്സ് വെറും മൂന്നു ദിവസമായിരുന്നു. അജിത് പവാർ ഇടഞ്ഞതോടെ ഷിൻഡേ സർക്കാർ നിലംപൊത്തി.

ആരൊക്കെ എന്തൊക്കെ പറഞ്ഞാലും സംസ്ഥാന രാഷ്ട്രീയത്തിൽ ഇപ്പോഴും ശക്തനായി നിൽക്കുന്ന ശരത്പവാർ, ഉദ്ധവ് താക്കറേ, ഏകനാഥ് ഷിൻഡേ, അജിത് പവാർ, ദേവേന്ദ്ര ഫഡ്നാവിസ് എന്നീ നേതാക്കളുടെ ജനകീയ പരിശോധന കൂടിയായിരിക്കും ഇത്തവണത്തെ തെരഞ്ഞെടുപ്പ് എന്ന കാര്യത്തിൽ സംശയമില്ല.

ഇതേതുടർന്ന് ബി.ജെ.പിയുമായി തെറ്റിയ ശിവസേന എൻ.സി.പി കോൺഗ്രസ് സഖ്യത്തോടൊപ്പം ചേർന്നു. ഉദ്ധവ് താക്കറെ മുഖ്യമന്ത്രിയായി മഹാവികാസ് അഘാഡി സഖ്യ സർക്കാർ അധികാരമേറ്റു. ശരത് പവാറിന്റെ തന്ത്രങ്ങളാണ് ഇതിൽ നിർണായകമായത്. എന്നാൽ, 2022 ജൂൺ വരെ മാത്രമേ ഉദ്ധവിനും തുടരാനായുള്ളൂ. അപ്പോഴേക്കും ശിവസേനയെ പിളർത്തുന്നതിൽ ബി.ജെ.പി വിജയിച്ചു. ഏകനാഥ് ഷിൻഡേ മൂന്നിൽ രണ്ടു ഭാഗം ശിവസേന എം.എൽ.എമാരുമായി ബി.ജെ.പി സഖ്യത്തിലെത്തി. ഷിൻഡേ മുഖ്യമന്ത്രിയും ദേവേന്ദ്ര ഫഡ്നാവിസ് ഉപമുഖ്യമന്ത്രിയുമായി 2022 ജൂണിൽ മഹായുതി സഖ്യം അധികാരത്തിലേറി. 2023ൽ അജിത് പവാർ എൻ.സി.പിയെ പിളർത്തി ഷിൻഡേ സർക്കാറിന്റെ ഭാഗമാകുകയും ചെയ്തു.


ഹരിയാന തിരഞ്ഞെടുപ്പു തോൽവിക്കു പിന്നാലെ കോൺഗ്രസ് നേതൃത്വത്തിനു പുതിയ തലവേദന സൃഷ്ടിച്ചിരിക്കുകയാണ് ജാർഖണ്ഡിലെ പ്രശ്നങ്ങൾ. അടുത്തിടെ നടത്തിയ നേതൃമാറ്റം വഴി ജാതിസമവാക്യം അനുകൂലമാകുമെന്നു പ്രതീക്ഷിച്ച പാർട്ടിക്കുള്ളിൽ പുതിയ വടംവലി രൂപപ്പെട്ടുകഴിഞ്ഞു. സമുദായം തിരിഞ്ഞുള്ള ഗ്രൂപ്പുപോരാട്ടമാണ് ഹരിയാനയിൽ പാർട്ടിക്കു തിരിച്ചടിയായത്. ജാർഖണ്ഡിസ് ജെ.എം.എം സഖ്യസർക്കാരിൽ ഭാഗമാണ് കോൺഗ്രസ്. 2021 മുതൽ പാർട്ടി അധ്യക്ഷനായിരുന്ന രാജേഷ് താക്കൂറിനെ മാറ്റി 2024 ഓഗസ്റ്റിലാണു കേശവ് കമലേഷിനെ ചുമതല ഏൽപ്പിച്ചത്. അതിന്റെ ഫലം എന്താകുമെന്ന വേവലാതിയിലാണ് കോൺഗ്രസ് നേതൃത്വം.

*എമ എൽസ എൽവിൻ*

# ആഗോള പ്രതിസന്ധികൾക്കിടയിലെ ഉച്ചകോടി

പതിനാറാമത് ബ്രിക്സ് ഉച്ചകോടി റഷ്യയിലെ കസാനിൽ ആരംഭിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്, തുർക്കി പ്രസിഡന്റ് റെസെപ് എർദോഗാൻ, ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ തുടങ്ങിയവരാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ വീഡിയോ കോൺഫറൻസ് വഴിയാകും ബ്രിക്സിൽ പങ്കെടുക്കും.

ഉക്രെയ്ൻ യുദ്ധവും പശ്ചിമേഷ്യയിലെ പ്രതിസന്ധിയും ഉൾപ്പെടെയുള്ള പ്രധാന ആഗോള വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ചയാകും. അതേസമയം, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങും തമ്മിൽ



ചർച്ച നടക്കുമോ എന്നാണ് ഇന്ത്യ ഉറ്റുനോക്കുന്നത്. കൂടിക്കാഴ്ച സംബന്ധിച്ച് വിദേശകാര്യ മന്ത്രാലയം ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ സന്ദർശന വേളയിൽ ചില ഉഭയകക്ഷി ചർച്ചകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞിരുന്നു.

കഴിഞ്ഞ ബ്രിക്സ് ഉച്ചകോടിക്കിടെ, 2023 ഓഗസ്റ്റിൽ ദക്ഷിണാഫ്രിക്കയിൽ വെച്ച് മോദിയും ഷി ജിൻപിങ്ങും ഹ്രസ്വമായൊരു കൂടിക്കാഴ്ച നടത്തിയിരുന്നു. ഇന്ത്യ ചൈന ചർച്ചയുടെ കാര്യത്തിൽ പുതിയതായി എന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങളെ അറിയിക്കുമെന്നാണ് ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് ലിൻ ജിയാൻ കഴിഞ്ഞ ദിവസം പറഞ്ഞത്. ഐക്യദാർഢ്യത്തിലൂടെ ശക്തി തേടി ഗ്ലോബൽ സൗത്തിന് ഒരു പുതിയ യുഗം തുറക്കാൻ മറ്റ് പാർട്ടികളുമായി അദ്ദേഹം പ്രവർത്തിക്കും എന്നാണ് ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ചൈന കഴിഞ്ഞ ആഴ്ച അഭിപ്രായപ്പെട്ടിരുന്നത്.

ഒക്ടോബർ 24 നാണ് ഉച്ചകോടി അവസാനിക്കുക. പ്രധാനമന്ത്രി നരേന്ദ്ര മോദി സെഷനുകൾക്ക് ശേഷം ഒക്ടോബർ 23 ന് റഷ്യയിൽ നിന്ന് മടങ്ങും. ജനുവരി ഒന്നിനാണ് ഈജിപ്ത്, എത്യോപ്യ, ഇറാൻ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നീ നാല് പുതിയ അംഗങ്ങളെ ബ്രിക്സ് അംഗീകരിച്ചത്. അതേസമയം, തുർക്കി, അസർബൈജാൻ, മലേഷ്യ എന്നീ രാജ്യങ്ങൾ ബ്രിക്സിൽ അംഗങ്ങളാകാൻ ഔപചാരികമായി അപേക്ഷിച്ചിട്ടുണ്ട്.

ആഗോള വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ബ്രിക്സ് രാജ്യങ്ങളുമായുള്ള സഹകരണത്തെ ഇന്ത്യ വിലമതിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള വികസന അജണ്ടയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളിൽ സംവാദത്തിനും ചർച്ചകൾക്കുമുള്ള സുപ്രധാന വേദിയാണ് ബ്രിക്സ് ഉച്ചകോടിയെന്നും മോദി പ്രസ്താവനയിൽ പറയുകയുണ്ടായി.

പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള ബ്രിക്സിന്റെ വിപുലീകരണം ആഗോള വികസനത്തിനുള്ള ആക്കം കൂട്ടിയതായും പ്രധാനമന്ത്രി പറഞ്ഞു. ഉച്ചകോടിയിൽ വിവിധ വിഷയങ്ങളിൽ വിപുലമായ ചർച്ചകൾ പ്രതീക്ഷിക്കുന്നതായും മോദി വ്യക്തമാക്കി.

### ‘ഒരു ഇടവേള ആവശ്യമുണ്ട്, നന്ദി’

# വിലക്കിൽ പ്രതികരിച്ച് പൃഥ്വി ഷാ



രഞ്ജി ട്രോഫിയിൽ നിന്ന് വിലക്കിയതിന് പിന്നാലെ പ്രതികരണവുമായി രംഗത്തെത്തിയിരിക്കുകയാണ് പൃഥ്വി ഷാ. ഒരു ഇടവേള ആവശ്യമുണ്ട്, നന്ദി.- പൃഥ്വി ഷാ ഇൻസ്റ്റഗ്രാം സ്റ്റോറിയിൽ കുറിച്ചു.അച്ചടക്കമില്ലായ്മയും ഫിറ്റ്നസ് പ്രശ്നങ്ങളുമാണ് താരത്തിന് മുംബൈ ടീമിൽ നിന്ന് പുറത്താക്കാനുള്ള കാരണം. മറ്റ് അംഗങ്ങൾ കൃത്യമായി പരിശീലനം നടത്തുമ്പോൾ താരം പരിശീലനം മുടക്കുന്നത് പതിവായിരുന്നു. സമയത്ത് പരിശീലനത്തിന് എത്താറും ഇല്ലായിരുന്നു. അതുകൊണ്ട് തന്നെ അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണ് താരത്തെ പുറത്താക്കുന്നത്. ശരീര ഭാരം കൂടിയതും കളിക്കാൻ യോഗ്യനല്ല എന്നുതും സെലക്ഷൻ കമ്മിറ്റിക്ക് കാരണമായി. സീസണിൽ കളിച്ച രണ്ട് മത്സരങ്ങളിലും വൻ പരാജയമായിരുന്നു.രഞ്ജി ട്രോഫി അരങ്ങേറ്റത്തിൽ തന്നെ സെഞ്ചുറി, ദുലീപ് ട്രോഫി അരങ്ങേറ്റത്തിലും സെഞ്ചുറി, 2018-ൽ ന്യൂസീലൻഡിൽ നടന്ന അണ്ടർ 19 ലോകകപ്പ് കിരീടം നേടിയ ഇന്ത്യൻ ടീം ക്യാപ്റ്റൻ, പിന്നാലെ വെസ്റ്റിൻഡീസിനെതിരായ ടെസ്റ്റ് അരങ്ങേറ്റത്തിൽ തന്നെ സെഞ്ചുറി തുടങ്ങിയ നേട്ടങ്ങൾ സ്വന്തമാക്കിയെങ്കിലും കരിയറിൽ സ്ഥിരതയാർന്ന പ്രകടനങ്ങൾ താരത്തിന് കാഴ്ചവെക്കാനായിരുന്നില്ല.

## റോഡ്രിഗോയ്ക്ക് എൽ ക്ലാസിക്കോ നഷ്ടമാകും



തുടയ്ക്ക് പരിക്കേറ്റതിനാൽ റയൽ മാഡ്രിഡ് ഫോർവേഡ് റോഡ്രിഗോ ബാഴ്സലോണയ്ക്കെതിരായ ലാ ലിഗ പോരാട്ടത്തിൽ കളിക്കില്ല. ബൊറൂസിയ ഡോർട്ട്മുണ്ടിനെതിരെ ചാമ്ബ്യൻസ് ലീഗ് മത്സരത്തിനിടെയായിരുന്നു പരിക്ക്.തുടയിൽ കടുത്ത വേദന അനുഭവപ്പെട്ടതിനെ തുടർന്ന് 85-ാം മിനിറ്റിൽ ബ്രസീൽ താരം പകരക്കാരനായി കളം വിട്ടിരുന്നു.ഹെഡ് കോച്ച് കാർലോ ആൻസലോട്ടി മത്സരശേഷം പരിക്ക് സ്ഥിരീകരിച്ചു. മെഡിക്കൽ സ്കാൻ കഴിഞ്ഞാലെ റോഡ്രിഗോയുടെ പരിക്കിന്റെ വ്യാപ്തി സ്ഥിരീകരിക്കാൻ സാധിക്കൂ. 13 മത്സരങ്ങളിൽ നിന്ന് മൂന്ന് ഗോളുകളും രണ്ട് അസിസ്റ്റുകളും നേടിയ റോഡ്രിഗോ ഈ സീസണിൽ റയൽ മാഡ്രിഡിനായി നല്ല ഫോമിലാണ്. നവംബറിലെ അന്താരാഷ്ട്ര ഇടവേളയ്ക്ക് ശേഷമെ ഇനു റോഡ്രിഗോ തിരികെയെത്താൻ സാധ്യതയുള്ളൂ.

# ധോണി ഐപിഎൽ കളിക്കുമോ? സാധ്യതകൾ ഇങ്ങനെ

ഐപിഎല്ലിൽ തുടരണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാതെ മഹേന്ദ്ര സിംഗ് ധോണി. ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റുകളിൽ നിന്നും വിരമിക്കുന്നതിനെക്കുറിച്ച് താരം ആലോചിക്കുന്നതായാണ് റിപ്പോർട്ട്. ധോണിയുടെ തീരുമാനത്തിനായി കാത്തിരിക്കുകയാണ് ചെന്നൈ സൂപ്പർ കിംഗ്സ്. ഐപിഎല്ലിൽ തുടരുമെങ്കിൽ ധോണിയെ നിലനിർത്താൻ ചെന്നൈ തയ്യാറാണ്. മെഗാ ലേലത്തിന് മുന്നോടിയായി നിലനിർത്തിയ താരങ്ങളുടെ പട്ടിക ബിസിസിഐക്ക് സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 31. അതിനുമുമ്പ് ധോണിയുടെ തീരുമാനം അറിയാൻ കാത്തിരിക്കുകയാണ് ചെന്നൈ.2025ലെ ഐപിഎല്ലിൽ കളിക്കണമോയെന്ന കാര്യത്തിൽ ധോണി ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ. ധോണി ഇതുവരെ തീരുമാനം പ്രഖ്യാപിച്ചിട്ടില്ലെന്നും അതിനായി കാത്തിരിക്കുകയാണെന്നും ചെന്നൈ സൂപ്പർ കിംഗ്സ് സിഇഒ കാശി വിശ്വനാഥൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. രാജ്യാന്തര താരമല്ലാത്ത വിഭാഗത്തിൽ ധോണിയെ നിലനിർത്താൻ ചെന്നൈ തയ്യാറാണ്.. അങ്ങനെയെങ്കിൽ 4 കോടി രൂപയ്ക്ക് മുൻ ക്യാപ്റ്റനെ ചെന്നൈ നിലനിർത്തും. ഐപിഎല്ലിൽ ഇനിയും കളിക്കുകയാണെങ്കിൽ ചെന്നൈയിൽ തന്നെ തുടരാനാണ് ധോണിയും ആഗ്രഹിക്കുന്നത്.അ



തേസമയം റിതുരാജ് ഗെയ്ക്വാദാണ് ചെന്നൈ നിലനിർത്തുന്ന ആദ്യ താരം. 18 കോടി രൂപയ്ക്ക് ഗെയ്ക്വാദിനെ ചെന്നൈ ആദ്യ ചോയ്സായി നിലനിർത്തും. ഗെയ്ക്ക്വാദ് ക്യാപ്റ്റനായി തുടരും. ശിവം ദുബെ, രവീന്ദ്ര ജഡേജ എന്നിവരെയും ചെന്നൈ നിലനിർത്തിയേക്കും.

# കെ എൽ രാഹുലിനെ ലഖ്നൗ കൈവിടും



2025ലെ ഐപിഎൽ താരലേലത്തിന് മുമ്പ് ഇന്ത്യൻ താരം കെഎൽ രാഹുലിനെ ലഖ്നൗ സൂപ്പർ ജയന്റ്സ് കൈവിടുമെന്ന് റിപ്പോർട്ട്. ഈ മാസം നടക്കുന്ന താരലേലത്തിന് മുമ്പ് ടീമുകൾ നിലനിർത്തുന്ന താരങ്ങളുടെ പട്ടിക ടീമുകൾ പ്രഖ്യാപിക്കണം. ഈ സാഹചര്യത്തിൽ ലഖ് നൗ രാഹുലിനെ നിലനിര്ത്തിയേക്കില്ലെന്നാണ് സൂചന.ടീമിന്റെ മെന്റർ സഹീർ ഖാനും കോച്ച് ജസ്റ്റിൻ ലാംഗറും കെഎൽ രാഹുലിന്റെ ടീമിലെ പങ്ക് വിശകലനം ചെയ്തതായും മധ്യ ഓവറുകളിൽ രാഹുൽ കൂടുതൽ പന്തുകൾ കളിക്കുന്നത് ടീമിന്റെ വിജയ സാധ്യതയെ ബാധിക്കുന്നതായും റിപ്പോർട്ടുകളുണ്ട്. താരത്തിന്റെ സ്ട്രൈക്ക് റേറ്റിൽ ഇരുവരും തൃപ്തരല്ലെന്നും റിപ്പോർട്ടുകളുണ്ട്.അടുത്ത ഐപിഎൽ സീസണിൽ എൽഎസ്ജി നിലനിർത്തിയ 3 കളിക്കാരിൽ ഒരാളായി പേസർ മായങ്ക് യാദവ് ഉണ്ടാകുമെന്നാണ് റിപ്പോർട്ട്.യുവതാരങ്ങളായ ആയുഷ് ബഡോണി, മൊഹ്സിൻ ഖാൻ എന്നിവരെയും ലഖ്നൗ ടീമിൽ നിലനിർത്തിയേക്കും. ഋഷഭ് പന്ത് ഡൽഹിയിൽ തുടരുന്നില്ലെങ്കിൽ പന്തിനെ ക്യാപ്റ്റനാക്കാനും ലഖ്നൗ പദ്ധതിയിടുന്നുണ്ട്.

# ജെമീമ റോഡ്രിഗസിനെ മുംബൈ ക്ലബ്ബിൽനിന്ന് പുറത്താക്കി




ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിൻറെ സ്റ്റാർ ഇന്ത്യ ബാറ്റർ ജെമീമ റോഡ്രിഗസിനെ മുംബൈ ഖാർ ജിംഖാന ക്ലബിൽ നിന്ന് പുറത്താക്കി. ജെമീമയുടെ പിതാവ് ഇവാൻ റോഡ്രിഗസ് മതപരിവർത്തനത്തിനായി ക്ലബ് അംഗത്വം ദുരുപയോഗം ചെയ്തു എന്നാരോപിച്ചാണ് നടപടി. 2023-ലാണ് ജെമീമയ്ക്ക് ഖാർ ജിംഖാന ക്ലബ്ബിൽ മൂന്ന് വർഷത്തെ ഓണററി അംഗത്വം ലഭിച്ചത്.ജെമിമയുടെ പിതാവിന്റെ സമീപകാല പ്രവർത്തനങ്ങളിൽ ക്ലബ് അംഗങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. തുടർന്നാണ് ക്ലബ് ഭരണസമിതി നടപടിയെടുക്കാൻ നിർബന്ധിതരായത്. ഞായറാഴ്ച നടന്ന വാർഷിക ജനറൽ ബോഡി യോഗത്തിന് ശേഷമാണ് ജെമീമയുടെ അംഗത്വം റദ്ദാക്കിയത്.

# 2012 ൽ ബ്രിജ്ഭൂഷൺ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചെന്ന് ആത്മകഥയിൽ സാക്ഷി മാലിക്

റെസ്‌ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ഡബ്ല്യുഎഫ്ഐ) മുൻ മേധാവി ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരെ ഞെട്ടിക്കുന്ന ആരോപണവുമായി ഒളിമ്പിക്സ് വെങ്കല മെഡൽ ജേതാവ് സാക്ഷി മാലിക്. 2012ൽ തന്നെ ലൈംഗികമായി പീഡിപ്പിക്കാൻ ബ്രിജ് ഭൂഷൺ ശരൺ സിംഗ് ശ്രമിച്ചതായി ഗുസ്തി താരം അടുത്തിടെ പുറത്തിറങ്ങിയ ആത്മകഥയായ 'വിറ്റ്നസ്'ൽ വെളിപ്പെടുത്തുന്നു. കസാക്കിസ്ഥാനിലെ അൽമാറ്റിയിൽ നടന്ന ഏഷ്യൻ ജൂനിയർ ചാമ്പ്യൻഷിപ്പിനിടെ, മാതാപിതാക്കളുമായി സംസാരിക്കാനെന്ന വ്യാജേന സിംഗ് തന്നെ ഹോട്ടൽ മുറിയിലേക്ക് വിളിപ്പിച്ചതായി മാലിക് തന്റെ പുസ്തകത്തിൽ പറയുന്നു. കോൾ അവസാനിച്ചപ്പോൾ, സിംഗ് ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചു. സിംഗിനെ തള്ളിമാറ്റി മുറിയിൽ നിന്ന് കരഞ്ഞുകൊണ്ട് താൻ ഓടിപ്പോയെന്ന് സാക്ഷി മാലിക് ഉറപ്പിച്ചു പറയുന്നു.'സിംഗ് എന്നെ എന്റെ മാതാപിതാക്കളുമായി സംസാരിപ്പിച്ചു. അത് നിരുപദ്രവകരമായി തോന്നി. എന്റെ മത്സരത്തെക്കുറിച്ചും മെഡലിനെക്കുറിച്ചും അവരോട് സംസാരിച്ചപ്പോൾ, ഒരു പക്ഷേ അനിഷ്ടകരമായ ഒന്നും സംഭവിച്ചേക്കില്ല എന്ന് ഞാൻ ചിന്തിച്ചത് ഞാൻ ഓർക്കുന്നു. എന്നാൽ ഞാൻ കോൾ അവസാനിപ്പിച്ചതിന് ശേഷം, അയാൾ പീഡിപ്പിക്കാൻ ശ്രമിച്ചു. ഞാൻ അയാളെ തള്ളിമാറ്റി കരയാൻ തുടങ്ങി,' സാക്ഷി മാലിക് പുസ്തകത്തിൽ എഴുതുന്നു. ബ്രിജ് ഭൂഷൺ ശക്തനായതിനാലാണ് താൻ ഇത്രയും കാലം നിശബ്ദത പാലിച്ചതെന്നും അയാൾക്ക് തന്റെ കരിയർ അവസാനിപ്പിക്കാൻ കഴിയുമെന്ന് താൻ കരുതിയിരുന്നതായും സാക്ഷി പറഞ്ഞു.








## ടെസ്റ്റ് റാങ്കിംഗിൽ കോലിയെ പിന്തള്ളി പന്ത്

ഐസിസി പുരുഷ ടെസ്റ്റ് ബാറ്റർ റാങ്കിംഗിൽ കുതിച്ച് റിഷബ് പന്ത്. ഇന്ത്യൻ വിക്കറ്റ് കീപ്പർ-ബാറ്റർ ആറാം സ്ഥാനത്തേക്ക് ആണ് ഉയർന്നത്. ഇംഗ്ലണ്ടിന്റെ ജോ റൂട്ട് ഒന്നാം സ്ഥാനം നിലനിർത്തിയപ്പോൾ ഇന്ത്യയുടെ യശസ്വി ജയ്സ്വാൾ (3), പന്ത് (6), കോഹ്‌ലി (8) എന്നിവർ ആദ്യ പത്തിൽ തുടരുന്നു.ന്യൂസിലൻഡിനെതിരെ 20, 99 എന്നിങ്ങനെ റൺസ് നേടിയ പന്തിന്റെ ഇന്നിംഗ്സുകൾ റാങ്കിംഗിൽ കോഹ്ലിയെ മറികടക്കാൻ അദ്ദേഹത്തെ സഹായിച്ചു.അതേസമയം, പാക്കിസ്ഥാന്റെ സൽമാൻ ആഘ തന്റെ സ്ഥിരതയാർന്ന പ്രകടനത്തിന് ശേഷം എട്ട് സ്ഥാനങ്ങൾ കയറി കരിയറിലെ ഉയർന്ന 14-ാം സ്ഥാനത്തെത്തി. ബാബർ അസമിനെയും (19ാം) മുഹമ്മദ് റിസ്വാനെയും (21ാം) മറികടന്ന് ടോപ്പ് റേറ്റഡ് പാകിസ്ഥാൻ ടെസ്റ്റ് ബാറ്ററായി സൽമാൻ മാറി.പുരുഷന്മാരുടെ ടെസ്റ്റ് ബൗളർ റാങ്കിംഗിൽ, ഇന്ത്യയ്ക്കെതിരെ എട്ട് വിക്കറ്റ് നേട്ടത്തിന് ശേഷം ന്യൂസിലൻഡിന്റെ മാറ്റ് ഹെൻറി ആദ്യ 10-ൽ ഇടം നേടി.

## ബാഴ്സലോണക്ക് തിരിച്ചടി, സൂപ്പർ താരം പരിക്കേറ്റ് പുറത്ത്

യുവേഫ ചാമ്പ്യൻസ് ലീഗ് 2024-2025 സീസണിലെ ലീഗ് റൗണ്ടിലെ മൂന്നാം മത്സരത്തിനുള്ള തയ്യാറെടുപ്പുകൾക്ക് സ്പാനിഷ് സൂപ്പർ ക്ലബ് എഫ്സി ബാഴ്സലോണയുടെ ഒരുക്കങ്ങൾക്ക് തിരിച്ചടി. മൂന്നാം റൗണ്ട് മത്സരത്തിൽ ജർമൻ വമ്പൻമാരായ എഫ്സി ബയേൺ മ്യൂണിക്കാണ് സ്പാനിഷ് ലാലിഗ ക്ലബിന്റെ എതിരാളികൾ. ബാഴ്സയുടെ ഹോം മത്സരമാണിത്. എന്നാല് ഈ മത്സരത്തിന് മുമ്പ് ഒരു യുവ സൂപ്പര് താരം പരിക്കേറ്റ് ടീം വിട്ടത് സ്പാനിഷ് ക്ലബ്ബിന് കനത്ത തിരിച്ചടിയായി.എഫ് സി ബയേൺ മ്യൂണിക്കിന് എതിരായ പോരാട്ടത്തിനു മുൻപ് ബാഴ്സലോണയുടെ സാപാനിഷ് ഡിഫെൻഡർ എറിക് ഗാർസ്യയാണ് പരിക്കേറ്റ് പുറത്തായത്. സ്പാനിഷ് ലാ ലിഗയിൽ സെവിയ്യയ്ക്ക് എതിരായ മത്സരത്തിനുള്ള സ്റ്റാർട്ടിങ് ഇലവനിൽ എറിക് ഗാർസ്യ ഉൾപ്പെട്ടിരുന്നു. എന്നാൽ, വാം അപ്പിനിടെ മസിലിനു പരിക്കേറ്റ എറിക് ഗാർസ്യ സെവിയ്യയ്ക്ക് എതിരേയും ഇറങ്ങിയിരുന്നില്ല. അതുകൊണ്ടു തന്നെ അൻസു ഫാറ്റിയെ ഉൾപ്പെടുത്തി ആയിരുന്നു ജർമൻ മാനേജരായ ഹൻസി ഫ്ളിക്ക് എഫ് സി ബാഴ്സലോണയെ ഇറക്കിയത്.എഫ്സി ബയേൺ മ്യൂണിക്കിനെതിരായ മത്സരത്തിൽ ബാഴ്സലോണ ജേഴ്സിയിൽ എറിക് ഗാർഷ്യ കളത്തിലിറങ്ങില്ലെന്നാണ് റിപ്പോർട്ട്. ഡിഫെൻസീവ് മിഡ്ഫീൽഡിലാണ് ബാഴ്സലോണ മാനേജർ ഹാൻസി ഫ്ളിക്ക് എറിക് ഗാർസ്യയെ ഈ സീസണിൽ ഇതുവരെ ഇറക്കിയത്. 2024 - 2025 സീസണിൽ ഇതുവരെയായി ഒൻപത് മത്സരങ്ങളിൽ എറിക് ഗാർസ്യ കളത്തിൽ എത്തി. ഒരു ഗോളിന് അസിസ്റ്റ് നടത്തുകയും ചെയ്തു. ലാ ലിഗ യിൽ എഫ് സി ബാഴ്സലോണയെ മൂന്നു ക്ലീൻ ഷീറ്റ് നേടാനും എറിക് ഗാർസ്യ സഹായിച്ചു.

## ഇതിഹാസ മെക്സിക്കൻ പിച്ചർ ഫെർണാണ്ടോ വലെൻസുവേല അന്തരിച്ചു




മെക്സിക്കൻ ബേസ്ബോൾ മുൻ ഇതിഹാസതാരവും പിച്ചറുമായിരുന്ന ഫെർണാണ്ടോ വലെൻസുവേല അന്തരിച്ചു.63 വയസായിരുന്നു. മേജർ ലീഗ് ബാസ് ബോളിൽ ആറ് ക്ലബുകളിലായി 17 സീസണുകളിൽ വലെൻസുവേല കളിച്ചിട്ടുണ്ട്. അതിൽ 11 സീസണുകൾ ലോസ് എയ്ഞ്ചൽസ് ഡോഡ്ജേഴ്സിനൊപ്പമായിരുന്നു വലെൻസുവേല. കാലിഫോർണിയ എയ്ഞ്ചൽസ്, സെന്റ് ലൂസിയ കാർഡിനൽസ്, ഫിലാഡെൽഫിയ ഫില്ലിസ് തുടങ്ങിയ ക്ലബുകളിലും താരം കളിച്ചിട്ടുണ്ട്. ലോസ് എയ്ഞ്ചൽസ് ഡോഡ്ജേഴ്സിനൊപ്പം ആയിരുന്നു അദ്ദേഹം ഏറ്റവും കൂടുതൽ കാലം ചെലവഴിച്ചിരുന്നത്. ഇടം കയ്യൻ പിച്ചറായിരുന്നു വലെൻസുവേല. കരിയറിൽ 2,000ത്തിലധികം സ്ട്രൈക്ക് ഔട്ടുകൾ താരത്തിന്റെ പേരിലുണ്ട്. 173 വിജയങ്ങളും വലെൻസുവേല സ്വന്തമാക്കി. 453 മത്സരങ്ങളിൽ നിന്നായിരുന്നു താരത്തിന്റെ നേട്ടം.

# പ്രമേഹരോഗികൾക്ക് കശുവണ്ടി കഴിക്കാമോ?



ഇന്നത്തെ കാലത്ത് പ്രമേഹം ഒരു പ്രധാന ജീവിതശൈലി രോഗമായി മാറിയിരിക്കുകയാണ്. തിരക്കേറിയ ജീവിതത്തിൽ പലപ്പോഴും ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ പിന്തുടരാൻ പലർക്കും കഴിയുന്നില്ല. മധുരവും ഉപ്പും നിറഞ്ഞ ജങ്ക് ഫുഡുകളും ഫാസ്റ്റ് ഫുഡുകളും പലരുടെയും സ്ഥിരം ഭക്ഷണമാണ്. എന്നാൽ ഇത് ആരോഗ്യത്തെ വളരെ മോശമായാണ് ബാധിക്കുന്നത്. ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയിൽ ഏകദേശം 77 ദശലക്ഷം മുതിർന്നവർക്ക് ടൈപ്പ് 2 പ്രമേഹമുണ്ട്. ഏകദേശം 25 ദശലക്ഷം ആളുകൾക്ക് പ്രീ ഡയബറ്റിസ് ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്.

പ്രമേഹം നിയന്ത്രിക്കുന്നതിൽ ആരോഗ്യകരവും സമീകൃതവുമായ ഭക്ഷണക്രമം വളരെ പ്രധാനമാണ്. പോഷകാഹാരങ്ങൾ കഴിക്കുന്നതിലൂടെ, വ്യക്തികൾക്ക് അവരുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നന്നായി നിയന്ത്രിക്കാനും സങ്കീർണതകൾക്കുള്ള സാധ്യത കുറയ്ക്കാനും കഴിയും.

പ്രമേഹരോഗികൾക്ക് ഉത്തമമായ ഭക്ഷണമാണ് കശുവണ്ടി. ആരോഗ്യകരമായ കൊഴുപ്പ്, നാരുകൾ, പ്രോട്ടീൻ എന്നിവയാൽ സമ്പുഷ്ടമാണ് കശുവണ്ടി. ഏറെ നേരം വയർ നിറഞ്ഞിരിക്കാനും കശുവണ്ടി സഹായിക്കും.

ഇതിൽ ധാരാളം ഡയറ്ററി ഫൈബർ അടങ്ങിയിട്ടുണ്ട്. കശുവണ്ടിയിലെ നാരുകൾ കാർബോഹൈഡ്രേറ്റിന്റെ ആഗിരണത്തെ മന്ദഗതിയിലാക്കുകയും രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇത് മികച്ച ഗ്ലൈസെമിക് നിയന്ത്രണത്തിലേക്ക് നയിക്കുകയും പ്രമേഹത്തെ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. മോണോസാച്ചുറേറ്റഡ്, പോളിഅൺസാച്ചുറേറ്റഡ് കൊഴുപ്പുകളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇത് ഹൃദയാരോഗ്യത്തിന് ഏറെ നല്ലതാണ്. ഇൻസുലിനെ സഹായിക്കുന്ന മഗ്നീഷ്യവും ഇതിൽ കൂടുതലാണ്. അനാവശ്യമായ വിശപ്പ് ഇല്ലാതാക്കാൻ ഇത് വളരെയധികം സഹായിക്കും.

### പ്രമേഹ രോഗികൾക്ക് കശുവണ്ടി കഴിക്കാമോ?

പ്രമേഹരോഗികളുടെ ഭക്ഷണക്രമത്തിൽ ചേർക്കാവുന്ന പോഷകങ്ങളുടെ കലവറയാണ് കശുവണ്ടി. കൂടാതെ, കശുവണ്ടിയിൽ മോണോസാച്ചുറേറ്റഡ് കൊഴുപ്പ് അടങ്ങിയിട്ടുണ്ട്, ഇത് ഉയർന്ന ട്രൈഗ്ലിസറൈഡിന്റെ അളവ് കുറയ്ക്കാൻ സഹായിക്കുകയും ഹൃദയ സംബന്ധമായ അസുഖങ്ങളുടെ സാധ്യത കുറയ്ക്കുകയും ചെയ്യും.

സമീപ കാലത്ത് നടത്തിയ ചില പഠനങ്ങളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ കശുവണ്ടിയ്ക്ക് കഴിയുമെന്നും പറയപ്പെടുന്നു.

വൈറ്റമിനുകളും ധാതുക്കളും ഫാറ്റി ആസിഡുകളും ഇതിൽ ധാരാളം അടങ്ങിയിട്ടുണ്ട്. കാർബോഹൈഡ്രേറ്റ്സും ഇതിൽ വളരെ കുറവാണ്.

അതുകൊണ്ട് ധൈര്യമായി ഇത് കഴിക്കാവുന്നതാണ്.

### കശുവണ്ടി രക്തത്തിലെ പഞ്ചസാര വർദ്ധിപ്പിക്കുമോ?

വിറ്റാമിനുകൾ, ധാതുക്കൾ, ആരോഗ്യകരമായ ഫാറ്റി ആസിഡുകൾ എന്നിവ അടങ്ങിയതാണ് നിറഞ്ഞ ഒരു കശുവണ്ടി. കാർബോഹൈഡ്രേറ്റ് കുറവായതിനാൽ കശുവണ്ടി പ്രമേഹമുള്ളവർക്ക് ഒരു അത്ഭുതകരമായ ലഘുഭക്ഷണമാണ്.

ഇൻസുലിൻ സംവേദനക്ഷമത ഉത്തേജിപ്പിക്കാൻ സഹായിക്കുന്ന മഗ്നീഷ്യത്തിന്റെ സാന്നിധ്യം മൂലം രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ കശുവണ്ടിക്ക് സാധിക്കുന്നു. മറ്റേതൊരു ഭക്ഷണത്തേയും പോലെ, കശുവണ്ടി മിതമായ അളവിൽ കഴിക്കണം എന്നതാണ് പ്രധാനം.

കശുവണ്ടിപ്പരിപ്പിന്റെ ഗ്ലൈസെമിക് സൂചിക 25 ആണ്, ഇത് പ്രമേഹ രോഗികൾക്ക് സുരക്ഷിതമായി കഴിക്കാവുന്ന കുറഞ്ഞ ഏക ഭക്ഷണങ്ങളുടെ വിഭാഗത്തിൽ പെടുന്നു. സമീകൃതാഹാരത്തിൽ കശുവണ്ടി ചേർക്കുന്നത് ശരീരഭാരം നിയന്ത്രിക്കാനോ ഉയർന്ന രക്തത്തിലെ ഗ്ലൂക്കോസ് അളവ് ഒഴിവാക്കാനോ സഹായിക്കും.

## നെല്ലിക്കയോ ഓറഞ്ചോ? ഭാരം കുറയ്ക്കാൻ ഏറ്റവും മികച്ചത് ഏതാണ്?



വിറ്റാമിൻ സി അടങ്ങിയ രണ്ട് പഴങ്ങളാണ് ഓറഞ്ചും നെല്ലിക്കയും. നാരുകളും ആന്റിഓക്സിഡന്റുകളും ഇതിൽ അടങ്ങിയിട്ടുണ്ട്. നെല്ലിക്ക സ്ഥിരമായി കഴിക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുമെന്ന് പഠനങ്ങൾ പറയുന്നു.

ഇത് ഇൻസുലിൻ ഉൽപ്പാദിപ്പിക്കാനുള്ള ശരീരത്തിന്റെ പ്രവണതയെ സന്തുലിതമാക്കുകയും രക്തത്തിലെ പഞ്ചസാരയുടെ പെട്ടെന്നുള്ള വർദ്ധനവ് തടയുകയും ചെയ്യുന്നു. വിശപ്പ് നിയന്ത്രിക്കാനും ഇത് സഹായിക്കുന്നു.

ഓറഞ്ചിനെക്കാൾ ഉയർന്ന അളവിൽ വിറ്റാമിൻ സി അടങ്ങിയിട്ടുള്ളതിനാൽ നെല്ലിക്ക ഒരു സൂപ്പർഫുഡായി കണക്കാക്കപ്പെടുന്നു. ഈ ശക്തമായ ആന്റിഓക്സിഡന്റ് ശരീരത്തിൽ നിന്ന് വിഷവസ്തുക്കളെ നീക്കം ചെയ്യാൻ സഹായിക്കുന്നു.

ഫ്ളേവനോയ്ഡുകൾ, പോളിഫെനോൾസ് തുടങ്ങിയ ആന്റിഓക്സിഡന്റുകളുടെ മികച്ച ഉറവിടമാണ് നെല്ലിക്ക. ഇത് കൊഴുപ്പ് അടിഞ്ഞുകൂടുന്നത് കുറയ്ക്കുകയും ചെയ്യുന്നു. ശരീരത്തിൽ അമിതമായി അടിഞ്ഞുകൂടുന്ന കൊഴുപ്പ് കുറയ്ക്കാൻ നെല്ലിക്ക സഹായിക്കുന്നു.

ഓറഞ്ച് വെള്ളം നിലനിർത്തുന്നതിനാൽ ശരീരഭാരം കുറയ്ക്കാനുള്ള മികച്ച ഫലമാണ്. ഓറഞ്ചിൽ വിറ്റാമിൻ സി ധാരാളം അടങ്ങിയിട്ടുണ്ട്, ഇത് ശരീരത്തിന്റെ മെറ്റബോളിസത്തെ വളരെയധികം ത്വരിതപ്പെടുത്തുന്നു. വിറ്റാമിൻ സി ശരീരത്തിലെ കൊഴുപ്പിനെ ഊർജമാക്കി മാറ്റാൻ സഹായിക്കുന്നു.

ഓറഞ്ചിൽ അടങ്ങിയിരിക്കുന്ന നാരുകൾ വിശപ്പ് ഇല്ലാതാക്കുകയും ശരീരഭാരം കുറയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദഹനവ്യവസ്ഥയുടെ ആരോഗ്യകരമായ പ്രവർത്തനത്തെ ഇത് പിന്തുണയ്ക്കുന്നു.

നെല്ലിക്കയും ഓറഞ്ചും ശരീരഭാരം കുറയ്ക്കാൻ സഹായിക്കുന്നു. ശരീരത്തിലെ ജലാംശം നിലനിർത്താൻ ഓറഞ്ച് സഹായിക്കുന്നു. അതേസമയം നെല്ലിക്ക വിഷാംശം ഇല്ലാതാക്കുകയും മെറ്റബോളിസത്തെ വേഗത്തിലാക്കുകയും ചെയ്യുന്നു.

## ജോലി ഭാരം താങ്ങാനാവുന്നില്ലേ? ടെക്നോസ്ട്രെസ് മറികടക്കാൻ അഞ്ച് മാർഗങ്ങൾ



മൾട്ടിനാഷണൽ കമ്പനികളും ഐടി ഓർഗനൈസേഷനുകളും ഉൾപ്പെടെ ടെക്നോളജി മേഖലയിൽ പ്രവർത്തിക്കുന്നവർ ജോലിഭാരത്തിന് പുറമെ അനുഭവിക്കുന്ന മാനസിക പിരിമുറുക്കമാണ് ടെക്നോസ്ട്രെസ്.

സാങ്കേതികവിദ്യയുടെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാൻ പാടുപെടുന്ന ഈ മേഖലയിലെ ജീവനക്കാർ വളരെയധികം ഉത്കണ്ഠയും മാനസിക സമ്മർദ്ദവും നേരിടുന്നു. പുതിയ മാറ്റങ്ങളിലെല്ലാം പ്രാവീണ്യം നേടിയില്ലെങ്കിൽ ജോലി നഷ്ടപ്പെടുമെന്ന ഭയവും ജീവനക്കാർക്കിടയിലുണ്ട്. വർക്ക് ഫ്രം ഹോം, ഹൈബ്രിഡ് രീതികൾ മുതലായവ പലരുടെയും ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

ജീവനക്കാർ സ്വയം അപ്ഗ്രേഡ് ചെയ്യുന്നതിനൊപ്പം കമ്പനിയിലെ ഉന്നതർക്കും 'ടെക്നോസ്ട്രെസ്' കുറയ്ക്കാൻ ഇടപെടാൻ കഴിയും. 'ടെക്നോസ്ട്രെസ്' കൈകാര്യം ചെയ്യാനുള്ള അഞ്ച് വഴികൾ ഇതാ.

**കൃത്യമായ വിലയിരുത്തൽ:** ജീവനക്കാർ നേരിടുന്ന സമ്മർദ്ദം അളക്കാൻ അവർക്കിടയിൽ പതിവായി സർവേകൾ നടത്തുക. തുറന്ന സംഭാഷണങ്ങളും ചർച്ചകളും മാനേജർമാരെ അവരുടെ ടീമുകളെ ബാധിക്കുന്ന പ്രത്യേക പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കാനും സഹായിക്കും.

**നയങ്ങൾ:** നയങ്ങൾ സൃഷ്ടിക്കുന്നത് ടെക്നോസ്ട്രെസ് തടയുന്നതിന് അതിരുകൾ നിശ്ചയിക്കാൻ സഹായിക്കും. മാനേജർമാർ ജീവനക്കാരുമായി ഇടപഴകുകയും അവരുടെ ക്ഷേമം സംരക്ഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുകയും വേണം.

**പരിശീലനം:** വിവിധ പരിശീലനക്ലാസുകൾ നടത്തുന്നത് ജീവനക്കാർക്ക് അവരുടെ ഡിജിറ്റൽ സാക്ഷരതാ നൈപുണ്യം വികസിപ്പിക്കുന്നതിന് സഹായിക്കും. കൂടാതെ, ഓഫീസ് ജോലികൾക്കും വ്യക്തിജീവിതത്തിനുമിടയിലുള്ള അതിർവരമ്പുകൾ നിശ്ചിക്കാൻ സഹായിക്കുകയും ചെയ്യും

**ലീഡർഷിപ്പ്:** സ്ഥാപനത്തിലെ മറ്റ് മാനേജർമാരോടും ഉന്നതപദവിയിലിരിക്കുന്നവരോടും മാതൃകാപരമായി പെരുമാറാനും സ്ഥാപനത്തിനുള്ളിൽ ആരോഗ്യകരമായ ഡിജിറ്റൽ ആശയവിനിമയ പരിശീലനത്തിന് പിന്തുണ നൽകാനും ആവശ്യപ്പെടാം.

**ശ്രദ്ധാപൂർവം കേൾക്കാം:** ഒരു സ്ഥാപനത്തിലെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും കടുത്ത ടെക്നോസ്ട്രെസ് അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇതിന്റെ ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയുകയും കൃത്യമായ ഇടവേളകളിൽ പരിശോധനയും മൂല്യനിർണയങ്ങളും സർവെയും നടത്തുകയും ജീവനക്കാരോട് തുറന്ന മനസ്സോടെ ആശയവിനിമയം നടത്തുകയും വേണം

അമിതമായ സമ്മർദ്ദം ഹൃദ്രോഗം, ഉയർന്ന രക്തസമ്മർദ്ദം, മോശം ഉറക്കം എന്നിവയുൾപ്പെടെയുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം. ഇക്കാരണത്താൽ, മാനേജർമാരും ജീവനക്കാരും അവരുടെ മാനസികവും ശാരീരികവുമായ ക്ഷേമം സംരക്ഷിക്കുന്നതിന് ഈ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## ശസ്ത്രക്രിയയ്ക്ക് ശേഷം പാട്ടു കേൾക്കുന്നത് രോഗം വേഗത്തിൽ സുഖപ്പെടുത്തിയേക്കുമെന്ന് പഠനം



ശസ്ത്രക്രിയയ്ക്കു ശേഷമുള്ള അതിജീവനം മെച്ചപ്പെടുത്താൻ വ്യായാമം സഹായിക്കുമെന്ന് പഠനം. അമേരിക്കൻ കോളേജ് ഓഫ് സർജൻസ് (എസിഎസ്) തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച്, സംഗീതം കേൾക്കുമ്പോൾ കോർട്ടിസോളിന്റെ അളവ് കുറയുന്നത് രോഗികളെ അതിജീവിക്കാൻ സഹായിച്ചേക്കാം.

ശസ്ത്രക്രിയയ്ക്കുശേഷം മയക്കത്തിൽ നിന്ന് പുറത്തുവരുന്ന ഒരു രോഗിക്ക് അവരുടെ ചുറ്റുപാടുകളെക്കുറിച്ച് അമിതമായ ഭയവും വർദ്ധിച്ചുവരുന്ന ഉത്കണ്ഠയും അനുഭവപ്പെടാം. എന്നാൽ മയക്കത്തിൽ നിന്ന് യഥാർത്ഥ്യത്തിലേക്കുള്ള മാറ്റത്തിനെ അംഗീകരിക്കാൻ പാട്ടിനായേക്കുമെന്ന് കാലിഫോർണിയ നോർത്ത്സ്റ്റേറ്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിസിൻ സർജറി വിഭാഗം പ്രൊഫസറായ എൽഡോ ഫ്രിസ പറയുന്നു.

ശസ്ത്രക്രിയയ്ക്കു ശേഷമുള്ള ബുദ്ധിമുട്ടുകൾ മറികടക്കാൻ പ്രത്യേകിച്ച് സാമ്പത്തികവും ശാരീരികവുമായ ഉത്കണ്ഠ കുറയ്ക്കാൻ സഹായിക്കുമെന്നും അവർ പറയുന്നു.

മനുഷ്യർക്കിടയിൽ പാട്ടിനുള്ള സ്വാധീനം സംബന്ധിച്ച് ആയിരത്തിൽപ്പരം പഠനങ്ങളും 35ഓളം ഗവേഷണ റിപ്പോർട്ടുകളും വിലയിരുത്തിയ ശേഷമാണ് ഗവേഷകർ നിഗമനത്തിലെത്തിയത്.

# ഫോണിൽ കാണിക്കില്ല, വാട്സ്സാപ്പിനുള്ളിൽ നമ്പർ സേവ് ചെയ്യാം; പുത്തൻ ഫീച്ചർ




വാട്സ്ആപ്പ് ഓരോ അപ്ഡേറ്റിലും നിരവധി പുതിയ സവിശേഷതകൾ കൊണ്ടുവരുന്ന ഇൻസ്റ്റന്റ് മെസേജിങ് ആപ്പാണ്. ഉപയോക്താക്കളുടെ സൌകര്യങ്ങൾക്കൊപ്പം തന്നെ സുരക്ഷയ്ക്കും വാട്സ്ആപ്പ് പ്രാധാന്യം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗ്രൂപ്പുകളിൽ നിന്നും ആളുകൾ ഫോൺ നമ്പർ എടുത്ത് ദുരുപയോഗം ചെയ്യുന്നത് തടയാൻ പുതിയൊരു ഫീച്ചർ കൊണ്ടുവരികയാണ് ആപ്പ്.

അതായത് ഫോണിൽ സേവ് ചെയ്യാതെ ആപ്ലിക്കേഷനിൽ മാത്രം കോൺടാക്റ്റുകൾ സേവ് ചെയ്യാൻ അനുവദിക്കുന്ന ഫീച്ചറാണിത്. ഇതിനർത്ഥം, ഉപയോക്താക്കൾക്ക് അവരുടെ സ്മാർട്ട്ഫോണുകൾ നഷ്ടപ്പെടുകയോ പുതിയ ഉപകരണത്തിലേക്ക് മാറുകയോ ചെയ്താലും അവരുടെ എല്ലാ കോൺടാക്റ്റുകളും ആക്സസ് ചെയ്യാൻ കഴിയും, കാരണം അവ ഐ ക്ലൗഡിലും ഗൂഗിൾ ക്ലൗഡിലും സംഭരിക്കപ്പെടും.

'നിങ്ങൾ നിങ്ങളുടെ ഫോൺ മറ്റുള്ളവരുമായി പങ്കിടുമ്പോൾ അല്ലെങ്കിൽ നിങ്ങളുടെ ഫോണിൽ ഒന്നിൽ കൂടുതൽ വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുമ്പോൾ വ്യക്തിപരവും ബിസിനസ്സ് കോൺടാക്റ്റുകളും വേർതിരിക്കണമെങ്കിൽ ഈ ഫീച്ചർ അനുയോജ്യമാണ്,' ഫീച്ചർ പ്രഖ്യാപിച്ചുകൊണ്ട് വാട്ട്സ്ആപ്പ് ഒരു ബ്ലോഗ് പോസ്റ്റിൽ എഴുതി.

കമ്പനി തങ്ങളുടെ ചാറ്റുകൾ സംരക്ഷിക്കാൻ ഉപയോഗിക്കുന്ന എൻഡ്ടുഎൻഡ്എൻക്രിപ്ഷൻ ടെക്നിക് ഉപയോഗിക്കുന്നതിന് പകരം ഈ ഫീച്ചർ ഉപയോക്താക്കളെ സംരക്ഷിക്കുന്നതിനായി ഐഡന്റിറ്റി പ്രൂഫ് ലിങ്ക്ഡ് സ്റ്റോറേജ് അല്ലെങ്കിൽ ഐപിഎൽഎസ് എന്ന പുതിയ എൻക്രിപ്ഷൻ ടെക്നിക് ഉപയോഗിക്കുമെന്ന് ഒരു പ്രത്യേക എഞ്ചിനീയറിംഗ് ബ്ലോഗിൽ മെറ്റ പറഞ്ഞു.

അതേസമയം കഴിഞ്ഞ വർഷം ഡിസംബറിൽ വാട്സ്ആപ്പ് പുറത്തിറക്കിയ അപ്ഡേറ്റിലൂടെ ഗ്രൂപ്പ് ചാറ്റുകളിൽ വരുന്ന മെസേജ് ബബിളിനുള്ളിൽ നമ്പരുകൾക്ക് പകരം പേരുകൾ കാണിക്കാൻ ആരംഭിച്ചു. ഗ്രൂപ്പ് ചാറ്റ് വിൻഡോയിൽ വരുന്ന നമുക്ക് അറിയാത്ത കോൺടാക്റ്റുകളുടെ പേരുകൾ കാണുന്നതിനായിട്ടാണ് ഈ ഫീച്ചർ അവതരിപ്പിച്ചത്.

വൈബെറ്റഇൻഫോയുടെ പുതിയ റിപ്പോർട്ട് അനുസരിച്ച് വാട്സ്ആപ്പ് അതിന്റെ ചാറ്റ് ലിസ്റ്റിലേക്കും പുതിയ ഫീച്ചർ കൊണ്ടുവരാൻ പോകുകയാണ്.

ഇതിനകം തന്നെ ചാറ്റിൽ നമ്പരുകൾക്ക് പകരം യൂസർ നെയിം കാണിക്കുന്ന ഫീച്ചർ ഉണ്ടെങ്കിലും ഗ്രൂപ്പിലെ അംഗങ്ങളുടെ ലിസ്റ്റ് എടുത്താൽ അതിൽ നമ്പരുകൾ കാണാൻ സാധിക്കും.

പുതിയ അപ്ഡേറ്റ് വരുന്നതോടെ ഗ്രൂപ്പ് മെമ്പർമാരുടെ ലിസ്റ്റ് എടുത്താലും അതിൽ അവരുടെ യൂസർ നെയിം മാത്രമായിരിക്കും കാണിക്കുന്നത്, നമ്പരുകൾ കാണിക്കില്ല.




## ഡിവൈസ് അൺലോക്ക് ചെയ്യാതെ കോൾ ചെയ്യാം; കിടിലൻ അപ്ഡേറ്റുമായി ജെമിനി

ഗൂഗിൾ ആർട്ടിഫിഷൽ ഇന്റലിജൻസ് ചാറ്റ് ബോട്ടായ ജെമിനി മാറ്റത്തിനൊരുങ്ങുന്നു. ഡിവൈസ് അൺലോക്ക് ചെയ്യാതെ തന്നെ ഫോൺ കോളുകൾ ചെയ്യാനും ടെക്സ്റ്റുകൾ അയയ്ക്കാനും ഉപയോക്താക്കളെ അനുവദിക്കുന്ന പുതിയ ഫീച്ചർ ആണ് അവതരിപ്പിക്കാനൊരുങ്ങുന്നത്.

സെറ്റിങ്സിൽ 'ജെമിനി ഓൺ ലോക്ക് സ്ക്രീൻ' എന്നതിന് കീഴിൽ 'അൺലോക്ക് ചെയ്യാതെ കോളുകൾ ചെയ്യുക, സന്ദേശങ്ങൾ അയയ്ക്കുക' എന്നതായി പുതിയ ഫീച്ചർ ദൃശ്യമാകുമെന്നാണ് റിപ്പോർട്ട്.

എന്നാൽ ജെമിനി ഉപയോഗിക്കുന്നതിന് മുമ്പ് ഉപയോക്താക്കൾക്ക് ടോഗിൾ സ്വമേധയാ ഓണാക്കേണ്ടി വന്നേക്കാം. എങ്കിലേ ഈ ഫീച്ചർ പ്രവർത്തനക്ഷമമാവുകയുള്ളൂ.

ഈ വർഷം ആദ്യമാണ് ഗൂഗിൾ ആൻഡ്രോയിഡ് ഓപ്പറേറ്റിങ് സിസ്റ്റത്തിലേക്ക് ജെമിനിയെ ഗൂഗിൾ ഉൾപ്പെടുത്തിയത്. ആൻഡ്രോയിഡിന്റെ പഴയ വെർഷനുകളായ പത്തിലും പതിനൊന്നിലും ഇപ്പോൾ ജെമിനി ലഭ്യമാണ്.

2023 ഡിസംബറിലാണ് ഗൂഗിൾ ജെമിനിയെ അവതരിപ്പിച്ചത്. ചാറ്റ് ജിപിടിയെ പിന്നിലാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ജെമിനിയെ ഇറക്കിയത്. അൾട്രാ, പ്രോ, നാനോ എന്നിങ്ങനെ മൂന്ന് മോഡലുകളിലാണ് ജെമിനി എത്തിയത്.

# ഇരുട്ടിലും ഇനി വീഡിയോ കോൾ ചെയ്യാം; ലോ ലൈറ്റ് മോഡ് ഫീച്ചറുമായി വാട്സ്ആപ്പ്



വാട്ട്സ്ആപ്പിൽ വീഡിയോ കോളുകൾ വളരെ ജനപ്രിയമാണ്. എന്നാൽ മിക്ക ഫോണുകളിലും ഫ്രണ്ട് ക്യാമറ ശരാശരിയാണ്. രണ്ട് പേർ വീഡിയോ കോളിലൂടെ പരസ്പരം സംസാരിക്കുമ്പോൾ ഈ പോരായ്മ കാണാം. ഇതിന് പരിഹാരമായി പുതിയ ഫീച്ചർ അവതരിപ്പിച്ചിരിക്കുകയാണ് വാട്ട്സ് ആപ്പ്.

കുറഞ്ഞ വെളിച്ചമുള്ള സ്ഥലങ്ങളിൽ നിന്നും പോലും വീഡിയോ കോളുകൾ ചെയ്യാൻ ഉപയോക്താക്കളെ സഹായിക്കുന്ന ലോ ലൈറ്റ് മോഡ് ഫീച്ചറുമായാണ് വാട്ട്സ്ആപ്പ് എത്തുന്നത്. ലോ ലൈറ്റ് മോഡ് അവതരിപ്പിക്കുന്നതോടെ മറുവശത്തുള്ളയാളുടെ വ്യക്തമായ മുഖം ലഭിക്കാനും ഫലപ്രദമായി ആശയവിനിമയം നടത്താനും കഴിയുമെന്നാണ് വാട്ട്സ്ആപ്പ് അവകാശപ്പെടുന്നത്.

പുതിയ വാട്ട്സ്ആപ്പ് അപ്ഡേറ്റ് ലഭിച്ചവർക്ക് മാത്രമാണ് പുതിയ ഫീച്ചർ ലഭ്യമാക്കിയിരിക്കുന്നത്. വാട്സ്ആപ്പിൽ വിഡിയോ കോൾ ചെയ്യുമ്പോൾ ഇന്റർഫെയ്സിന്റെ വലതുവശത്ത് മുകളിലുള്ള ബൾബ് ഐക്കണിൽ ക്ലിക്ക് ചെയ്താൽ ഈ ഫീച്ചർ പ്രയോജനപ്പെടുത്താം. വെളിച്ചമുള്ള സമയത്ത് ഈ ഫീച്ചർ ടേൺ ഓഫ് ചെയ്ത് വെയ്ക്കാനുള്ള സൗകര്യവും ഇതിൽ ഒരുക്കിയിട്ടുണ്ട്.

### എങ്ങനെ സജ്ജമാക്കാം

ലോ ലൈറ്റ് മോഡ് വാട്ട്സ്ആപ്പിൽ ഉപയോഗിക്കുന്നതിന്, വീഡിയോ കോളിലെ ഒരാൾ ബൾബ് ലോഗോയിൽ ടാപ്പ് ചെയ്യേണ്ടതുണ്ട്.

1. വാട്ട്സ്ആപ്പ് തുറക്കുക
2. വീഡിയോ കോൾ വിളിക്കുക
3. വീഡിയോ കോളിനിടെ മുകളിൽ വലത് കോണിലുള്ള ബൾബ് ലോഗോയിൽ ടാപ്പ് ചെയ്യുക
4. നല്ല വെളിച്ചമുണ്ടെങ്കിൽ ലൈറ്റ് മോഡ് ഓഫാക്കാം

പുതിയ ഫീച്ചർ ആപ്ലിക്കേഷന്റെ ഐഒഎസ്, ആൻഡ്രോയിഡ് പതിപ്പുകളിൽ ലഭ്യമാണ്. എന്നാൽ വെബ് ആപ്പിലേക്ക് ഇതുവരെ എത്തിയിട്ടില്ല.



# പരസ്യങ്ങൾ ഇനി രസംകൊല്ലിയാകില്ല! പ്രീമിയം ലൈറ്റ് വേർഷൻ അവതരിപ്പിച്ച് കമ്പനി

യൂട്യൂബിൽ വീഡിയോ കാണുമ്പോൾ ഏറ്റവും അലോസരപ്പെടുത്തുന്ന കാര്യം പരസ്യങ്ങളുടെ കടന്നുകയറ്റമാണ്. ഒരു വീഡിയോ കാണാൻ നിങ്ങൾക്ക് കുറഞ്ഞത് രണ്ട് തവണയെങ്കിലും സ്കിപ്പ് ആഡ് അടിക്കേണ്ടി വരും. എന്നാൽ യൂട്യൂബ് ഇതിനൊരു പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

പ്രീമിയം സബ്സ്ക്രിപ്ഷന്റെ ലൈറ്റ് വേർഷൻ അവതരിപ്പിച്ചാണ് ഉപയോക്താക്കൾ നേരിടുന്ന ഈ പ്രശ്നം പരിഹരിക്കാൻ യൂട്യൂബ് ഒരുങ്ങുന്നത്. പ്രീമിയം സബ്സ്ക്രിപ്ഷന്റെ പകുതി പണമടച്ചാൽ മതിയാകും ഇതിന്.

റിപ്പോർട്ട് അനുസരിച്ച്, യൂട്യൂബ് പ്രീമിയം ലൈറ്റിനായി ഉപയോക്താക്കൾ പ്രതിമാസം 8.99 യുഎസ് ഡോളർ നൽകണം. സാധാരണ പ്രീമിയം സബ്സ്ക്രിപ്ഷന് 16.99 അമേരിക്കൻ ഡോളറാണ് യൂട്യൂബ് ഈടാക്കുന്നത്.

പ്രീമിയം ലൈറ്റ് സബ്സ്ക്രിപ്ഷന് വാർഷിക ഓഫറുകൾ ഉണ്ടാകുമോ എന്ന് വ്യക്തമല്ല. ഇന്ത്യയിലെ ഉപയോക്താക്കൾക്ക് ഇത് ലഭ്യമാകുമോ എന്ന കാര്യവും കമ്പനി സ്ഥിരീകരിച്ചിട്ടില്ല.

ഇന്ത്യയിൽ യൂട്യൂബ് അതിന്റെ സാധാരണ പ്രീമിയം സബ്സ്ക്രിപ്ഷൻ പ്ലാനായി 149 രൂപയാണ് ഈടാക്കുന്നത്. പ്ലാനുകളിൽ യൂട്യൂബ് വില കൂട്ടുന്നതോടെ പരസ്യങ്ങളുടെ എണ്ണം കുറയാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. ജർമ്മനി, തായ്‌ലൻഡ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ പ്രത്യേക പ്ലാനുകൾ അവതരിപ്പിക്കാൻ യൂട്യൂബ് ഒരുങ്ങുന്നതായി ദി വെർജ് റിപ്പോർട്ട് ചെയ്തു.

# തെക്കൻ ലെബനനിലെ വീടിന് നേരെ ഇസ്രായേൽ ആക്രമണം; 5 കുട്ടികൾ ഉൾപ്പെടെ 19 മരണം



തെക്കൻ ലെബനനിലെ ഒരു വീടിന് നേരെ ചൊവ്വാഴ്ച ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ ആറ് സ്ത്രീകളും അഞ്ച് കുട്ടികളും ഉൾപ്പെടെ 19 പേർ കൊല്ലപ്പെട്ടതായി പ്രാദേശിക ഉദ്യോഗസ്ഥൻ വ്യക്തമാക്കി.മരിച്ചവരിൽ മുൻ സ്കൂൾ പ്രിൻസിപ്പൽ അഹമ്മദ് എസെദീനും അദ്ദേഹത്തിന്റെ കുടുംബത്തിലെ മൂന്ന് തലമുറകളും ഉൾപ്പെടുന്നുവെന്ന് സുവാദ് ഹമ്മൂദ് ബിബിസിയോട് പറഞ്ഞു, എല്ലാവരും ടെഫഹ്ത ഗ്രാമത്തിലെ മൂന്ന് നില കെട്ടിടത്തിൽ താമസിക്കുകയായിരുന്നു. ഗ്രാമത്തിലെ ഇമാം ഷെയ്ഖ് അബ്ദോ അബോ റയ്യ, ആക്രമണ സമയത്ത് വീടിന് സമീപം രണ്ട് വഴിയാത്രക്കാർക്കൊപ്പം നടക്കുന്നതിനിടെ കൊല്ലപ്പെട്ടതായും അവർ കൂട്ടിച്ചേർത്തു.അതേസമയം സംഭവത്തെക്കുറിച്ച് ഇസ്രായേൽ സൈന്യം ഇതുവരെ പ്രതികരിച്ചിട്ടില്ല. എന്നാൽ സാധാരണക്കാർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അവർ ആവർത്തിച്ച് പറഞ്ഞു.സായുധ ഗ്രൂപ്പായ ഹിസ്ബുള്ളയുടെ പ്രവർത്തകർ, അടിസ്ഥാന സൗകര്യങ്ങൾ, ആയുധങ്ങൾ എന്നിവയെ ലക്ഷ്യമാക്കി കഴിഞ്ഞ നാലാഴ്ചയായി ലെബനനിലുടനീളം ആയിരക്കണക്കിന് വ്യോമാക്രമണങ്ങൾ ആണ് നടക്കുന്നത്.തിങ്കളാഴ്ച അയൽ ഗ്രാമമായ മർവാനിയിൽ ഇസ്രായേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട അഹമ്മദ് എസെദീന്റെ ബന്ധുവും ഭാര്യാസഹോദരനുമായ ഖോദറിന്റെ ശവസംസ്കാര ചടങ്ങുകൾക്ക് ശേഷമാണ് ബുധനാഴ്ചത്തെ ടെഫഹ്തയിൽ പണിമുടക്ക് നടന്നതെന്ന് എംഎസ് ഹമ്മൂദ് പറഞ്ഞു.കൊല്ലപ്പെട്ട എസെദീനോടൊപ്പം വീട്ടിനുള്ളിൽ അദ്ദേഹത്തിന്റെ ഭാര്യ, സഹോദരി, പെൺമക്കൾ, മരുമക്കൾ, കൊച്ചുമക്കൾ എന്നിവരും ഉണ്ടായിരുന്നു.എസെദീൻ താഴത്തെ നിലയിലാണ് താമസിച്ചിരുന്നത്, അദ്ദേഹത്തിന്റെ കുട്ടികളും അവരുടെ കുടുംബങ്ങളും മുകളിലത്തെ നിലയിലാണ് താമസിച്ചിരുന്നത്. എന്നാൽ വീടിന് നേരെ ആക്രമണം ഉണ്ടായപ്പോൾ എല്ലാവരും താഴത്തെ നിലയിലായിരുന്നുവെന്നാണ് കരുതുന്നത്.ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് ലെബനൻ ആരോഗ്യ മന്ത്രാലയം റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ എംഎസ് ഹമ്മൂദിന്റെയും ടെഫഹ്തയുടെയും കമ്മ്യൂണിറ്റി ഫേസ്ബുക്ക് അക്കൗണ്ട് മരണസംഖ്യ 19 ആയി കണക്കാക്കുന്നു.വടക്കൻ ലെബനൻ പട്ടണമായ ഐറ്റൗവിലെ നാല് നിലകളുള്ള റെസിഡൻഷ്യൽ കെട്ടിടത്തിന് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട 23 പേരിൽ 12 സ്ത്രീകളും രണ്ട് കുട്ടികളും ഉൾപ്പെട്ടതായി യുഎൻ മനുഷ്യാവകാശ ഓഫീസിന് കഴിഞ്ഞയാഴ്ച റിപ്പോർട്ട് ലഭിച്ചു.



## ഹിസ്ബുള്ള നേതാവ് ഹാഷിം സഫീദ്ദീൻ കൊല്ലപ്പെട്ടതായി ഇസ്രയേൽ

ബെയ്റൂട്ട് : ഹിസ്ബുള്ള നേതാവ് ഹാഷിം സഫീദ്ദീനെ ലെബനനിലെ ബെയ്റൂട്ടിന് സമീപം വ്യോമാക്രമണത്തിൽ ആഴ്ചകൾക്ക് മുമ്പ് കൊലപ്പെടുത്തിയതായി ഇസ്രയേൽ പ്രതിരോധ സേന (ഐഡിഎഫ്). ഹിസ്ബുള്ളയുടെ ഇന്റലിജൻസ് ഹെഡ് ക്വാർട്ടേഴ്സ് കമാൻഡർ ഹുസൈൻ അലി ഹാസിമയ്ക്കൊപ്പം സഫീദ്ദീൻ കൊല്ലപ്പെട്ടുവെന്ന് എക്സിൽ പങ്കിട്ട ഒരു പ്രസ്താവനയിലാണ് ഐഡിഎഫ് വ്യക്തമാക്കിയത്. ഹിസ്ബുള്ളയുടെ മുൻ സെക്രട്ടറി ജനറൽ ഹസൻ നസ്റുള്ള സെപ്റ്റംബറിൽ കൊല്ലപ്പെട്ടതിന് ശേഷം, ഹിസ്ബുള്ളയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ തലവൻ സഫീദ്ദീനെ ആണ് പിൻഗാമിയായി കണക്കാക്കിയിരുന്നത്. ഹിസ്ബുള്ളയുടെ രഹസ്യാന്വേഷണ വിഭാഗത്തിലെ ഉന്നത കമാൻഡർമാർ ഉൾപ്പെടെയുള്ള 25 ലധികം അംഗങ്ങൾ ആക്രമണം നടത്തുമ്ബോൾ ആസ്ഥാനത്ത് ഉണ്ടായിരുന്നതായി ഐഡിഎഫ് പറഞ്ഞതായി ടൈംസ് ഓഫ് ഇസ്രയേൽ റിപ്പോർട്ട് ചെയ്തു.ആക്രമണത്തെ തുടർന്ന് സഫീദ്ദീനെ ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. സഫീദ്ദീന്റെ മരണം സ്ഥിരീകരിക്കുന്ന ഒരു പ്രസ്താവനയും ഹിസ്ബുള്ള ഇതുവരെ പുറത്തുവിട്ടിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. ഹസൻ നസ്റുള്ളയുടെ ബന്ധുവായിരുന്നു ഹാഷിമെന്നാണ് ഐഡിഎഫ് പറയുന്നത്.



## സർക്കാർ ജീവനക്കാർ വാട്ട്സ്ആപ്പും വീചാറ്റും ഉപയോഗിക്കരുതെന്ന് ഹോങ്കോങ്

ഹോങ്കോങ് : സർക്കാർ ഉദ്യോഗസ്ഥർ വാട്സ്ആപ്പ്, വീ ചാറ്റ്, ഗൂഗിൾ ഡ്രൈവ് തുടങ്ങിയ ജനപ്രിയ ആപ്പുകൾ ഉപയോഗിക്കുന്നത് വിലക്കാൻ ഹോങ്കോംഗ്. സുരക്ഷാ ഭീഷണിയെത്തുടർന്നാണ് തീരുമാനം.ഔദ്യോഗിക കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കാനാണ് വിലക്ക്. ഗവൺമെന്റ് ജീവനക്കാർക്ക് സ്വകാര്യ ഉപകരണങ്ങളിൽ നിന്ന് സേവനങ്ങൾ ഉപയോഗിക്കാൻ തുടർന്നും അനുവാദമുണ്ട്. ഓഫീഷ്യൽ രേഖകൾ ഒരിക്കലും മൊബൈലിൽ ഫയലുകളിൽ സൂക്ഷിക്കരുതെന്നും, അനൗദ്യോഗികമല്ലാത്ത ഒരു ആപ്പ് വഴിയും അത് കൈമാറരുതെന്നും നിർദേശമുണ്ട്. ഹാക്കിംഗ് കൂടുതൽ ഗുരുതരമായ പ്രശ്നമായി മാറുന്നതിനാൽ നിരോധനം ആവശ്യമാണെന്ന് റേഡിയോ പരിപാടിയിൽ ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് ഇൻഡസ്ട്രി സെക്രട്ടറി സൺ ഡോംഗ് പറഞ്ഞു.

## ഗാസ പൂർവ സ്ഥിതിയിലെത്താൻ 350 വർഷമെടുക്കുമെന്ന് യു.എൻ



ഗാസ: ഇസ്രായേൽ അധിനിവേശത്തിൽ തകർന്നടിഞ്ഞ ഗാസ പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരാൻ 350 വർഷമെടുക്കുമെന്ന് യു.എൻ. സാമ്പത്തിക പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചിരിക്കുന്നു, കുടിവെള്ളം, ഇന്ധനം, വൈദ്യുതി എന്നിവയുടെ ദൗർലഭ്യവും ഭക്ഷണ, ആരോഗ്യ സേവനങ്ങളുടെ ദൗർലഭ്യവും ഗാസയെ ബാധിച്ചിരിക്കുന്നു.യു.എന്നിന്റെ കണക്കുകൾ പ്രകാരം നിർമാണ പ്രവർത്തനങ്ങൾ 96 ശതമാനം ഇടിഞ്ഞു.കാർഷിക പ്രവർത്തനങ്ങൾ 93 ശതമാനവും സേവനമേഖലയിൽ 76 ശതമാനവും ഇടിവുണ്ടായി. ഗാസയിലെ തൊഴിലില്ലായ്മ 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 81.7 ശതമാനമായി ഉയർന്നു. നിലവിലെ അവസ്ഥയിൽ സ്ഥിതി വീണ്ടും രൂക്ഷമാകുമെന്നാണ് യു.എന്നിന്റെ മുന്നറിയിപ്പ്.2023 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് പാദങ്ങളിൽ യുദ്ധം തുടങ്ങുന്നതിന് മുമ്പ് മൂന്ന് ശതമാനം നെഗറ്റീവ് വളർച്ചയാണ് ഗാസ സമ്പദ്വ്യവസ്ഥയിൽ ഉണ്ടായത്. 2023ൽ സമ്പദ്വ്യവസ്ഥയിൽ 22.6 ശതമാനം നെഗറ്റീവ് വളർച്ചുണ്ടായി. അടുത്തപാദത്തിൽ സമ്പദ്വ്യവസ്ഥയിൽ 90 ശതമാനം തകർച്ചയുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.നിലവിലെ യുദ്ധം പ്രദേശത്തുടനീളം അമ്പരപ്പിക്കുന്ന നാശം വിതച്ചിരിക്കുന്നു, മുഴുവൻ റോഡുകളും നിർണായകമായ അടിസ്ഥാന സൗകര്യങ്ങളും നശിപ്പിക്കപ്പെടുകയും ചെയ്തു. പുനർനിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ്, ജീർണിച്ച മൃതദേഹങ്ങളും പൊട്ടിത്തെറിക്കാത്ത ആയുധങ്ങളും വൃത്തിയാക്കേണ്ടതുണ്ട്.350 വർഷം എന്നത് ഒരു പ്രവചനത്തേക്കാൾ ഒരു കണക്കുകൂട്ടലാണ്. ഇംഗ്ലണ്ടും നെതർലാൻഡും 1600-കളുടെ അവസാനത്തിൽ പരസ്പരം പോരാടിയ യുദ്ധങ്ങളിൽ നിന്ന് ഇപ്പോൾ കരകയറുന്നത് പോലെയായിരിക്കും അത്. ജനുവരി അവസാനം ലോകബാങ്ക് 18.5 ബില്യൺ ഡോളറിന്റെ നാശനഷ്ടമാണ് കണക്കാക്കിയത്. ഗാസയിലെ എല്ലാ ഘടനകളുടെയും നാലിലൊന്ന് ഭാഗവും നശിപ്പിക്കപ്പെടുകയോ സാരമായി കേടുപാടുകൾ സംഭവിക്കുകയോ ചെയ്തതായി കണ്ടെത്തിയ സാറ്റലൈറ്റ് ഫൂട്ടേജുകളെ അടിസ്ഥാനമാക്കി സെപ്തംബറിൽ യു.എൻ പറഞ്ഞിരുന്നു.

## വെടിനിർത്തൽ ചർച്ചയ്ക്കായി ആന്റണി ബ്ലിങ്കൻ സൗദിയിൽ



റിയാദ്: ഗാസയിലെ വെടിനിർത്തൽ ചർച്ച ചെയ്യാനുള്ള പശ്ചിമേഷ്യൻ രാജ്യങ്ങളിലെ പര്യടനത്തിന്റെ ഭാഗമായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ സൗദി അറേബ്യയിലെത്തി.

ബുധനാഴ്ച രാവിലെ റിയാദിലെത്തിയ അദ്ദേഹത്തെ സൗദി വിദേശകാര്യ ഉപമന്ത്രി എൻജി വലീദ് ബിൻ അബ്ദുൽ കരീം അൽ ഖുറൈജി റിയാദ് കിങ് ഖാലിദ് ഇന്റർനാഷനൽ എയർപ്പോർട്ടിലെത്തി സ്വീകരിച്ചു.ശേഷം ബ്ലിങ്കൻ വിദേശകാര്യ മന്ത്രാലയത്തിലെത്തി വിദേശകാര്യമന്ത്രി അമീർ ഫൈസൽ ബിൻ ഫർഹാൻ അൽ സഊദുമായടക്കം കൂടിക്കാഴ്ച നടത്തി. മേഖലയിലെ തന്റെ പര്യടനത്തിനായി റിയാദിലേക്ക് പുറപ്പെടും മുമ്ബ് ബ്ലിങ്കൻ വാർത്ത ഏജൻസികളോട് പറഞ്ഞത് സൗദി അറേബ്യ ഈ മേഖലയിലെ ,സുപ്രധാന രാജ്യമാണ് എന്നാണ്. വെടിനിർത്തലിനായി സൗദിയടക്കം എല്ലാ രാജ്യങ്ങളുടെയും സ്വാധീനം ഉപയോഗിക്കാനാണ് തന്റെ ശ്രമമെന്നും ബ്ലിങ്കൻ പറഞ്ഞു. 2023 ഒക്ടോബർ ഏഴിന് ഗാസ യുദ്ധം ആരംഭിച്ചശേഷം 11 -ാം തവണയാണ് ബ്ലിങ്കന്റെ പശ്ചിമേഷ്യൻ സന്ദർശനം.വെടിനിർത്തൽ കരാർ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ആന്റണി ബ്ലിങ്കൻ നേരത്തെ ഇസ്രയേൽ സന്ദർശിച്ചിരുന്നു.

# യുഎസ് ഡോളറിനെ രാഷ്ട്രീയ ആയുധമായി ഉപയോഗിക്കുന്നു; ബദൽ അന്താരാഷ്ട്ര പേയ്മെന്റ് സംവിധാനം വേണമെന്ന് പുടിൻ



മോസ്കോ: യുഎസ് ഡോളറിനെ രാഷ്ട്രീയ ആയുധമായി ഉപയോഗിക്കുന്നത് തടയാൻ കഴിയുന്ന ഒരു ബദൽ അന്താരാഷ്ട്ര പേയ്മെന്റ് സംവിധാനം വേണമെന്ന് ആഹ്വാനം ചെയ്ത് വ്ളാഡിമിർ പുടിൻ. ബ്രിക്സ് ഉച്ചകോടിയിലാണ് അദ്ദേഹം ഈ ആവശ്യം ഉന്നയിച്ചത്. ''ഡോളർ ഒരു രാഷ്ട്രീയ ആയുധമായി ഉപയോഗിക്കുന്നു. ഇത് അങ്ങനെയാണെന്ന് ഞങ്ങൾ ശരിക്കും അറിയുന്നു. ഇത് ചെയ്യുന്നത് വലിയ തെറ്റാണെന്ന് ഞാൻ കരുതുന്നു'.-റഷ്യൻ നഗരമായ കസാനിൽ നടന്ന ഉച്ചകോടിയിൽ സംസാരിച്ച പുടിൻ പറഞ്ഞു. റഷ്യയും ചൈനയും തമ്മിലുള്ള വ്യാപാരത്തിന്റെ 95 ശതമാനവും ഇപ്പോൾ റൂബിളിലും യുവാനിലും നടക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോക സമ്പദ്വ്യവസ്ഥയെ ഡോളറാക്കാനുള്ള നീക്കം ചില ബ്രിക്സ് അംഗങ്ങൾ, പ്രത്യേകിച്ച് ബ്രസീലും ഇന്ത്യയും തങ്ങളുടെ അതിവേഗം വികസിക്കുന്ന ക്ലബ്ബ് ചൈനീസ് അനുകൂലവും പാശ്ചാത്യ വിരുദ്ധവുമാകാൻ ആഗ്രഹിക്കുന്നില്ല.

ബെൽജിയം ആസ്ഥാനമായുള്ള സ്വിഫ്റ്റ് പേയ്മെന്റ് സംവിധാനത്തെ മറികടക്കുന്ന ഒരു സെറ്റിൽമെന്റും പേയ്മെന്റ് ഇൻഫ്രാസ്ട്രക്ചറും സൃഷ്ടിക്കാൻ റഷ്യ പ്രവർത്തിക്കുന്നുണ്ട്. 2022 ഫെബ്രുവരിയിൽ ഉക്രെയ്നിലെ റഷ്യൻ അധിനിവേശത്തിന് ശേഷം പുടിന് തന്റെ ഏറ്റവും വലിയ അന്താരാഷ്ട്ര പ്ലാറ്റ്ഫോം നൽകിയ ശ്രദ്ധേയമായ ഉച്ചകോടിയിൽ നിന്ന് ഉയർന്നുവരാൻ സാധ്യതയുള്ള ഏറ്റവും മൂർത്തമായ നിർദ്ദേശമാണ് ഡോളർ രഹിത സംരംഭം.

# ഇന്ത്യ- ചൈന അതിർത്തി തർക്കം പരിഹരിക്കും; മോദി- ഷി ജിൻപിങ് കൂടിക്കാഴ്ചയിൽ ധാരണ

മോസ്കോ: ബ്രിക്സ് ഉച്ചകോടിക്കായി റഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി കൂടിക്കാഴ്ച നടത്തി. നരേന്ദ്ര മോദിയെ കണ്ടതിൽ സന്തോഷമുണ്ടെന്ന് ഷി ജിൻപിങ് പറഞ്ഞു.ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നും ഷി ജിൻപിംഗ്കൂട്ടിച്ചേർത്തു. അതിർത്തി തർക്കം പരിഹരിക്കാൻ യോഗത്തിൽ ചർച്ചകൾ നടന്നു. അഞ്ച് വർഷത്തിന് ശേഷമാണ് ഇരു നേതാക്കളും തമ്മിലുള്ള പ്രത്യേക ചർച്ച നടക്കുന്നത്.ആശയ വിനിമയം ശക്തമാക്കണമെന്നും അഭിപ്രായ വ്യത്യാസങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചർച്ച ചെയ്യണമെന്നും ഷി ജിൻപിങ് പറഞ്ഞു. അതിർത്തിയിൽ സമാധാനവും ശാന്തിയും നിലനിറുത്തണമെന്ന് മോദിയും ആവശ്യപ്പെട്ടു.

# രാജകുടുംബത്തിലെ ഭിന്നതയിൽ യൂജെനി രാജകുമാരി അസ്വസ്ഥതയിൽ



ലണ്ടൻ: ബ്രിട്ടീഷ് രാജകുടുംബത്തിലെ ഭിന്നതയിൽ യൂജെനി രാജകുമാരി അസ്വസ്ഥതയിൽ. യൂജെനിയും അവളുടെ സഹോദരി ബിയാട്രിസ് രാജകുമാരിയും ഹാരി രാജകുമാരനുമായും മേഗൻ മാർക്കിളുമായും നല്ല ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. രണ്ട് യോർക്ക് സഹോദരിമാരും ഹാരിയുടെ നല്ല സുഹൃത്തുക്കളാണ്. ഇപ്പോൾ, രാജകുടുംബത്തിലെ ഭിന്നതയുടെ നടുവിൽ യൂജെനി രാജകുമാരിയും അക്ഷരാർത്ഥത്തിൽ പെട്ടിരിക്കുകയാണ്. യൂജെനി ഒരു പ്രയാസകരമായ അവസ്ഥയലാണിപ്പോൾ , കാരണം അവൾ എല്ലായ്പ്പോഴും ഹാരിയുമായി അടുത്തിരുന്നു, എന്നാൽ ഇത് അവളുടെ കുടുംബത്തിലെ മറ്റുള്ളവരുമായുള്ള ബന്ധത്തെ തകർത്തേക്കുമെന്നാണ് വിവരം. യൂജെനിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ അപകടകരമായ ഒരു സ്ഥാനമാണ്, അതിലോലമായ ബാലൻസിങ് ആക്ട് ആവശ്യമായ ഒന്നാണ്. സമീപകാല സംഭവങ്ങളെത്തുടർന്ന് മുതിർന്ന രാജകുടുംബത്തിന്റെ നല്ല വശം നിലനിർത്താൻ യോർക്കുകൾ ആഗ്രഹിക്കുന്നു. അതിനാൽ കുടുംബത്തിന്റെ സമീപകാല നല്ല ശ്രമങ്ങളെ തടസ്സപ്പെടുത്താൻ യൂജെനി തീർച്ചയായും ആഗ്രഹിക്കുന്നില്ല. ഹാരിയെ സംബന്ധിച്ചിടത്തോളം യൂജെനി ഏറ്റവും അടുത്ത രാജകീയ അംഗമാണ് , കുടുംബ സുഹൃത്ത് ഡോ. ആന്റണി വാലർസ്റ്റൈനർ ഔട്ട്ലെറ്റിനോട് പറഞ്ഞു. ആ കസിൻസ് വളരെ അടുത്തവരാണെന്ന് ഞാൻ കരുതുന്നു, അത് നല്ലതാണ്, ഹാരിക്കും കുടുംബത്തിലെ മറ്റുള്ളവർക്കും ഇടയിലുള്ള ഒരു പാലമായി യൂജെനി പ്രവർത്തിക്കുന്നുവെന്ന് ഞാൻ കരുതുന്നു, അത് ശരിക്കും ഉപയോഗപ്രദമാണ്.അതേ അഭിമുഖത്തിൽ, 2018 ഒക്ടോബറിൽ സെന്റ് ജോർജ്ജ് ചാപ്പലിൽ നടന്ന ജാക്ക് ബ്രൂക്ക്സ്ബാങ്കുമായുള്ള യൂജെനിയുടെ രാജകീയ വിവാഹത്തെക്കുറിച്ച് വാലർസ്റ്റൈനർ ഓർത്തു. രാജകുടുംബത്തിന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു, പക്ഷേ ഇത് ഒരുമിച്ചുള്ള ഒരു നിമിഷവും കുടുംബ ബന്ധവും ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിലേക്ക് മടങ്ങുന്നതിന്റെ സൂചനയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


# തുർക്കിയിൽ ഭീകരാക്രമണം; 3 പേർ കൊല്ലപ്പെട്ടു; പിന്നിൽ ഐഎസ് എന്ന് സംശയം



അങ്കാറ: തുർക്കിയിൽ വൻ ഭീകരാക്രമണം. രാജ്യ തലസ്ഥാനമായ അങ്കാറയിലെ ടർക്കിഷ് എയ്റോസ്പേസ് ഇൻഡസ്ട്രിയിലാണ് ഭീകരാക്രമണം നടന്നത്. സ്ഫോടനത്തിലും വെടിവെപ്പിലും മൂന്ന് പേർ കൊല്ലപ്പെട്ടതായും നിരവധി പേർക്ക് പരിക്കേറ്റതായും തുർക്കി ആഭ്യന്തര മന്ത്രി അലി യെർലികായ അറിയിച്ചു. ആക്രമണത്തിൽ രണ്ട് ഭീകരരം കൊല്ലപ്പെട്ടിട്ടുണ്ട്. ഒരുകൂട്ടം ഭീകരർ എയ്റോസ്പേസ് ഇൻഡസ്ട്രീയിൽ നുഴഞ്ഞുകയറി ആക്രമണം നടത്തുകയായിരുന്നു. ഇതിൽ ചാവേറായ ഒരു ഭീകരൻ കൊല്ലപ്പെട്ടു. ആക്രമണം നടത്തിയത് സ്ത്രീയാണെന്നാണ് പ്രാഥമിക നിഗമനം.ഭീകരർക്കായുള്ള തിരച്ചിൽ തുടരുകയാണെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരാണ് ആക്രമണത്തിന് പിന്നിലെന്നാണ് പ്രാഥമിക നിഗമനം.







VENUE FOR YEARS TO COME
CENTURION
BANQUET HALL
3315 MILWAUKEE AVE, NORTHBROOK, IL 60062-7125
SMALL OR LARGE GATHERINGS & SPECIAL OCCASIONS
FOR BOOKING
TEL-224 500 8679, 224 500 8954
centurion3315@gmail.com